**പന്ത്രണ്ടാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

2006 ജൂൺ 29, വ്യാഴം

(ചോദ്യോത്തരങ്ങൾ ഒഴികെ)

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

**ശ്രദ്ധ ക്ഷണിക്കൽ**

(1) തൃശ്ശൂർ മെഡിക്കൽ കോളേജിലും ജില്ലാ ആശുപത്രിയിലും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: തൃശ്ശൂർ നഗരത്തിൽ പ്രവർത്തിച്ചിരുന്ന മെഡിക്കൽ കോളേജ് ആശുപത്രി പൂർണ്ണമായും മുളങ്കുന്നത്തുകാവിലേയ്ക്ക് മാറ്റിയെങ്കിലും അപര്യാപ്തതകൾ നിരവധിയുണ്ട്. 400 കിടക്കകൾ മാത്രമുള്ള ആശുപത്രിയുടെ വിപുലീകരണം, അക്കാഡമിക് ബ്ലോക്ക് ഹോസ്റ്റലുകൾ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ വിപുലീകരണം, ആധുനിക ലാബ് സൗകര്യങ്ങൾ, കാർഡിയാക് തൊറാക്സിക് അടക്കമുള്ള വിഭാഗങ്ങൾ ആരംഭിക്കുക, ആധുനികോപകരണങ്ങൾ ലഭ്യമാക്കുക, ഒഴിവുകൾ നികത്തുക, അവിടെനിന്നും ഷിഫ്റ്റ് ചെയ്ത തസ്തികകൾ തിരിച്ചുകൊണ്ടുവരിക, ജല ലഭ്യത, യാത്രാസൗകര്യം മാലിന്യസംസ്ക്കരണം എന്നിവ

ഉറപ്പുവരുത്തുക തുടങ്ങിയ കാര്യങ്ങൾ അടിയന്തിരമായി ചെയ്യേണ്ടതുണ്ട്. സംസ്ഥാന സർക്കാർ എം.ബി.ബി.എസിന് 50. സീറ്റുകൾ വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തുവെങ്കിലും ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അനുമതി കിട്ടിയിട്ടില്ല. പി.ജി. കോഴ്സുകളുടെ ഐ.എം.സി. പരിശോധനപോലും നടത്തിയിട്ടില്ല. ഇതുരണ്ടും ഈ അദ്ധ്യയനവർഷം ആരംഭിക്കാനുള്ള നടപടി കളുണ്ടാകണം. പോലീസ് സ്റ്റേഷൻ അതിർത്തികളിലായതിനാൽ കേസുകൾ ചാർജ്ജ് ചെയ്യുന്നതിനും പോസ്റ്റ്മോർട്ടം നടത്തുന്നതിനും വളരെ പ്രയാസമുണ്ടാകുന്നു. പഞ്ചായത്ത് വാടക യ്ക്കെടുത്ത കെട്ടിടത്തിൽ പുതിയ പോലീസ് സ്റ്റേഷൻ ഇതുവരെ ആരംഭിച്ചിട്ടില്ല. ജീവനക്കാരുടെ സൗകര്യാർത്ഥം ട്രഷറിയുടെ ഒരു ശാഖ സ്ഥാപിക്കണം. തൃശ്ശൂർ ജില്ലാ ആശുപത്രിയെ ഒരു ഫുൾഫ്ളഡ്ജ്ഡ് ജനറൽ ആശുപത്രിയുടെ പദവിയിലേയ്ക്കുയർത്താൻ നടപടി കൈക്കൊള്ളണം. വിവിധ ചികിത്സാ വിഭാഗങ്ങൾ ആരംഭിച്ചും ആവശ്യമായ സ്റ്റാഫിനെ ലഭ്യമാക്കിയും സാധാരണക്കാരുടെ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. അത്താണി-മുളങ്കുന്നത്തുകാവ് മേൽപ്പാലത്തിന്റെ പണി ത്വരിതപ്പെടുത്തു കയും മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പ്രവൃത്തികൾ പൂർത്തിയാക്കുകയും ആ പ്രദേശം ഒരു ടൗൺഷിപ്പായി ഉയർത്തുകയും വേണം. മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി തൃശ്ശൂർ മെഡിക്കൽ കോളേജിനെ നിർദ്ദിഷ്ട മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനമായി നിശ്ചയിക്കുന്ന തിന് നയപരമായ തീരുമാനമെടുക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): തൃശ്ശൂർ ജില്ലാ ആശുപത്രിയായി പ്രവർത്തിച്ചിരുന്ന മെഡിക്കൽ കോളേജ് ആശുപത്രിയുടെ കെട്ടിടവും അതിനോടനുബന്ധിച്ചുള്ള

സൗകര്യങ്ങളും ഫലപ്രദമായി ഉപയോഗിക്കേണ്ടതുണ്ട്. 1–4–1985–ൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറിയപ്പോൾ തന്നെ മെഡിക്കൽ കോളേജ് ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുകയും, വർഷങ്ങൾ കഴിഞ്ഞ് 2005–ൽ ഏകദേശം 400 കിടക്കകളുള്ള ആശുപത്രി കെട്ടിടം മുളങ്കുന്നത്തുകാവിൽ പണികഴിപ്പിച്ച് മെഡിക്കൽ കോളേജ് ആശുപത്രി അവിടേയ്ക്ക് മാറ്റുകയും ചെയ്തു. അതിനുശേഷം 1–1–2006 മുതൽ മെഡിക്കൽ കോളേജായി പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ 400 കിടക്കകൾക്ക് സൗകര്യമുണ്ടെങ്കിലും നിലവിൽ 240 കിടക്കകൾ മാത്രമുള്ള ജില്ലാ ആശുപത്രി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അവിടെ 36 ഡോക്ടർമാരും 57 നഴ്സുമാരും 19 ഹെഡ് നഴ്സുമാരുമുൾപ്പെടെ 244 ജീവനക്കാരുണ്ട്. ശരാശരി 850 പേർക്ക് ഒ.പി. വിഭാഗത്തിലും 250 പേർക്ക് ഐ.പി. വിഭാഗത്തിലും ചികിത്സ ലഭ്യമാകുന്നുണ്ട്. ധാരാളം സ്ഥലം ഒഴിഞ്ഞുകിടക്കുന്നുണ്ടെങ്കിലും കിടക്കകളുടെ എണ്ണവും അതിന് ആനുപാതികമായി തസ്തികകളുടെ എണ്ണവും വർദ്ധിപ്പിക്കുകയും മറ്റ് സൗകര്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്താൽ മാത്രമേ ജില്ലാ ആശുപത്രിയെ ഒരു ഫുൾ ഫ്ളഡ്ജ്ഡ് ആശുപത്രിയായി പ്രവർത്തിപ്പിക്കാൻ കഴിയൂ. ഗവൺമെന്റിന്റെ ഇന്നത്തെ സാമ്പത്തിക പരിമിതിയിൽ അതിന് വിഷമമുണ്ട്. 6–6–2006–ൽ കൂടിയ ഡി.എം.ഒ.മാരുടെയും ജില്ലാ ആശുപത്രി സൂപ്രണ്ടുമാരുടെയും പ്രത്യേക യോഗത്തിൽ ജില്ലാ ആശുപത്രികളുടെ സ്ഥിതിയെ സംബന്ധിച്ച് വളരെ വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഡോക്ടർമാരുടെ സാങ്ഷൻഡ് പോസ്റ്റിലെ ഒഴിവ് പൂർണ്ണമായി നികത്തിയിട്ടില്ലെങ്കിലും മറ്റു ജീവനക്കാരുടെ ഒഴിവുകൾ ഏകദേശം നികത്തിയിട്ടുണ്ട്. മാത്രമല്ല കുറെക്കാലമായി പ്രവർത്തിക്കാതിരുന്ന കെ.എച്ച്.ആർ.ഡബ്ലിയു.എസ്–ന്റെ

പേവാർഡുകൾ അവരുമായി ബന്ധപ്പെട്ട് തുറന്നുപ്രവർത്തിപ്പിക്കാനാവശ്യ മായ തീരുമാനമെടുത്തിട്ടുണ്ട്. മെഡിക്കൽ കോളേജിൽ പ്രവർത്തിച്ചിരുന്ന 10 ഓപ്പറേഷൻ തിയേറ്ററുകളിൽ നാലെണ്ണവും പി.എച്ച്. ലാബ്, പെയിൻ ആന്റ് പാലിയേറ്റിവ് ക്ലിനിക് എന്നിവയും പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തി മെച്ചപ്പെട്ട നിലയിലാണ് ജില്ലാ ആശുപത്രി പ്രവർത്തിക്കുന്നത്. 19–12–05–ൽ പ്രവർത്തനം ആരംഭിച്ച മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്രയുംവേഗം ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്ക പ്പെടും. 5 നിലകളുള്ള സർജിക്കൽ വിംഗിൽ താഴത്തെ നിലയും മൂന്ന് ഓപ്പറേഷൻ തിയേറ്ററുകളും പ്രവർത്തിക്കുന്നു. രണ്ടാമത്തെ നിലയുടെയും നിലവിലുള്ളതുൾപ്പെടെ 6 ഓപ്പറേഷൻ തിയേറ്ററുകളുടെയും പ്രവർത്തനം ഒരു മാസത്തിനുള്ളിൽ നടത്താൻ സാധിക്കും. ബാക്കി നിലകളുടെ നിർമ്മാണ പ്രവർത്തനങ്ങളും വളരെ പെട്ടെന്നുതന്നെ പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അത് പൂർത്തിയായാൽ 14 ഓപ്പറേഷൻ തിയേറ്ററുകൾ പ്രവർത്തനസജ്ജമാകും. എച്ച്.ഡി.എസ്–ന്റെ സഹായത്തോടു കൂടി ബഡ്ജറ്റ് പ്രൊവിഷൻ ഉപയോഗപ്പെടുത്തിയും കൂടുതൽ തുക ആവശ്യമായി വരുന്നുവെങ്കിൽ ദേശസാൽകൃത ബാങ്കുകളിൽനിന്ന് കടമെടുത്തും സി.ടി. സ്കാനർ പ്രൊവൈഡ് ചെയ്യും. ലബോറട്ടറി സ്ഥാപി ക്കുന്ന കെട്ടിടത്തിന് ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. മലിനജല സംസ്ക്കരണം നടത്തുന്നതിന് ഭരണാനുമതി നൽകിയതനുസരിച്ച് ടെണ്ടർ നടപടികൾ പൂർത്തിയായി ക്കൊണ്ടിരിക്കുന്നു. കൂടാതെ ഇമേജ് എന്ന ഏജൻസിയുടെ മലിനീകരണ സംസ്ക്കരണ പരിപാടിയിൽ തൃശ്ശൂർ മെഡിക്കൽ കോളേജിനെക്കൂടി ഉൾപ്പെടുത്തുന്നതിന് അവരുമായി ഒരു എം.ഒ.യു.വിൽ ഏർപ്പെടുന്നതിന്

നിർദ്ദേശിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലാ ആശുപത്രി പരമാവധി പ്രയോജനപ്പെടുത്തുന്നതിനും തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ വികസനം പൂർത്തീകരിക്കുന്നതിനും വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിന് ഒരു സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തണമെന്നുള്ള നിർദ്ദേശം വളരെ പ്രധാനപ്പെട്ടതാണ്. എന്നാൽ ഇതിനുമുമ്പുതന്നെ വാട്ടർ അതോറിറ്റി, പി.ഡബ്ലിയു.ഡി. എന്നിവയുമായി ബന്ധപ്പെട്ട് ഇതുസംബന്ധിച്ച് ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ഒരു കൊല്ലത്തിനുള്ളിൽത്തന്നെ തൃശ്ശൂർ മെഡിക്കൽ കോളേജിന്റെയും ജില്ലാ ആശുപത്രിയുടെയും പ്രവർത്തനം ഫലപ്രദമായി നടത്താൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്.

(2) <u>ലക്ഷംവീട് കോളനികളിലെയും പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെയും വീടുകളുടെ പുനരുദ്ധാരണവും അടിസ്ഥാന സൗകര്യ വിപുലീകരണവും</u>

<u>ശ്രീ. സാജു പോൾ</u>: അധ:സ്ഥിത പിന്നോക്ക വിഭാഗങ്ങൾക്ക് ഏറ്റവും മുന്തിയ പരിഗണന നൽകുന്ന ഗവൺമെന്റിൽനിന്ന് കെടുതികൾ അനുഭവിക്കുന്ന ലക്ഷംവീട്, നാലുസെന്റ്, പഞ്ചായത്ത്, പട്ടികജാതി-പട്ടികവർഗ്ഗ കോളനി നിവാസികൾ എന്നിവർക്ക് അടിയന്തിര നീതി ലഭ്യമാക്കുന്നതിനാണ് ശ്രദ്ധക്ഷണിക്കുന്നത്. മൂവായിരത്തോളം കോളനികളിലായി ഏകദേശം 30 വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ച 75,000-ത്തോളം വീടുകളുടെ സ്ഥിതി ഇന്ന് അങ്ങേയറ്റം ശോചനീയമാണ്. അവിടെ കുടിവെള്ളം, വൈദ്യുതി, പട്ടയം, കൈവശരേഖ, തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് ഇവയൊന്നുമില്ല. പ്രകൃതി ക്ഷോഭങ്ങളുടെ ഏറ്റവുംവലിയ കെടുതി അനുഭവിക്കുന്ന ലക്ഷംവീട് കോളനികളിൽ രോഗികളും വികലാംഗരും അനാഥരുമായ എല്ലാ ജനവിഭാഗങ്ങളുമുണ്ട്. ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്നതിനുള്ള ദീർഘകാല പദ്ധതി

അടിയന്തിരമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. യു.ഡി.എഫ്. ഗവൺമെന്റ് 10 കോടി രൂപയുടെ ലക്ഷംവീടുകൾ നിയമസഭയിൽ പ്രഖ്യാപിച്ചുവെങ്കിലും യാതൊരു കർമ്മപദ്ധതിയും നടപ്പാക്കിയിട്ടില്ല. സന്നദ്ധ സംഘടനകളെയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ ഏജൻസികളെയും സർക്കാർ സംവിധാനങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് ലക്ഷംവീട് കോളനികൾ പുനരുദ്ധരിക്കാൻ കഴിയണം. അതിന് ആധുനിക സംവിധാനങ്ങൾ ആവിഷ്ക്കരിച്ച് ഒരു കർമ്മ പദ്ധതി അടിയന്തിരമായി ആസൂത്രണം ചെയ്യണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): കയറിക്കിടക്കാനിടമില്ലാത്ത പാവപ്പെട്ട ആളുകൾക്കുവേണ്ടി 1972-ൽ സഖാവ് എം.എൻ. ഗോവിന്ദൻ നായർ മുൻകൈയെടുത്ത് ആവിഷ്ക്കരിച്ച ലക്ഷംവീട് പദ്ധതിയനുസരിച്ച് ഏകദേശം 96,000-ത്തോളം വീടുകൾ പൂർത്തീകരിച്ചു. ഏതാണ്ട് 30 കൊല്ലങ്ങൾക്കുമുമ്പ് നിർമ്മിച്ച വീടുകൾ ഇന്ന് ദ്രവിച്ച് ശോചനീയമായിരിക്കുന്നു. ലക്ഷംവീടുകളിൽ താമസിക്കുന്ന പാവപ്പെട്ട ആളുകളെ സഹായിക്കാൻ എന്തെല്ലാം ചെയ്യാൻ കഴിയുമോ അതെല്ലാം ചെയ്യേണ്ടതാണ്. ലക്ഷം വീടുകൾക്കുവേണ്ടി യു.ഡി.എഫ്. ഗവൺമെന്റ് 10 കോടി രൂപ വാഗ്ദാനം ചെയ്തുവെങ്കിലും അത് നടപ്പാക്കിയതായി കാണുന്നില്ല. 2004-05-ൽ 2500 വീടുകൾക്ക് അനുമതി നൽകിയെങ്കിലും 922 വീടുകളുടെ പണിയാണ് ഇതിനകം പൂർത്തീകരിച്ചിട്ടുള്ളത്. പുതിയ ബഡ്ജറ്റിൽ 2.88 കോടി രൂപ ലക്ഷം വീടുകൾക്കായി മാറ്റിവച്ചിട്ടുണ്ടെങ്കിലും അത് അപര്യാപ്തമാണ്. അത് ഉപയോഗപ്പെടുത്തിയാൽ 1440 വീടുകളുടെ പണി ഏറ്റെടുക്കാൻ കഴിയും. ഇതിൽ പഞ്ചായത്തുകൾ പകുതി വിഹിതം വഹിക്കാൻ തയ്യാറായാൽ അവർക്ക് മുൻഗണന കൊടുക്കും. ഒറ്റ വീടുകൾ നവീകരിക്കുന്നതിനും ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്നതിനുമുള്ള ഈ

പദ്ധതിയിൽ ഒരു വീടിന് മൊത്തം 4000 രൂപയാണ് ചെലവ് കണക്കാക്കുന്നത് അതിൽ പകുതി ഗവൺമെന്റ് വഹിക്കും. ബാക്കി പകുതി പഞ്ചായത്ത് ഏറ്റെടുക്കണം. ഗവൺമെന്റ്, ഹഡ്കോ, തദ്ദേശ ഭരണസ്ഥാപനങ്ങൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരെ ഉൾപ്പെടുത്തി ലക്ഷം വീട് പദ്ധതിയുടെ പുന:ക്രമീകരണത്തിന് രൂപം കൊടുക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. അതിനുള്ള ഒരു രൂപരേഖ ധനകാര്യ വകുപ്പുമന്ത്രി തയ്യാറാക്കി അവതരിപ്പിക്കുകയാണെങ്കിൽ വളരെ വൈകാതെ അത് പ്രാവർത്തികമാക്കാൻ കഴിയും. പാർപ്പിട പദ്ധതിയുടെ കാര്യം പരിഗണിക്കുമ്പോൾ ലക്ഷം വീടുകൾക്ക് പ്രാധാന്യമുള്ളതുപോലെ നാല് സെന്റ് കോളനി, ഹരിജൻ/ ആദിവാസി കോളനികൾ എന്നിവയ്ക്ക് പ്രധാന പങ്കുണ്ട്. കോളനി തലത്തിലുള്ള കമ്മിറ്റികൾ രൂപീകരിക്കാനും സംസ്ഥാന/ജില്ലാ തലങ്ങളിൽ സാമ്പത്തിക സമാഹരണം നടത്തുന്നതിനുവേണ്ടി കമ്മിറ്റികൾ ഉണ്ടാക്കിയെടുക്കാനും ഗവൺമെന്റ് ഭാഗത്തുനിന്ന് എല്ലാ നടപടികളും സ്വീകരിക്കും.

(3) <u>തണ്ണീർമുക്കം ബണ്ട്മൂലം കുട്ടനാട് പ്രദേശങ്ങളിലുണ്ടായിട്ടുള്ള പരിസ്ഥിതി പ്രശ്നങ്ങൾ</u>

(28–6–2006–ന് ശ്രീ. തോമസ് ചാണ്ടി ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിനുള്ള മറുപടി )

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ആലപ്പുഴ–കോട്ടയം ജില്ലകളിലെ ചില പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതിയുടേയും നെൽപാടങ്ങളുടേയും സംരക്ഷണത്തിനാണ് ഡിസംബർ മുതൽ ഏപ്രിൽ വരെയുള്ള കാലഘട്ടത്തിൽ തണ്ണീർമുക്കം ബണ്ട് അടച്ചിടുന്നത്. ഇത് ചില പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഇടവരുത്തിയിട്ടുണ്ട്. നെൽകൃഷിയും മത്സ്യക്കൃഷിയും ഏകോപിപ്പിച്ചുനടത്തുന്ന ഒരു കാർഷിക കലണ്ടർ തയ്യാറാക്കി നടപ്പിലാക്കിയാൽ ഇത്തരം പാരിസ്ഥിതിക പ്രശ്നങ്ങൾ ഒരു പരിധിവരെ തടയാൻ

കഴിയും. ബണ്ട് അടച്ചിടുന്നതിന്റെ കാലാവധി കുറയ്ക്കുന്നതുമൂലം മാലിന്യ പ്രശ്നങ്ങൾ കുറയാൻ സാധ്യതയുണ്ട്. എന്നാൽ കൃഷിക്കും കുടിവെള്ള ത്തിനുമുള്ള ജലത്തിന്റെ മാലിന്യ പ്രശ്നം ഇതുമൂലം വർദ്ധിക്കും. ഷട്ടറുകൾ അടച്ചിടുന്നതുകൊണ്ട് ചിലയിനം മത്സ്യങ്ങളുടെ പ്രജനനത്തിന് തടസ്സം നേരിടുന്നതും ഒഴുക്കില്ലാതാകുന്നതുമൂലം കായലിലെ മാലിന്യങ്ങളുടെ അളവ് വർദ്ധിക്കുന്നതുമാണ്. പായലുകൾ കെട്ടിക്കിടക്കുന്നു. വേമ്പനാട്ട് കായലിലെ കോൾ, തണ്ണീർ തടങ്ങൾ അന്തർദ്ദേശീയ പ്രാധാന്യമുള്ളവയായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ആവാസവ്യവസ്ഥയെ പരിപാലിക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട് വിശദമായ പഠനങ്ങൾ നടത്തി നിർദ്ദേശങ്ങൾ ലഭ്യമാക്കി അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങളു ണ്ടെങ്കിൽ ജനപ്രതിനിധികളുമായി ആലോചിച്ച് നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. തോമസ് ചാണ്ടി</u>:: മുഖ്യമന്ത്രിയുടെ മറുപടി സ്വാഗതാർഹമാണ്. ഇതുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പുമന്ത്രി സ്ഥലം സന്ദർശിക്കണം. രൂക്ഷമായ കുടിവെള്ളപ്രശ്നത്തിലുപരി പോള തിങ്ങിക്കിടക്കുന്ന തോടുകളും ആറുകളും ഗതാഗതത്തെ തടസ്സപ്പെടുത്തുന്നു.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ)</u> : നിലവിലുള്ള കുട്ടനാട് ശുദ്ധജലവിതരണ പദ്ധതികൊണ്ട് ആ പ്രദേശത്തെ കുടിവെള്ള പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് രണ്ടാംഘട്ടമെന്ന നിലയിൽ ഒരു വിപുലീകരണ പദ്ധതിക്ക് ഗവൺമെന്റ് രൂപം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എടത്വാ, തകഴി, മുട്ടേൽ, നെടുമുടി, രാമങ്കരി,

ചമ്പക്കുളം, കാവാലം, നീലംപേരൂർ, പുളിങ്കുന്ന്, കൈനകരി, വെളിയനാട് എന്നീ പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് സഹായത്തോടുകൂടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതിയിലെ ക്വാളിറ്റി അഫക്റ്റഡ് പ്രദേശങ്ങൾക്കുവേണ്ടി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് സ്റ്റേറ്റ് ലവൽ സാംങ്ഷനിംഗ് കമ്മിറ്റിയുടെ പരിഗണനയിലാണ്. കുട്ടനാട്ടിലെ നീരേറ്റുപുറം പാലത്തിനു മുകളിലായി പമ്പാ നദിയുടെ കരയിൽ 6 മീറ്റർ വ്യാസമുള്ള കിണർ സ്ഥാപിച്ച് അതിന്റെ സമീപം ദിനംപ്രതി 14 ദശലക്ഷം ലിറ്റർ ശുദ്ധീകരണശേഷിയുള്ള ശുദ്ധീകരണശാല നിർമ്മിച്ച് നിലവിലുള്ള പദ്ധതി വിപുലീകരിക്കുന്നതിനും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനു പുറമേ മറ്റ് നിരവധി സ്ക്കീമുകളുടെ പ്രവർത്തനങ്ങൾ അവിടെ നടന്നുവരുന്നുണ്ട്. സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി കുട്ടനാട് പ്രദേശം സന്ദർശിക്കുന്നതാണ്.

**സബ്മിഷൻ**

(1) <u>പാളയം സാഫല്യം കോംപ്ളക്സിൽ പ്രവർത്തിക്കുന്ന ജനസേവന കേന്ദ്രത്തിൽ നടന്നതായി പറയപ്പെടുന്ന അക്രമം</u>

<u>ശ്രീ. കെ. സുധാകരൻ:</u> അതിഭീകരവും ക്രൂരവുമായ സംഭവമാണ് ഇന്നലെ തലസ്ഥാന നഗരിയിൽ അരങ്ങേറിയത്. ഇത്തരം സംഭവങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാൻ നടപടികളുണ്ടാകണം. പാളയത്ത് സാഫല്യം കോംപ്ളക്സിൽ പ്രവർത്തിക്കുന്ന ജനസേവന കേന്ദ്രത്തിൽ 28.6.2006-ന് രാവിലെ 10.30-ന് മോട്ടോർ വാഹന വകുപ്പിന്റെ കൗണ്ടറിൽ ആർ.സി. ബുക്കും പണവുമായെത്തിയ ചെറുപ്പക്കാരൻ ടാക്സ് എടുക്കണമെന്ന് ആവശ്യപ്പെട്ടു. മോട്ടോർ വാഹന വകുപ്പിന്റെ കൗണ്ടറിൽ ഇരുന്ന

ബിജു എന്ന ഉദ്യോഗസ്ഥൻ ഇൻഷ്വറൻസ് രേഖകളില്ലാത്തതിന്റെ പേരിൽ ടാക്സ് സ്വീകരിക്കാൻ വിസമ്മതിച്ചു. യൂണിവേഴ്സിറ്റി കോളേജ് യൂണിയൻ ചെയർമാന്റെ വണ്ടിയാണെന്നും ഇത് സ്വീകരിച്ചാൽ മതിയെന്നും ചെറുപ്പക്കാരൻ ആവശ്യപ്പെട്ടു. വാക്കുതർക്കത്തിനുശേഷം ചെറുപ്പക്കാരൻ തിരികെ പോയി. കുറച്ചുസമയത്തിനുശേഷം ഏതാനും ചെറുപ്പക്കാരുമായി മടങ്ങിവന്ന് കൗണ്ടറിൽ നിന്നവരെ വിരട്ടിയോടിച്ചശേഷം ബിജുവിന്റെ കൗണ്ടറിനുമുന്നിലുണ്ടായിരുന്ന കസേരയെടുത്ത് അയാളുടെ തലയ്ക്കടിച്ച് പരിക്കേല്പിക്കുകയായിരുന്നു. തലപൊട്ടിയ ഉദ്യോഗസ്ഥൻ ഗുരുതരമായ പരിക്കുകളോടെ ആശുപത്രിയിലാണ്. അവർ ഓഫീസ് അടിച്ചു തകർക്കുകയും തടുക്കാൻചെന്ന മറ്റ് ജീവനക്കാരെ ആക്രമിക്കുകയും ഫയലുകൾ നശിപ്പിക്കുകയും പല ആവശ്യങ്ങൾക്കായി വന്ന നാട്ടുകാരെ ഉപദ്രവിക്കുകയും ചെയ്തു. യൂണിവേഴ്സിറ്റി കോളേജിലെ എസ്.എഫ്.ഐ. പ്രവർത്തകരാണ് ഈ അക്രമം നടത്തിയത്. ഇത്തരം ധാർഷ്ട്യവും ധിക്കാരപരവുമായ സമീപനം വ്യവസ്ഥാപിത സംവിധാനങ്ങളോടുള്ള വെല്ലുവിളിയാണ്. ഭരണമാറ്റത്തോടെ നീതിയും നിയമവും കയ്യിലെടുക്കുക യാണ് ചെയ്യുന്നത്. ഓഫീസിൽ ചെന്ന് ഉദ്യോഗസ്ഥർക്കുനേരെ നടത്തുന്ന അക്രമത്തിനെതിരെ നടപടിയുണ്ടാകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> തിരുവനന്തപുരത്ത് പാളയത്തുള്ള സാഫല്യം കോംപ്ളെ ക്സിലെ ജനസേവന കേന്ദ്രത്തിൽ 28.06.2006-ന് രാവിലെ 10 മണിക്ക് മോട്ടോർ വാഹന കൗണ്ടറിൽ ചെന്ന് ടാക്സ് അടയ്ക്കണമെന്ന് ഒരാൾ ബിജു എന്ന ഉദ്യോഗസ്ഥനോട് ആവശ്യപ്പെട്ടു. വാഹനത്തിന്റെ ഇൻഷ്വറൻസ് അടച്ച രേഖയുണ്ടെങ്കിൽ മാത്രമേ ടാക്സ് അടയ്ക്കാൻ സാധിക്കുവെന്ന്

ഉദ്യോഗസ്ഥൻ പറഞ്ഞതിനെത്തുടർന്ന് വാക്കുതർക്കമുണ്ടായി. അയാൾ പെട്ടെന്ന് പുറത്തു പോവുകയും കുറച്ചു കഴിഞ്ഞ് ആറ് ചെറുപ്പക്കാരുമായി തിരിച്ചുവരികയും കൗണ്ടറിൽ നിന്നവരെ വിരട്ടിയോടിക്കുകയും ചെയ്ത ശേഷം കൗണ്ടറിനു മുന്നിലുണ്ടായിരുന്ന കസേരയെടുത്ത് ബിജുവിന്റെ തലയ്ക്കടിച്ച് പരിക്കേൽപ്പിച്ചു. സെക്യൂരിറ്റിക്കാരൻ തടഞ്ഞുവച്ച അക്രമികളിൽ ഒരാളായ ബാലരാമപുരം സ്വദേശി പ്രദീപിനെ പിന്നീട് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്യുകയാണുണ്ടായത്. മറ്റ് പ്രതികളെ കണ്ടുപിടിക്കാൻ കന്റോൺമെന്റ് പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമം കയ്യിലെടുക്കാൻ ആരെയും അനുവദിക്കുന്നതല്ല. ആഫീസിൽ കയറി അക്രമം കാണിച്ചവർ ഏതു വിഭാഗത്തിൽപ്പെട്ടവരായാലും അവർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുന്നതാണ്.

(2) <u>ഇന്ത്യൻ പൗരത്വം</u>

<u>ശ്രീ. വി. ശശികുമാർ</u>: ജനിച്ച മണ്ണിൽ വിദേശികളായി കഴിയേണ്ടി വരുന്നവരുടെ കാര്യമാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. സ്വാതന്ത്ര്യത്തിനു മുൻപ് ജോലി അന്വേഷിച്ചും കച്ചവടത്തിനുമായി പാക്കിസ്ഥാനിൽ പോയ ചിലർ ഇന്ത്യാ വിഭജനത്തിനുശേഷം അതിർത്തിയിലെ സങ്കീർണ്ണ സാഹചര്യംമൂലം പാസ്പോർട്ടെടുത്ത് അവിടെത്തന്നെ നിൽക്കാൻ നിർബന്ധിതരായി. വർഷങ്ങൾക്കുശേഷം തിരിച്ചുവന്നപ്പോൾ വിദേശികളെന്ന് മുദ്രകുത്തപ്പെട്ട് അവർക്കിവിടെ നിൽക്കാനുള്ള അനുവാദമില്ലാതായി. പാക്കിസ്ഥാനിൽ അവർക്കു സ്വീകാര്യതയുമില്ലാതായി. രാജസ്ഥാൻ, ഗുജറാത്ത് തുടങ്ങിയ സംസ്ഥാന ഗവൺമെന്റുകളുടെ സമ്മർദ്ദം മൂലം പതിനായിരത്തിൽപ്പരം ആളുകൾക്ക് ഇൻഡ്യൻ പൗരത്വം ലഭിച്ച കാര്യം

പാർലമെന്റിൽ വെളിപ്പെടുത്തിയിട്ടുണ്ട്. വൃദ്ധരായ ആളുകൾക്ക് അവർ ജനിച്ച മണ്ണിൽത്തന്നെ മരിക്കാനുള്ള അനുവാദമുണ്ടാകണം. അവിടെയുള്ള മുസ്ലീങ്ങളായ പലരും മലപ്പുറം, കണ്ണൂർ, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ നിന്നുള്ളവരാണ്. അവർക്ക് എത്രയുംവേഗം ഇൻഡ്യൻ പൗരത്വം ലഭിക്കുന്നതിനു വേണ്ട നടപടിയുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ.വി.എസ്.അച്ചുതാനന്ദൻ): മാനുഷിക പരിഗണന നൽകി കൈകാര്യം ചെയ്യേണ്ട ഒരു പ്രശ്നമാണ്. ഇൻഡ്യ-പാക് വിഭജന സമയത്ത് ഉപജീവനത്തിനായി കറാച്ചിയിലും ലാഹോറിലും ധാരാളം ആളുകൾ പോയിട്ടുണ്ട്. അവരൊക്ക പാക്ക് പൗരത്വം ഉള്ളവരായാണ് രേഖകളിൽ കാണുന്നത്. ഇത്തരം കേസുകൾക്ക് മുന്തിയ പരിഗണന നൽകി ഓരോ കേസ്സും കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ച് പ്രശ്ന പരിഹാരത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(3) സെറ്റോയുടെ സെക്രട്ടേറിയറ്റ് മാർച്ച്

ശ്രീ.എ.പി.അനിൽകുമാർ: സ്റ്റേറ്റ് എംപ്ളോയീസ് ആന്റ് ടീച്ചേഴ്സ് ഓർഗനൈസേഷന്റെ (സെറ്റോ) ആഭിമുഖ്യത്തിൽ ഇന്ന് ഒരു നിയമസഭാ മാർച്ച് നടക്കുകയാണ്. രാഷ്ട്രീയ പ്രേരിതവും മാനദണ്ഡ വിരുദ്ധവും പ്രതികാര ബുദ്ധിയോടും കൂടിയുള്ളതുമായ സ്ഥലംമാറ്റങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഭരണമാറ്റമുണ്ടാകുമ്പോഴുള്ള ചെറിയ സ്ഥലം മാറ്റം സർവ്വസാധാരണമാണ്. പക്ഷെ ഭരണത്തിലേറി ഒരു മാസത്തിനകം നടത്തിയ സ്ഥലംമാറ്റങ്ങൾ തികച്ചും രാഷട്രീയപ്രേരിതമാണെന്ന് എല്ലാവർക്കുമറിയാം. തിരുവനന്തപുരം താലൂക്ക് ആഫീസിലെ യു.ഡി. ക്ളർക്കായ കാൻസർ രോഗി ശ്രീമതി ഉഷാകുമാരിയെ വയനാട്ടിലേയ്ക്ക് സ്ഥലം മാറ്റി. കഴിഞ്ഞ

പണിമുടക്കിൽ പങ്കെടുക്കാത്തതിന് ചൂടുവെള്ളവും ചുടുകട്ടയുംകൊണ്ട് പ്രഹരമേറ്റ ശ്രീമതി വിജയകുമാരി അമ്മയെ കോഴിക്കോട്ടേയ്ക്ക് ട്രാൻസ്ഫർ ചെയ്തു. മറ്റൊരാളെ ഒരു മാസത്തിനുള്ളിൽ മൂന്നിടങ്ങളിലേയ്ക്ക് സ്ഥലം മാറ്റി. ഒരു മാസംകൊണ്ട് ഗവൺമെന്റിന് ഒന്നുംചെയ്യാൻ കഴിയില്ല എന്നുപറഞ്ഞിട്ട് നിരന്തരമായി ഓരോ വകുപ്പിലും സ്ഥലംമാറ്റം നടത്തി ക്കൊണ്ടിരിക്കുന്നു. മനുഷ്യത്വരഹിതമായി, ദയയില്ലാതെ, കാരുണ്യമില്ലാതെ സ്ഥലംമാറ്റുന്ന സമീപനം മാറ്റണം. മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് രാഷ്ട്രീയപ്രേരിതമായി സ്ഥലംമാറ്റം നടത്തുന്നത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്യുതാനന്ദൻ) : ഈ വിഷയം ഈ സമ്മേളനത്തിന്റെ ആദ്യം ഉന്നയിച്ചതാണ്. പുതിയതായി അധികാരത്തിൽ വരുന്ന ഗവൺമെന്റിന്റെ നയപരിപാടികൾ നടപ്പിലാക്കുന്നതിനും ഭരണ പരമായ സൗകര്യങ്ങൾക്കുംവേണ്ടി അത്യാവശ്യം ചില സ്ഥലംമാറ്റങ്ങൾ നട ത്തേണ്ടിവരും. 2001-ൽ അധികാരത്തിൽ വന്ന ആന്റണി സർക്കാർ സെക്രട്ടേ റിയറ്റിലുൾപ്പെടെ വിവിധ വകുപ്പുകളിൽ സ്ഥലംമാറ്റം നടത്തിയിട്ടുണ്ട്. വൈര നിര്യാതന ബുദ്ധിയോടെയുള്ള സ്ഥലംമാറ്റം ഈ സർക്കാർ അംഗീകരിച്ചിട്ടില്ല; അംഗീകരിക്കുകയുമില്ല. സർക്കാർ ജീവനക്കാരെ സ്ഥലം മാറ്റാനുള്ള മാനദ ണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് സ്ഥലം മാറ്റം നടത്തുന്നത്. ഏതെങ്കിലും പ്രത്യേക പ്രശ്നം ഉണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ പരിശോധിക്കുന്നതിന് സർക്കാർ സന്നദ്ധമാണ്. ഇന്നലെ പ്രതിപക്ഷ നേതാവും ഇപ്പോൾ ശ്രീ. അനിൽകുമാറും സൂചിപ്പിച്ച പ്രശ്നം സംബന്ധിച്ച് അന്വേഷിച്ച് നാളെ മറുപടി പറയുന്നതാണ്.

(4) <u>എച്ച്.ഐ.വി. ബാധയും ബാധിതരുടെ പുനരധിവാസവും</u>

<u>ശ്രീ. സി. കെ. പി. പത്മനാഭൻ</u> : സ്റ്റേറ്റ് എയ്ഡ്സ് കൺട്രോളിന്റെ ഭാഗമായി എയ്ഡ്സ് കൺട്രോൾ സൊസൈറ്റി നടത്തിയ സർവ്വേയിലാണ് തളിപ്പറമ്പ്, പയ്യന്നൂർ, മാട്ടൂളി പ്രദേശത്ത് ഇപ്പോൾ 40-ലധികം ആളുകൾക്ക് എയ്ഡ്സുണ്ടെന്ന് മനസ്സിലാക്കിയത്. ഈ രോഗം കൂടുതൽ പകരുന്നത് ഗ്രാമപ്രദേശങ്ങളിലുള്ള സ്ത്രീകളിലും കുട്ടികളിലുമാണ്. അതുകൊണ്ട് വടക്കേ മലബാറിൽ ഇത്തരം രോഗികൾക്കാവശ്യമായ ചികിത്സയും സംരക്ഷണവും ലഭ്യമാക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ</u>) : കേരളത്തിലെ എച്ച്.ഐ.വി. എയ്ഡ്സ് വ്യാപനം തടയാനായി എയ്ഡ്സ് കൺട്രോൾ സൊസൈറ്റി വിവിധ പദ്ധതികൾ വിവിധ തലങ്ങളിൽ ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുകയാണ്. തളിപ്പറമ്പ് താലൂക്ക് ആശുപത്രിയിൽ പ്രവർത്തിക്കുന്ന വോളന്ററി കൗൺസിലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്ററിൽ കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ടുമെന്റിന്റെ സഹകരണത്തോടെ നടത്തുന്ന ലൈംഗികാരോഗ്യ പദ്ധതി, എച്ച്.ഐ.വി. പോസീറ്റിവായ വ്യക്തികളുടെ നേതൃത്വത്തിൽ എയ്ഡ്സ് കൺട്രോൾ സൊസൈറ്റി നടത്തിയ പ്രത്യാശ സെന്ററുകൾ തുടങ്ങിയവവഴി ഇവർക്ക് സേവനങ്ങൾ നൽകിവരുന്നുണ്ട്. കേരളത്തിലെ 5 സർക്കാർ മെഡിക്കൽ കോളേജുകൾ വഴിയും എയ്ഡ്സ് ബാധിതർക്ക് വേണ്ടിവരുന്ന വൈദ്യശാസ്ത്ര ചികിത്സയും മന:ശാസ്ത്ര ചികിത്സയും ഉറപ്പുവരുത്തിയിട്ടുണ്ട്. തളിപ്പറമ്പിലെ എയ്ഡ്സ് ബാധിതരായ 13 പേരിൽ 6 പേർ കോഴിക്കോട് മെഡിക്കൽ കോളേജിൽ ആന്റീ റിട്രോ വൈറൽ ചികിത്സ എടുക്കുന്നുണ്ട്. ലൈംഗികാരോഗ്യ പദ്ധതിയിലെ പ്രവർത്തകരും പ്രത്യാശാ കേന്ദ്രത്തിലെ എച്ച്.ഐ.വി.

എയ്ഡ്സ് പ്രവർത്തകരും ഇവർക്കുവേണ്ട മാനസിക, സാമൂഹിക പിന്തുണ നൽകിവരുന്നു. തീർത്തും അവശരാകുന്ന എയ്ഡ്സ് ബാധിതർക്ക് ശുശ്രൂഷ നൽകാനായി കണ്ണൂരിൽ പ്രവർത്തിക്കുന്ന ജീവോദയ റീഹാബിലിറ്റേഷൻ സെന്ററിൽ കിടത്തി ചികിത്സയും നൽകിവരുന്നുണ്ട്. കൂടാതെ വിവിധ സാമൂഹ്യ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പല പ്രദേശത്തും വെൽഫെയർ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

(5) മുംബൈയിലെ "കൈരളി" വിപണന കേന്ദ്രം അടച്ചുപൂട്ടിയ സംഭവം

ശ്രീ. ജി. കാർത്തികേയൻ : കേരളത്തിലെ കരകൗശല ചാരുതയെ ഇൻഡ്യയിലെ പ്രധാനപ്പെട്ട വൻ നഗരങ്ങളിൽ അവതരിപ്പിക്കുന്നത് കൈരളി എന്ന വിപണന കേന്ദ്രത്തിലൂടെയാണ്. കാൽ നൂറ്റാണ്ടായി മുംബൈയിൽ പ്രവർത്തിക്കുന്ന കൈരളി കരകൗശല വിപണന കേന്ദ്രം ഒരാഴ്ചയായി പൂട്ടി യിട്ടിരിക്കുകയാണ്. കോടിയിലധികം രൂപ വിലവരുന്ന കരകൗശല സാധന ങ്ങൾ റോഡിൽ കെട്ടിയിട്ടിരിക്കുകയും വനിതകളടക്കമുള്ള ജീവനക്കാർ പെരുവഴിയിലുമാണ്. മറ്റ് സംസ്ഥാനങ്ങളിലും ഇത്തരം വിപണന കേന്ദ്ര ങ്ങളുണ്ട്. നഷ്ടപ്പെട്ട സ്ഥലം വീണ്ടെടുത്ത് കൈരളിയുടെ ഷോറൂം നടത്തുന്ന തിനും മലയാളികളുടെ അഭിമാനം കാത്തുസൂക്ഷിക്കുന്നതിനും മറാത്തികളും മലയാളികളും തമ്മിലുള്ള ഒരു പ്രശ്നമായി ഇത് മാറാതിരിക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : കേരള കരകൗശല വികസന കോർപ്പറേഷൻ 1-9-1969-ൽ മുംബൈയിൽ സ്ക്വയർ ഫീറ്റിന് 3 രൂപ നിരക്കിൽ 11,790 രൂപ പ്രതിമാസ വാടകയ്ക്ക് 3,932 സ്ക്വയർ ഫീറ്റ് സ്ഥലം മെസ്സേഴ്സ് ഗായത്രി ട്രസ്റ്റിൽനിന്നും 5 വർഷത്തെ കാലാവധിക്ക് എടുത്താണ്

കൈരളി വിൽപ്പനശാല തുടങ്ങിയത് . അതിനുശേഷം നാളിതുവരെ വാടക പുതുക്കിയിട്ടില്ല. കെട്ടിട ഉടമ സ്ക്വയർ ഫീറ്റിന് 160 രൂപ നിരക്കിൽ 1994 മുതൽ വർദ്ധനവ് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രതിമാസം രണ്ട് ലക്ഷം രൂപയിൽ താഴെമാത്രം വിറ്റുവരവുള്ള മുംബൈ യൂണിറ്റിന് വാടക കൂട്ടി നൽകാൻ കോർപ്പറേഷന് നിർവ്വാഹമില്ലായിരുന്നു. ഷോറൂം നിലനിർത്താനായി 1995-ൽ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് സബ് കമ്മിറ്റി രൂപീകരിക്കുകയും കെട്ടിടം ഉടമയുമായി തിരുവനന്തപുരത്തുവച്ച് ചർച്ച നടത്തുകയും ചെയ്തുവെങ്കിലും ഭീമമായ വാടക വർദ്ധന നിർദ്ദേശത്തിൽനിന്നും പിൻതിരിയാൻ ഉടമ തയ്യാറാകാത്തതിനാൽ ഒത്തുതീർപ്പുണ്ടായില്ല. 1947-ലെ ബോംബെ റെന്റ് കൺട്രോൾ ആക്ടനുസരിച്ച് 1973-ന് മുമ്പ് വാടകയ്ക്കെടുത്ത കെട്ടിടങ്ങൾക്ക് കുടികിടപ്പവകാശ പരിരക്ഷ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനം പ്രവർത്തിച്ചുവരികയായിരുന്നു. എന്നാൽ 1999-ൽ ഈ നിയമം പരിഷ്ക്കരിക്കുകയും ഒരു കോടി രൂപയിൽ കൂടുതൽ മൂലധനമുള്ള കമ്പനികളെ പരിരക്ഷയിൽനിന്നും ഒഴിവാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 17-10-2000-ൽ ഉടമ സ്മാൾ കോസസ് കോടതിയിൽ കേസ് ഫയൽ ചെയ്തു. സർക്കാർ ഉടമസ്ഥതയിലുള്ള കോർപ്പറേഷനായതിനാൽ മഹാരാഷ്ട്ര റെന്റ് കൺട്രോൾ ആക്ട് അനുസരിച്ച് കുടികിടപ്പുകാർ എന്ന പദവിയുടെ പരിരക്ഷ ലഭ്യമാക്കണമെന്നും അതിനാൽ കോർപ്പറേഷനെ വാടക കെട്ടിടത്തിൽനിന്നും ഒഴിവാക്കാൻ കഴിയില്ലെന്നുമുള്ള നിലപാടാണ് കോർപ്പറേഷനും കോടതിയും സ്വീകരിച്ചത്. ഈ കേസിൽ ഉടമയ്ക്ക് അനുകൂലമായി 2004 ജൂൺ 22-ന് വിധിയുണ്ടായതിനെതിരെ 2004 നവംബർ 1-ാം തീയതി അപ്പലേറ്റ് കോടതിയിൽ അപ്പീൽ നൽകുകയും 2006 മാർച്ച് 2-ാം തീയതി അപ്പീൽ തള്ളുകയും ചെയ്തു.

ഇതിനെതിരെ മേയ് 2006-ൽ ഹൈക്കോടതി സിംഗിൾ ബഞ്ചിൽ റിട്ട് അപ്പീൽ നൽകി. എന്നാൽ കോർപ്പറേഷൻ ഇൻഡ്യൻ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കമ്പനി ആയതിനാൽ ഒരു പ്രത്യേക ലീഗൽ സ്റ്റാറ്റസാണുള്ള തെന്നും ആയതിനാൽ ഈ സ്ഥാപനത്തെ ഗവൺമെന്റ് സ്ഥാപനമായി കണ ക്കാക്കാൻ സാധിക്കില്ല എന്നും കണ്ടെത്തി. 7-6-2006-ലെ വിധി പ്രകാരം അപ്പീൽ തള്ളുകയാണുണ്ടായത്. ഈ വിധിക്കെതിരെയുള്ള അപ്പീൽ ഡിവിഷൻ ബഞ്ചിൽ നിലനിൽക്കില്ലെന്ന് കേസ് നടത്തിയ വക്കീലിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്യാനുള്ള നടപടികൾ അഡ്വക്കേറ്റ് ജനറലുമായി ആലോചിച്ചു വരികയാണ്. ഇതിനിടെ 21-06-2006-ന് ഉദ്യോഗസ്ഥരും കെട്ടിട ഉടമയും ചേർന്ന് സ്ഥാപനത്തിന്റെ കൈവശാവകാശം ഏറ്റെടുത്തിരിക്കുകയാണെന്നും അവിടെയുള്ള കരകൗശല വസ്തുക്കൾ ജീവനക്കാരുടെ മുന്നിൽവച്ച് ഉടമ യുടെ ആൾക്കാർതന്നെ നിർബ്ബന്ധിച്ച് പാക്ക് ചെയ്തിരിക്കുകയാണെന്നും ഈ സാധനങ്ങൾ ഉടൻ മാറ്റിയില്ലെങ്കിൽ അത് േ കാടതിക്ക് കൈമാറുമെന്നും കോടതിയെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടെന്ന് മാനേജർ അറിയിച്ചിട്ടുണ്ട്. കേസ് നടത്തിപ്പിൽ വീഴ്ചയുണ്ടായിട്ടുണ്ടോ എന്ന് സർക്കാർ അന്വേഷിക്കുന്നതും വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അതിന് ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്.

(6) <u>കോന്നി മണ്ഡലത്തിലെ പ്രമാടം പഞ്ചായത്തിൽ ഇൻഡോർ സ്റ്റേഡിയം</u>

<u>ശ്രീ. അടൂർ പ്രകാശ്:</u> കോന്നി നിയോജകമണ്ഡലത്തിലെ പ്രമാടം ഗ്രാമപഞ്ചായത്തിൽ ഒരു ഇൻഡോർ സ്റ്റേഡിയം പണിയുന്നതിന് കേന്ദ്ര യുവജനക്ഷേമവും സ്പോർട്ട്സും മന്ത്രാലയത്തിന്റെ 67.50 ലക്ഷം രൂപയുടെ അനുമതി 29-3-2005-ൽ ലഭിച്ചിട്ടുണ്ട്. എം.എൽ.എ. ഫണ്ട് കൂടി ഇതിനായി

വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. രണ്ട് ഘട്ടമായി പണി പൂർത്തിയാക്കാൻ ഏതാണ്ട് ഒന്നരക്കോടി രൂപ വേണ്ടിവരും. ആദ്യത്തെ എസ്റ്റിമേറ്റ് 121.75 ലക്ഷം രൂപയായിരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഹൗസിംഗ് ബോർഡാണ് സൂപ്പർവൈസിംഗ് ഏജൻസി. ലോക്കൽ എം.എൽ.എ. ചെയർമാനും ജില്ലാ കളക്ടർ കൺവീനറുമായി ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റനുസരിച്ചുള്ള ഭരണാനുമതി ലഭിക്കാത്തതുകൊണ്ട് പ്രീ ക്വാളിഫിക്കേഷൻ ടെന്റർ വിളിക്കുവാൻ സാധിച്ചിട്ടില്ല. 2006 ഒക്ടോബറിന് മുമ്പ് പണി തുടങ്ങിയതിന്റെ പ്രോഗ്രസ്സ് റിപ്പോർട്ട് നൽകിയാലേ കേന്ദ്ര ഫണ്ട് ലഭിക്കുകയുള്ളൂ. വരുന്ന ഒരാഴ്ചയ്ക്കുള്ളിൽത്തന്നെ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭ്യമാക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കേന്ദ്ര യുവജനക്ഷേമ മന്ത്രാലയം പ്രമാടം ഗ്രാമപഞ്ചായത്തിൽ ഒരു ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 67.50 ലക്ഷം രൂപ അനുവദിച്ചു. 121.75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചപ്പോഴാണ് പ്രസ്തുത തുക കേന്ദ്ര ഗ്രാന്റായി യുവജനക്ഷേമവും സ്പോർട്ട്സും മന്ത്രാലയം അനുവദിച്ചത്. സംസ്ഥാന സർക്കാരിന്റെ വിഹിതം ചെലവഴിച്ചശേഷം കേന്ദ്ര ഗ്രാന്റിനായി 29-03-2007-നകം ബന്ധപ്പെട്ട രേഖകൾ കേന്ദ്ര യുവജനക്ഷേമവും സ്പോർട്ട്സും മന്ത്രാലയത്തിന് സമർപ്പിക്കണം. സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിന് നേരിട്ട് ബാധ്യതയില്ല. കേന്ദ്ര ഗ്രാന്റിനുപുറമെ എം.എൽ.എ. ഫണ്ടിൽ നിന്നും 30 ലക്ഷം രൂപയും ബാക്കി തുക പ്രമാടം ഗ്രാമ പഞ്ചായത്തിന്റെ ഫണ്ടിൽനിന്നും ചെലവഴിച്ചുകൊള്ളാമെന്ന് ഉഭയകക്ഷി

ചർച്ചയിൽ ധാരണയായിട്ടുണ്ട്. ഈ പദ്ധതി 98 ലക്ഷം രൂപയുടേയും 48 ലക്ഷം രൂപയുടേയും 2 ഘട്ടങ്ങളായിട്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇത് കേന്ദ്ര സർക്കാരിന് ആദ്യം സമർപ്പിച്ച 121.75 ലക്ഷം രൂപയേക്കാൾ അധികമാണ്. ഇക്കാര്യവും എം.എൽ.എ.ഫണ്ട് വിനിയോഗിക്കുന്ന കാര്യവും സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിലേയ്ക്കയച്ചു. എം.എൽ.എ. ഫണ്ട് ഇൻഡോർ സ്റ്റേഡിയത്തിനായി ഉപയോഗിക്കാവുന്നതാണെന്ന് ധനകാര്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. അതിന് ഉടൻതന്നെ ഭരണാനുമതി നൽകുന്ന തിനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

(7) <u>പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽകുളത്തിന്റെ പണി</u>

<u>ശ്രീമതി ജെ. അരുന്ധതി</u>: ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് വാമനപുരത്ത് ആരംഭിച്ച പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽക്കുളത്തിന്റെ പണി പുനരാരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ. എം. വിജയകുമാർ</u>): പ്രസ്തുത നീന്തൽ കുളത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനമായ പൈൽ ഫൗണ്ടേഷൻ 2000 സെപ്റ്റംബറിൽ പൂർത്തിയായി. രണ്ടാം ഘട്ടത്തിലെ ഡൈവിംഗ് പൂൾ, റെയ്സിംഗ് പൂൾ, ഡോർമെറ്ററി, ഗ്യാലറി തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനം പൊതുമേഖലാ സ്ഥാപനമായ മെസേഴ്സ് ഹിന്ദുസ്ഥാൻ സ്റ്റീൽ വർക്സ് കൺസ്ട്രക്ഷൻ ലിമിറ്റഡ്-നെ ഏൽപ്പിച്ചിരുന്നുവെങ്കിലും വിവിധ കാരണങ്ങളാൽ 2001 ഏപ്രിൽ മുതൽ പണി നടന്നില്ല. അപ്പോൾ 60 ശതമാനം പണി പൂർത്തിയായിക്കഴിഞ്ഞിരുന്നു. ശേഷിക്കുന്ന പണികൾ ചേർത്തല യിലുള്ള ചാരങ്ങാട് എഞ്ചിനീയറിംഗ് കൺസ്ട്രക്ഷൻ (പ്രൈവറ്റ്) ലിമിറ്റഡ്

കമ്പനിക്ക് ആദ്യ കരാർ കമ്പനിയുടെ റിസ്ക് ആന്റ് കോസ്റ്റിൽ ഏർപ്പിക്കുകയും 2005 ഫെബ്രുവരി മാസം കരാർ ഒപ്പിടുകയും ചെയ്തിട്ടുണ്ട്. 2005 മാർച്ച് മാസം ആരംഭിച്ച പണിയുടെ കരാർ 21-2-2006-ൽ അവസാനിച്ചു. ഇപ്പോൾ പണി പുരോഗമിച്ചുവരികയാണ്. കരാറിന്റെ കാലാവധി 2006 നവംബർ വരെ ദീർഘിപ്പിച്ച് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

(8) പുതിയ സ്കൂളുകൾ ആരംഭിക്കേണ്ടതിന്റേയും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യേണ്ടതിന്റേയും ആവശ്യകത

ശ്രീ. സി. ടി. അഹമ്മദ് അലി: സംസ്ഥാനത്തെ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ കാസർകോട്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ കുട്ടികൾ പ്ലസ് ടുവിന് പ്രവേശനം നേടാനാകാതെ ബുദ്ധിമുട്ടുകയാണ്. ഈ ജില്ലകളിലെ സ്കൂളുകളിൽ പ്ലസ് ടു അനുവദിക്കുകയും ഉള്ളവയിൽ സീറ്റുകൾ വർദ്ധിപ്പിക്കുകയും ചെയ്യണം. ഹൈസ്ക്കൂളും പ്ലസ് ടു സ്ക്കൂളുമില്ലാത്ത പഞ്ചായത്തുകൾ കേരളത്തിലുണ്ട്. 5-ാം ക്ളാസ് വരെയുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനുള്ള നടപടി സ്വീകരിക്കണം. പുതിയ പ്രൈമറി സ്കൂളുകളും പ്ലസ് ടു സ്കൂളും വി.എച്ച്.എസ്.എസും അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഗവൺമെന്റ് സ്കൂളുകളുടെയും എയിഡഡ് സ്കൂളുകളുടെയും കാര്യത്തിൽ ചില സ്ഥലങ്ങളിൽ ആവശ്യത്തിന് വിദ്യാർത്ഥികൾ ഇല്ല എന്ന പ്രശ്നം നിലനിൽക്കുന്നുണ്ട്. ഹൈസ്കൂളുകൾ ഒന്നുപോലുമില്ലാത്തത് കണ്ണൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്തിലും കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിലുമാണ്. ഗവൺമെന്റ് സ്കൂളുകളുടേയും

എയിഡഡ് സ്കൂളുകളുടേയും കാര്യത്തിൽ കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയിൽ വലിയൊരു അസന്തുലിതാവസ്ഥ ഉണ്ടായിട്ടുണ്ട്. സമഗ്രമായി പഠിച്ചു മാത്രമേ പുതുതായി സ്കൂളുകൾ അനുവദിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുള്ളൂ. വ്യക്തമായ കാഴ്ചപ്പാടിന്റേയും പഠനത്തിന്റെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമേ നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ പാടുള്ളൂ എന്ന സമീപനമാണ് ഈ ഗവൺമെന്റിനുള്ളത്. ഹയർ സെക്കന്ററിക്കു ഇന്നുള്ള സീറ്റുകൾക്കു പുറമേ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളും. ഐ.ടി.ഐ., പോളിടെക്നിക് തുടങ്ങിയ സ്ഥാപനങ്ങളുമുണ്ട്. പ്ലസ് ടു പ്രവേശനവുമായി ബന്ധപ്പെട്ട് രൂക്ഷമായ പ്രശ്നം വരികയാണെങ്കിൽ, അതു പരിശോധിച്ച് ഉചിതമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(9) <u>കായംകുളം താലൂക്ക് രൂപീകരണം</u>

<u>ശ്രീ. സി. കെ. സദാശിവൻ:</u> കായംകുളം മുനിസിപ്പാലിറ്റിയിലെ കാർത്തികപ്പള്ളി താലൂക്കിൽപ്പെടുന്ന വാർഡുകൾ പൂർണ്ണമായും, മുതുകുളം, പത്തിയൂർ, കണ്ടല്ലൂർ കൃഷ്ണപുരം, ദേവികുളങ്ങര പഞ്ചായത്തുകളും മാവേലിക്കര താലൂക്കിലെ കൃഷ്ണപുരം, ഭരണിക്കാവ്, വള്ളിക്കുന്നം, പഞ്ചായത്തുകളും ചെട്ടിക്കുളങ്ങര പഞ്ചായത്തിലെ കായംകുളം മണ്ഡലത്തോടു ചേർന്നു കിടക്കുന്ന ചില വാർഡുകളും ചേർത്ത് കായംകുളം താലൂക്ക് രൂപീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. രാജേന്ദ്രൻ:)</u> കായംകുളം ഉൾപ്പെടെ 16 താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് നായനാർ സർക്കാരിന്റെ കാലത്ത് തീരുമാനം എടുത്തിരുന്നു. എന്നാൽ തുടർന്ന് അധികാരത്തിൽവന്ന

യു.ഡി.എഫ്. ഗവൺമെന്റ് ഒരു നടപടിയും സ്വീകരിച്ചില്ല. കായംകുളം താലൂക്ക് രൂപീകരിക്കുന്ന കാര്യം പ്രത്യേകമായി പരിഗണിക്കുന്നതാണ്.

(10) കാൽവറി മിഷൻ ട്രസ്റ്റ് നടത്തി വരുന്ന അനധികൃത പണപ്പിരിവ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഭവനരഹിതരായ പാവപ്പെട്ട ആളുകൾക്ക് 1,35,000 രൂപ വിലമതിക്കുന്ന വീടു വച്ചുകൊടുക്കാമെന്നും ഗവൺമെന്റിന്റെ പദ്ധതിയാണെന്നും പറഞ്ഞ് തെറ്റിദ്ധരിപ്പിക്കത്തക്ക വിധത്തിൽ അടൂർ അടങ്ങുന്ന പ്രദേശങ്ങളിൽ കാൽവറി മിഷൻ ട്രസ്റ്റ് (ചെന്നൈ), മംഗലത്തു കൺസ്ട്രക്ഷൻസ്, കല്ലുവാതിൽക്കൽ (കൊല്ലം) എന്നീ മേൽവിലാസങ്ങളിൽ ഏജൻസികൾ പ്രവർത്തിക്കുന്നു. ജനങ്ങളുടെ കയ്യിൽ നിന്നും ആയിരം രൂപ രജിസ്ട്രേഷനായി വാങ്ങുകയും ചില രേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. ഈ തട്ടിപ്പ് തടയാനുള്ള നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ((ശ്രീ. കോടിയേരി ബാലകൃഷ്ണൻ:) പത്തനംതിട്ടയിൽ പ്രവർത്തിക്കുന്ന മംഗലത്തു കൺസ്ട്രക്ഷൻസ്, കാൽവറി മിഷൻ ട്രസ്റ്റിന്റെ സാന്ത്വനം എന്നീ സ്ഥാപനങ്ങൾ സൗജന്യ ഭവന നിർമ്മാണ പദ്ധതിയുടെ പേരിൽ അപേക്ഷകൾ സ്വീകരിക്കുന്നതായും രജിസ്ട്രേഷൻ ഫീസായി 950 രൂപ പിരിക്കുന്നതായും ഇതുവരെ അഞ്ഞൂറിലധികം ആളുകൾ ഇത്തരത്തിൽ അവിടെ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതായും അറിയുന്നു. കാൽവറി മിഷൻ ട്രസ്റ്റിന്റെ സ്ഥാപനമോ അതിന്റെ ബ്രാഞ്ചുകളോ പത്തനംതിട്ടയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നതായി ഒരു റിക്കോർഡും കാണുന്നില്ല. കൊല്ലം കല്ലുവാതിൽക്കൽ മംഗലത്തു വീട്ടിൽ വസുന്ധര, കാൽവറി മിഷൻ ട്രസ്റ്റിന്റെ

പേരിൽ 950 രൂപ വീതം രജിസ്ട്രേഷൻ ഫീസ് വാങ്ങുന്നതായി അടൂർ പോലീസ് സ്റ്റേഷനിലും ഡി.ജി.പി.ക്കും പരാതി ലഭിച്ചിട്ടുണ്ട്. ആ പരാതിയെ പ്പറ്റി വിശദമായി അന്വേഷണം ആരംഭിക്കാനും എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(11) കടങ്ങോട്-തെക്കുംകര ശുദ്ധജല വിതരണ പദ്ധതികൾ.

ശ്രീ.എ.സി.മൊയ്തീൻ: കടങ്ങോട്, എരുമപ്പെട്ടി, വേലൂർ, മുണ്ടത്തിക്കോട് എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള 90 ശതമാന ത്തോളം പണി പൂർത്തീകരിച്ച കടങ്ങോട് ശുദ്ധജല വിതരണ പദ്ധതിയും 325 ലക്ഷം രൂപയുടെ അടങ്കൽ തുക നിശ്ചയിച്ചിരുന്ന തെക്കുംകര ശുദ്ധജല വിതരണ പദ്ധതിയും സമയബന്ധിതമായി പൂർത്തീകരിച്ച് ജനങ്ങൾക്ക് ശുദ്ധജലം നല്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): വളരെ പ്രധാനപ്പെട്ടതും പ്രതിദിനം നാല് ദശലക്ഷം ലിറ്റർ വെള്ളം ലഭ്യമാക്കാൻ വിഭാവനം ചെയ്തിട്ടുള്ളതുമായ ഒരു പദ്ധതിയാണ് കടങ്ങോട് ശുദ്ധജല വിതരണ പദ്ധതി. 720 ലക്ഷം രൂപയുടെ ഭരണ-സാങ്കേതികാനുമതികൾ ലഭിച്ചിട്ടുള്ള ഈ പദ്ധതിയുടെ മിക്കവാറും പണികൾ പൂർത്തിയായിട്ടുണ്ട്. 2006 സെപ്റ്റംബർ മാസത്തിൽ ഈ പദ്ധതി ഭാഗികമായി കമ്മിഷൻ ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രതിദിനം 1.60 ദശലക്ഷം ലിറ്റർ ശുദ്ധജലം തെക്കുംകര വില്ലേജിനു ലഭ്യമാക്കാൻവേണ്ടി വിഭാവനം ചെയ്തിട്ടുള്ളതാണ് തെക്കുംകര ശുദ്ധജല വിതരണ പദ്ധതി. കേന്ദ്ര ഗവൺമെന്റിന്റെ ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഈ പദ്ധതിയുടെ മിക്കവാറും പണികൾ പൂർത്തി

യായിട്ടുണ്ട്. ഈ പദ്ധതി 2007–ൽ പൂർണ്ണമായും കമ്മിഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(12) ആലപ്പുഴ മെഡിക്കൽ കോളേജിലെ സൗകര്യങ്ങൾ.

ശ്രീ. കെ.സി. വേണുഗോപാൽ : ഏറ്റവും കൂടുതൽ അപകടങ്ങൾ നടക്കുന്ന ദേശീയപാതയുടെ ഓരത്താണ് ആലപ്പുഴ മെഡിക്കൽകോളേജ് ആശുപത്രി സ്ഥിതിചെയ്യുന്നത്. അവിടെ ആവശ്യത്തിന് ഡോക്ടർമാരും സ്റ്റാഫും ഇല്ല. ജില്ലാ ആശുപത്രിയും സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയും വണ്ടാനത്ത് ഒരേ കോംപൗണ്ടിലേയ്ക്ക് മാറ്റാനും ഒഴിവുകൾ നികത്താനും ശോച്യാവസ്ഥ പരിഹരിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : ആലപ്പുഴ മെഡിക്കൽകോളേജാശുപത്രിയിലെ നിലവിലുള്ള വേക്കൻസികൾ നികത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ തുടങ്ങി ക്കഴിഞ്ഞിട്ടുണ്ട്. റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ ഒരു പ്രൊഫസറുടേയും ഒരു അസോസിയേറ്റഡ് പ്രൊഫസറുടേയും ഒരു അസിസ്റ്റന്റ് പ്രൊഫസറുടേയും മൂന്ന് ലക്ചറർമാരുടേയും തസ്തികകളാണ് ഉള്ളത്. അതിൽ ഒരു അസോസിയേറ്റഡ് പ്രൊഫസറുടേയും ഒരു ലക്ചററുടേയും തസ്തികകൾ ഇപ്പോൾ ഒഴിഞ്ഞു കിടക്കുകയാണ്. ബാക്കിയുള്ള ലക്ചറർമാരിൽ ഒരാൾ അനധികൃതമായി ജോലിയിൽനിന്ന് വിട്ടുനിൽക്കുകയാണ്. മറ്റൊരാൾ പ്രസവാവധിയിലുമാണ്. മെഡിക്കൽ കോളേജ് വണ്ടാനത്തേയ്ക്ക് മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് പീഡിയാട്രിക് വിഭാഗമുൾപ്പെടെ അങ്ങോട്ട് മാറ്റും. ഇപ്പോൾ മെഡിക്കൽകോളേജ് ആശുപത്രി പ്രവർത്തിക്കുന്ന നാഷണൽ ഹൈവേയുടെ

ഓരത്തുള്ള കെട്ടിടം ജില്ലാ ആശുപത്രിക്കുവേണ്ടി പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കും. ജില്ലാ ആശുപത്രി പ്രവർത്തിക്കുന്ന ബീച്ച് ആശുപത്രി കെട്ടിടവും സൗകര്യങ്ങളുമെല്ലാം അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും ആശുപത്രിയെന്ന നിലയിൽ പ്രവർത്തിപ്പിക്കാനുള്ള നിർദ്ദേശവും വന്നിട്ടുണ്ട്. ഈ മൂന്ന് ആശുപത്രികളും പോരായ്മകൾ പരിഹരിച്ച് മുന്നോട്ടുകൊണ്ടുപോകാൻ നടപടി സ്വീകരിക്കും. ഏതാനും ദിവസങ്ങൾക്കകം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിലോ ആലപ്പുഴ മണ്ഡലത്തിലുള്ള രണ്ട് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിലോ ആലപ്പുഴ മെഡിക്കൽ കോളേജിലും ജില്ലാ ആശുപത്രിയിലും നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ചർച്ചയും അതിനെത്തുടർന്നുള്ള ഫലപ്രദമായ ഇടപെടലും ഉണ്ടാകുന്നതാണ്.

### (13) പീരുമേട് താലൂക്കിലെ തോട്ടം തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട്.

ശ്രീമതി ഇ.എസ്. ബിജി മോൾ : പീരുമേട് നിയോജകമണ്ഡലത്തിൽ വ്യവസായ പ്രതിസന്ധിയെത്തുടർന്ന് പൂട്ടിക്കിടക്കുന്ന തേയില തോട്ടങ്ങളിൽ പണിയെടുത്തിരുന്ന നിരവധി തൊഴിലാളികൾ ചികിൽസ കിട്ടാതെ മരണമടയുകയും കുട്ടികൾ പഠിക്കാൻ നിവൃത്തിയില്ലാതെ ആത്മഹത്യ ചെയ്യുകയും ചെയ്തുകൊണ്ടിരിക്കുന്നു. ലയങ്ങൾ അറ്റകുറ്റപ്പണി ചെയ്യാത്തതുമൂലം താമസയോഗ്യമല്ലാതായിത്തീർന്നിരിക്കുന്നു. ഗവൺമെന്റ് ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): തേയില വ്യവസായത്തിലെ പ്രതിസന്ധിയുടെ മറവിൽ ഒരു കാലത്ത് വൻതോതിൽ ലാഭം കൊയ്തിരുന്ന തോട്ടം ഉടമകൾ പീരുമേടിലെ അവരുടെ

ഏതാനും തോട്ടങ്ങൾ അടച്ചുപൂട്ടിയിരിക്കുന്ന സാഹചര്യത്തിൽ തൊഴിലാളി സംഘടനകൾ അവശതയനുഭവിക്കുന്ന തൊഴിലാളി കുടുംബങ്ങൾക്ക് സൗജന്യമായി അരി വിതരണം ചെയ്യുകയുണ്ടായി. ഇതിനൊരു പരിഹാരമായി ഗവൺമെന്റ് റേഷൻ വിതരണം നടത്തുകയും കുട്ടികളുടെ പഠനത്തിനും മറ്റും ആവശ്യമായ സഹായങ്ങൾ ചെയ്യുകയും ചെയ്തിട്ടുണ്ട്. പോരായ്മകൾ പരിഹരിക്കാൻ ആവശ്യമായിട്ടുള്ള എല്ലാ കാര്യങ്ങളും ചെയ്യാൻ ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. തകർന്നുവീഴാറായ 4500–ലധികം ലയങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ സഹായം നൽകുന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ചുവരുന്നു. സ്ഥിതിഗതികൾ നേരിട്ട് മനസ്സിലാക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും റവന്യൂ വകുപ്പുമന്ത്രിയും ഞാനും പീരുമേട് സന്ദർശിച്ച് സത്വര നടപടി സ്വീകരിക്കുന്നതാണ്. അടച്ചിട്ട തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനും ആവശ്യമായ സഹകരണം തോട്ടം ഉടമകളുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

(14) കൊട്ടാരക്കരയിൽ കോടതി സമുച്ചയം

ശ്രീമതി പി. അയിഷാ പോറ്റി: കൊട്ടാരക്കരയിൽ ഒരു കോടതി സമുച്ചയം നിർമ്മിക്കുന്നതിന് തുക അനുവദിച്ചെങ്കിലും റവന്യൂ വകുപ്പ് നൽകാമെന്നേറ്റിരുന്ന 30 സെന്റ് സ്ഥലം അപര്യാപ്തമാണെന്ന് ഹൈക്കോടതി അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ കൊട്ടാരക്കര ബസ്സ് സ്റ്റാന്റിനടുത്തോ തൃക്കണ്ണമംഗലത്തോ ഉള്ള കെ.ഐ.പി.യുടെ ഉടമസ്ഥതയിലുള്ള അനുയോജ്യമായ 70 സെന്റ് സ്ഥലം വിട്ടുകൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കൊട്ടാരക്കര വില്ലേജിൽ കെ.ഐ.പി. യുടെ ഉടമസ്ഥതയിലുള്ള 34.4 ആർ ഭൂമി കോടതി സമുച്ചയ നിർമ്മാണത്തിന് വിട്ടുകൊടുക്കണമെന്ന് ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിട്ടുള്ളതും ഭൂമി കൈമാറ്റത്തിനാവശ്യമായ നടപടികൾ നടന്നുവരുന്നതുമാണ്. അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ള സ്ഥലം അപര്യാപ്തമാണെന്ന ഹൈക്കോടതിയുടെ അഭിപ്രായം പരിഗണിച്ച് ബസ് സ്റ്റാന്റിനടുത്തോ തൃക്കണ്ണമംഗലത്തോ കെ.ഐ.പി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലം പരിശോധിച്ച് അനുയോജ്യമായ ഭൂമി അനുവദിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

(15) ചാത്തനാട്ട് ഒരു ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വി.ഡി. സതീശൻ: ഏഴിക്കര പഞ്ചായത്തിലെ ചാത്തനാട്ട് കേന്ദ്രമായി ഒരു ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): പറവൂർ നിയോജകമണ്ഡലത്തിലെ ഏഴിക്കര ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിന് എറണാകുളം ജില്ലാ പഞ്ചായത്ത് ഏഴര ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും ഉൾനാടൻ മത്സ്യബന്ധന യാനത്തിനു മാത്രമായി ചെറിയ ലേലപ്പുരയും അനുബന്ധ സൗകര്യങ്ങളുമുള്ള ഫിഷ് ലാന്റിംഗ് സെന്ററിന്റെ പണി ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിനെയും മുനമ്പം ഡിവിഷനെയും ഏല്പിക്കുകയും ചെയ്തു. ഇതിന്റെ ടെണ്ടർ ക്ഷണിച്ചെങ്കിലും 15 ശതമാനം

എസ്റ്റിമേറ്റ് നിരക്കിന് മുകളിൽ ക്വാട്ട് ചെയ്തതിനാലും ജില്ലാ പഞ്ചായത്തുകൾക്ക് നിർമ്മാണ പ്രവൃത്തികൾക്ക് ടെൻ്റർ അധികം അനുവദനീയമല്ലാത്തതിനാലും എക്സിക്യൂട്ടീവ് എഞ്ചിനീയർ ബന്ധപ്പെട്ട വരുമായി ചർച്ച നടത്തിവരികയാണ്.

(16) കൊടുവള്ളി ഹെൽത്ത് സെൻ്ററിൻ്റെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ പുന:രാരംഭിക്കേണ്ടതിൻ്റെ ആവശ്യകത

ശ്രീ.പി.ടി.എ. റഹിം: കൊടുവള്ളി പി.എച്ച്.സി. 26–11–2002–ൽ കമ്മ്യൂണിറ്റി ഹെൽത്ത് സെൻ്ററായി ഉയർത്തുകയും 15–2–2003–ൽ നാട്ടുകാർ സൗജന്യമായി നൽകിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുകയും അന്നു തന്നെ ഈ സ്ഥാപനം പൂട്ടുകയും ചെയ്തു. ഈ സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കാനാവശ്യമായ നടപടിയുണ്ടാകണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): കൊടുവള്ളി ഗ്രാമ പഞ്ചായത്ത് നിർമ്മിച്ച പുതിയ കെട്ടിടത്തിലെ വൈദ്യുതീകരണ പ്രവൃത്തികൾ എത്രയുംവേഗം പൂർത്തീകരിക്കുന്നതും ഓപ്പറേഷൻ തിയേറ്റർ, ലബോറട്ടറി, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതും ഡോക്ടർമാർ ഉൾപ്പെടെയുള്ള അധിക തസ്തികകൾ സർക്കാരിൻ്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് സൃഷ്ടിക്കുന്നതുമാണ്. സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് കൊടുവള്ളി സാമൂഹിക ആരോഗ്യ കേന്ദ്രം പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(17) മാവേലിക്കരയിലെ സ്വകാര്യ കശുവണ്ടി ഫാക്ടറിത്തൊഴിലാളികൾക്ക് ആശ്വാസ ക്ഷേമനിധി

ശ്രീ. എം. മുരളി: മാവേലിക്കരയിലെ 9 സ്വകാര്യ കശുവണ്ടി ഫാക്ടറികളിൽ പണിയെടുക്കുന്ന ഏഴായിരത്തോളം തൊഴിലാളികളിൽ

25–ൽ താഴെ തൊഴിലാളികളെ മാത്രമാണ് സ്ഥിരം തൊഴിലാളികളായി അംഗീകരിച്ച് ക്ഷേമനിധിയും ഇ.എസ്.ഐ. ആനുകൂല്യങ്ങളും പ്രോവിഡന്റ് ഫണ്ടിൽ അംഗത്വവും നൽകിയിട്ടുള്ളത്. ബഹുഭൂരിപക്ഷം വരുന്ന തൊഴിലാളികളെ മേൽപ്പറഞ്ഞ ആനുകൂല്യങ്ങളിൽനിന്ന് മന:പൂർവ്വം ഒഴിവാക്കിയിരിക്കുകയാണ്. തൊഴിലാളികൾക്ക് മേൽപ്പറഞ്ഞ ആനുകൂല്യ ങ്ങൾ ലഭ്യമാക്കാൻ കർശന നടപടികൾ സ്വീകരിക്കണം..

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ പി.കെ. ഗുരുദാസൻ): മുടങ്ങിക്കിടക്കുന്ന ക്ഷേമപദ്ധതികൾ പുന:രാരംഭിക്കാൻ പരിശ്രമം ആരംഭിച്ചിട്ടുണ്ട്. തൊഴിലുടമകൾ തൊഴിലാളികളുടെ ക്ഷേമനിധി വിഹിതം, പി.എഫ് എന്നിവ പിരിച്ചിട്ട് ഫണ്ടിൽ അടയ്ക്കാതിരിക്കുന്നതിന് എതിരായ നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. തൊഴിലാളികൾക്ക് ജോലിസ്ഥിരത, മറ്റാനുകൂല്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന തോടൊപ്പം ഗവൺമെന്റിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനവും ശക്തിപ്പെടുത്തുന്നതാണ്. തൊഴിലാളി സംഘടനകൾ സഹകരിച്ചാൽ തൊഴിലാളികളെ ക്ലേശകരമായ ജീവിതത്തിൽനിന്ന് സംരക്ഷിക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കർശനമായ നടപടികൾ ഉണ്ടാകും.

### (18) അബ്ദുൾ റഹിമാന്റെ കൊലപാതകം

ശ്രീ. സി.എച്ച് കുഞ്ഞമ്പു : കാസർകോട് ടൗണിലെ ചെർക്കളത്ത് 2002 സെപ്റ്റംബർ 26–ാം തീയതി വീടിനകത്ത് അതിപൈശാചികമായ നിലയിൽ കൊലചെയ്യപ്പെട്ട അബ്ദുൾ റഹിമാൻ സി.പി.ഐ.(എം).ന്റെ ലോക്കൽ കമ്മിറ്റി അംഗവും അറിയപ്പെടുന്ന ഒരു പൊതുപ്രവർത്തകനുമാണ്. കൊലപാതകം ആദ്യം ലോക്കൽ പോലീസും പിന്നെ ക്രൈംബ്രാഞ്ചും അന്വേഷിച്ചിട്ട്

വർഷങ്ങളായിട്ടും ഒരു കാര്യവും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് സമഗ്രമായ അന്വേഷണം നടത്താൻ ഒരു പ്രത്യേക ടീമിനെ നിയോഗിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): അബ്ദുൾ റഹിമാനെ കൊലപ്പെടുത്തിയ സംഭവത്തിൽ ഇൻഡ്യൻ ശിക്ഷാ നിയമപ്രകാരം കാസർകോട് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചിട്ടും തെളിവുകൾ ലഭിച്ചതായി റിപ്പോർട്ടിൽ കാണുന്നില്ല. ഈ കേസിന്റെ നേരിട്ടുള്ള ചുമതല ഏറ്റെടുത്ത് അന്വേഷണം നടത്താൻ ക്രൈം ബ്രാഞ്ച് എസ്.പി.ക്ക് ഗവൺമെന്റ് നിർദ്ദേശം കൊടുത്തിരിക്കുകയാണ്.

(19) കോട്ടയം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് മെഡിക്കൽ യൂണിവേഴ്സിറ്റി

ശ്രീ. തോമസ് ചാഴികാടൻ: കേരളത്തിൽ ഇന്ന് ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് നിരവധി മെഡിക്കൽ കോളേജുകൾ, ദന്തൽ കോളേജുകൾ, നഴ്സിംഗ് കോളേജുകൾ, ഫാർമസി കോളേജുകൾ, പാരാ മെഡിക്കൽ കോളേജുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്താനും കാര്യക്ഷമത വർദ്ധിപ്പിക്കാനും ഒരു മെഡിക്കൽ യൂണിവേഴ്സിറ്റി സംസ്ഥാനത്തുണ്ടാകേണ്ടത് അനിവാര്യമാണ്. ഇതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കോട്ടയം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഒരു മെഡിക്കൽ യൂണിവേഴ്സിറ്റി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): മെഡിക്കൽ യൂണിവേഴ്സിറ്റി എവിടെ സ്ഥാപിക്കണ

മെന്നതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല. കഴിവതും വേഗം ഈ യൂണിവേഴ്സിറ്റി എവിടെ സ്ഥാപിക്കണമെന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(20) കൊല്ലം – ആയൂർ കുണ്ടുമൺ (മൊട്ടക്കാവ്) പാലം പണി

ശ്രീ. എൻ. അനിരുദ്ധൻ: ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ആയൂർ –കൊല്ലം സ്റ്റേറ്റ് ഹൈവേയിൽ 5 വർഷം മുമ്പ് തറക്കല്ലിട്ട വളരെ പ്രധാനപ്പെട്ട കുണ്ടുമൺ പാലം അടിയന്തിരമായി പണിയുന്നതിന് അനുകൂലമായ നിലപാട് ഗവൺമെന്റിൽനിന്നുമുണ്ടാകണം..

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ് ) : കൊല്ലം–ആയൂർ റോഡിലെ മൊട്ടക്കാവ് പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ട് 10 വർഷത്തിലേറെയായി. കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്തിരിക്കുന്ന പ്രസ്തുത പണി വളരെ മന്ദഗതിയിലാണ് നീങ്ങിയിരുന്നത്. ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും പണിയിൽ വേണ്ട പുരോഗതി കാണാതിരുന്നതിനാൽ അവരുടെ റിസ്ക്ക് ആന്റ് കോസ്റ്റിൽ കരാർ റദ്ദ് ചെയ്ത് ബാക്കി പണികൾക്കുള്ള എസ്റ്റിമേറ്റ് 1999–ലെ നിരക്കിൽ അംഗീകരിച്ച് ദർഘാസ് ക്ഷണിച്ചുവെങ്കിലും പ്രതികരണമുണ്ടായിരുന്നില്ല. അതുകൊണ്ട് പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് അംഗീകരിച്ച് പുതുതായി റീടെന്റർ ചെയ്യാനുള്ള ഏർപ്പാട് ചെയ്യുന്നതാണ്.

(21) മലപ്പുറം ജില്ലയിലെ ഉപരി പഠന സൗകര്യം

ശ്രീ. കെ. ടി. ജലീൽ : കഴിഞ്ഞ വർഷം എസ്. എസ്.എൽ.സി. പരീക്ഷയെഴുതി ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ ഉപരി പഠനത്തിന് യോഗ്യത നേടിയ മലബാർ മേഖലയിലെ കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പ്ളസ് ടു കോഴ്സിന് പഠിക്കാനുള്ള സൗകര്യം വളരെ വിരളമാണ്. ഗവണ്മെന്റ്/

എയ്ഡഡ് ഹൈസ്കൂളുകളിൽ അഡീഷണൽ ബാച്ച് അനുവദിച്ചോ, കഴിഞ്ഞ വർഷങ്ങളിൽ കൊടുത്തതുപോലെ പ്ളസ് ടു പഠനത്തിന് മാർജിനൽ ഇൻക്രീസ് ഏർപ്പെടുത്തിയോ ഈ പ്രശ്നം പരിഹരിക്കണം. 40-ഓളം കോഴ്സുകൾ വി.എച്ച്.എസ്.സി.യിലുണ്ടെങ്കിലും 12 കോഴ്സുകൾക്കു മാത്രമേ പി.എസ്.സി. അംഗീകാരമുള്ളുവെന്നതിനാൽ അംഗീകാരമില്ലാത്ത കോഴ്സുകളിൽ ചേരുവാൻ കുട്ടികൾ മടിക്കുന്നു. കേരളത്തിലെ എല്ലാ ഗവണ്മെന്റ് ഹൈസ്കൂളുകളിലും കഴിഞ്ഞ വർഷം പ്ളസ് ടു അനുവദിച്ചപ്പോൾ കുറ്റിപ്പുറം ജൂനിയർ ടെക്നിക്കൽ സ്കൂളിനു മാത്രം അനുവദിച്ചില്ല. വിദ്യാഭ്യാസ രംഗത്തുള്ള മലബാറിന്റെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുവാൻ സ്പെഷ്യൽ പദ്ധതികൾ വിദ്യാഭ്യാസവകുപ്പ് ആവിഷ്ക്കരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി ( ശ്രീ. എം. എ. ബേബി ): മലബാർ മേഖലയിലെ വിദ്യാഭ്യാസരംഗത്തുള്ള ഈ പ്രശ്നം ഗൗരവമേറിയതാണ്. മലപ്പുറം ജില്ലയിൽ ഹയർ സെക്കന്ററി മേഖലയിൽ 31,500 വിദ്യാർത്ഥികൾക്ക് പ്ളസ് ടുവിന് അഡ്മിഷൻ ലഭിക്കാനുള്ള സൗകര്യമാണ് ഇന്നുള്ളത്. വി.എച്ച്.എസ്.സി., പോളി ടെക്നിക്, ഐ.ടി.ഐ എന്നിവിടങ്ങളിലെ എണ്ണം കൂടി നോക്കിയാൽ 44,535 വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സൗകര്യം മലപ്പുറം ജില്ലയിലുണ്ട്. അധികം സാമ്പത്തിക ബാദ്ധ്യതയില്ലാതെ ചില സ്ഥലങ്ങളിൽ പുതിയ ബാച്ചുകൾ തുടങ്ങാൻ സാദ്ധ്യതയുണ്ടെന്നകാര്യം പരിശോധിക്കുന്നതാണ്. പി.എസ്.സി.യുമായി ബന്ധപ്പെട്ട് വി.എച്ച്.എസ് കോഴ്സുകൾക്ക് അംഗീകാരം ലഭിക്കാനുള്ള സംവിധാനമുണ്ടാക്കും. കുറ്റിപ്പുറം ജൂനിയർ ടെക്നിക്കൽ സ്കൂളിൽ

പ്ളസ് ടു അനുവദിക്കാത്ത പ്രശ്നവും ഗവണ്മെന്റ് അനുഭാവപൂർവ്വം പരിശോധിക്കുന്നതാണ്.

## (22) തിരൂരിലെ പൊൻമുണ്ടം ജി.എം. യു.പി. സ്കൂളിൽ കൂടുതൽ ഡിവിഷനുകൾ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : പൊൻമുണ്ടം പഞ്ചായത്തിൽ ഏറെ വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന ഗവണ്മെന്റ് . യു.പി. സ്കൂൾ കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റ് ഹൈസ്കൂളായി ഉയർത്തിയത് കേരള ത്തിൽ ഹൈസ്കൂളുകളില്ലാത്ത പഞ്ചായത്തിലെ സ്കൂൾ എന്ന പരിഗണനവ ച്ചിട്ടാണ്. ആയിരക്കണക്കിന് കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും ആശ്വാസകരമായിരുന്ന ഈ സ്കൂളിൽ ഈ വർഷം പുതിയ ബാച്ചുകൾ ആരംഭിക്കേണ്ടതില്ലെന്ന് ഗവണ്മെന്റ് നിർദ്ദേശിച്ചിരിക്കുന്നു. 230 കുട്ടികളാണ് 8-ാം ക്ളാസിലേയ്ക്ക് അവിടെ പ്രവേശനം നേടിയിട്ടുള്ളത്. നിലവിലുള്ള കുട്ടികൾക്ക് പഠിക്കണമെങ്കിൽ 8-ാം ക്ളാസിൽ 6 ഡിവിഷനുകൾ ആവശ്യ മാണ്. ഇതിലേയ്ക്കാവശ്യമായ ക്ളാസ് റൂം, ലാബ്, മറ്റ് സൗകര്യങ്ങൾ എന്നിവ പി. ടി.എ ഒരുക്കിയിട്ടുള്ളതുകൂടാതെ ഒരേക്കർ സ്ഥലവും പി.ടി.എ. വാങ്ങിക്കൊടുത്തിട്ടുണ്ട്. പുതിയ സ്റ്റാഫ് ഫിക്സേഷന്റെ അടിസ്ഥാനത്തിൽ 8-ാം ക്ളാസിലേയ്ക്ക് പ്രൊമോഷൻ കിട്ടിയ മുഴുവൻ കുട്ടികൾക്കും അവിടെ പഠിക്കാനാവശ്യമായ ബാച്ചുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി ) : പൊൻമുണ്ടം ഗവണ്മെന്റ് യു.പി. സ്കൂളിൽ ഈ വർഷം കൂടുതൽ വിദ്യാർത്ഥികൾ പഠിച്ച് പാസ്സായ സാഹചര്യത്തിൽ തുടർന്ന് പഠിക്കാൻ സൗകര്യം ലഭ്യമാകാത്ത സ്ഥിതിവിശേഷം സാമ്പത്തിക പരിമിതി

കൾക്കുള്ളിൽനിന്നുകൊണ്ട് പരിഹരിക്കുന്നതിന് ഗവണ്മെന്റ് ശ്രമിക്കുന്നതാണ്.

(23) <u>ആനവിലാസം വില്ലേജാഫീസറേയും മറ്റ് ജീവനക്കാരേയും മർദ്ദിച്ച സംഭവം</u>

<u>ശ്രീ. റോഷി അഗസ്റ്റിൻ</u> : ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ ആനവിലാസം വില്ലേജാഫീസിൽ ഒരു പറ്റം ആളുകൾ സംഘടിതമായി പ്രവേശിച്ച് പോക്കുവരവ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് വില്ലേജാഫീസറേയും ജീവനക്കാരേയും മർദ്ദിച്ച സംഭവം നാട്ടുകാരിൽ പരിഭ്രാന്തിയുണ്ടാക്കിയിരിക്കുന്നു. കഴിഞ്ഞ 23-ാം തീയതി മുതൽ പ്രവർത്തനം നിലച്ചിരിക്കുന്ന വില്ലേജാഫീസ് തുറന്നു പ്രവർത്തിപ്പിക്കുകയും സംഭവത്തെക്കുറിച്ച് സത്യസന്ധമായ അന്വേഷണം നടത്തുകയും വേണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> പോക്കുവരവ് സർട്ടിഫിക്കറ്റിന് ഒരു എസ്റ്റേറ്റ് ഉടമയായ വാഹിദ് നൽകിയ അപേക്ഷ പരിഗണിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എസ്റ്റേറ്റ് സൂപ്പർവൈസർ മധുവും മറ്റ് 3 പേരും 23-6-2006 വൈകുന്നേരം 4.45-ന് ഇടുക്കി ജില്ലയിലെ ആനവിലാസം വില്ലേജാഫീസിൽ എത്തി. വില്ലേജാഫീസർ സ്ഥലത്തില്ലാതിരുന്നതിനാൽ അദ്ദേഹം വന്നതിനുശേഷം പോയാൽ മതിയെന്നുപറഞ്ഞ് അസിസ്റ്റന്റിനെ തടഞ്ഞുനിർത്തി. വൈകുന്നേരം 5 മണിക്ക് വില്ലേജാഫീസറുടെ മുറി സൂപ്പർവൈസർ മധു താഴിട്ടു പൂട്ടി. ആ സമയത്ത് ഓഫീസിലെത്തിയ വില്ലേജാഫീസർ ഓഫീസിനുള്ളിൽ കയറാതെ ടൗണിലുള്ള ക്വാർട്ടേഴ്സിലേയ്ക്ക് പോയി. അദ്ദേഹത്തെ പിൻതുടർന്ന മധു അദ്ദേഹം സഞ്ചരിച്ചിരുന്ന ജീപ്പ് തടഞ്ഞുനിർത്തി അസഭ്യം പറയുകയും വില്ലേജാഫീസറെ ചവുട്ടുകയും

ചെയ്തു. സർട്ടിഫിക്കറ്റ് കൊടുക്കാമെന്ന് സമ്മതിച്ച് വില്ലേജാഫീസിലേയ്ക്ക് പോയ വില്ലേജാഫീസറെ ആനവിലാസം ചക്കര ജംഗ്ഷനിൽ തടഞ്ഞുനിർത്തി മർദ്ദിക്കുകയും ബലമായി പോക്കുവരവ് സർട്ടിഫിക്കറ്റ് വാങ്ങുകയും ചെയ്തു. ചികിൽസയിൽ കഴിയുന്ന വില്ലേജാഫീസറുടെ മൊഴിയെടുത്ത് കുമിളി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും മൂന്ന് പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മറ്റുള്ളവരെ തിരിച്ചറിയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(24) <u>കോവളം മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ</u>

<u>ശ്രീ. ജോർജ്ജ് മേഴ്സിയർ</u>: പാവപ്പെട്ട കൃഷിക്കാരും മൽസ്യ ത്തൊഴിലാളികളും താമസിക്കുന്ന കോവളം നിയോജകമണ്ഡലത്തിൽ അതിരൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. അവിടെ കുടിവെള്ളമെത്തിക്കുന്നതിന് പതിനൊന്നോളം പദ്ധതികളുണ്ടെങ്കിലും ദശാബ്ദങ്ങളായി ജലസംഭരണത്തിന്റെ അളവോ ഗുണമേന്മയോ ലഭ്യതയോ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. വർഷങ്ങൾക്കുമുമ്പ് സ്ഥാപിച്ച പമ്പിംഗ് മെയിൻ മണ്ണും ചെളിയും നിറഞ്ഞ് അടഞ്ഞിരിക്കുന്നു. വിഴിഞ്ഞം പഞ്ചായത്ത് പ്രദേശത്ത് കെ.ഡബ്ള്യൂ.എ. മുഖേന നടപ്പിലാക്കേണ്ട 1.45 കോടി രൂപയുടെ കുടിവെള്ള പദ്ധതിക്ക് പണം ലഭ്യമാണെങ്കിലും ധനകാര്യ വകുപ്പിന്റെ ലെറ്റർ ഓഫ് ക്രെഡിറ്റ് ലഭിക്കാത്തതുകാരണം നടപ്പിലാക്കാൻ കഴിയുന്നില്ല. കുടിവെള്ള ക്ഷാമത്തിന് ഹ്രസ്വകാല പരിഹാരമായി പൂവാർ, പരണിയം, പുളിങ്കുടി, മുക്കോല എന്നീ സ്ഥലങ്ങളിൽ ട്യൂബ് വെൽ സ്ഥാപിക്കുക, കുമിളിയിൽ 100 എച്ച്.പി.യുടെയും അതിയന്നൂരിൽ ഗ്യാലറി റീ പാക്കിംഗും 40 എച്ച്.പി.യുടെ പമ്പ് സെറ്റും സ്ഥാപിക്കുക, കോട്ടുകാലിൽ

1200 മീറ്റർ  പമ്പിംഗ് മെയിൻ മാറ്റുക തുടങ്ങിയ നടപടികൾ അടിയന്തിരമായി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): കോവളത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഹ്രസ്വകാല-ദീർഘകാല പദ്ധതികളുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. എം.പി./ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് ഹ്രസ്വകാല പദ്ധതികളും  നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിക്കും പരിസര പ്രദേശങ്ങൾക്കുമായി ഒരു ബൃഹത്തായ ദീർഘകാല പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. ഒരു ട്രീറ്റ്മെന്റ് പ്ളാന്റിന്റെ പണി പൂർത്തിയായി വരുന്നു. കോവളം മണ്ഡലത്തിലെ ജനങ്ങൾക്ക് ഇവയുടെ പ്രയോജനം ലഭിക്കും. വിഴിഞ്ഞം തീരപ്രദേശത്തെ വാർഡുകളിൽ ജലവിതരണം നടത്തുന്നതിന് വെള്ളായണി കായൽ സ്രോതസ്സാക്കി ഒരു പുതിയ പദ്ധതി നടപ്പാക്കുന്നതിന് നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഇതിന്റെ വെൽ-കം-പമ്പ് ഹൗസ്, ഫിൽട്രേഷൻ ഗ്യാലറി എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള ഘടകങ്ങൾ പൂർത്തീകരിക്കുന്നതിന് 145 ലക്ഷംരൂപയുടെ അടങ്കൽത്തുകയ്ക്ക് ഇതിനകം അനുമതി നൽകിയിട്ടുണ്ട്. കോവളത്തിന്റെ സമീപ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന്  എൽ.ഐ.സി.യുടെ സാമ്പത്തിക സഹായത്തോടുകൂടി 27.31 കോടിരൂപയുടെ ഒരു പദ്ധതിക്ക് 2002-ൽ രൂപം കൊടുത്തിട്ടുണ്ട്. ടൂറിസം ഡിപ്പാർട്ടുമെന്റ് ആ പദ്ധതിയെ തീരപഥം പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്തുചെയ്യാൻ നടപടികൾ സ്വീകരിച്ചുവരുന്നു. വിഴിഞ്ഞത്തെ അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനലിന്റെ ആവശ്യപ്രകാരം 4 കോടി രൂപയ്ക്കുള്ള മറ്റൊരു പദ്ധതിയും വിഭാവനം ചെയ്തുവരുന്നു. ഈ

പദ്ധതികൾ പൂർത്തീകരിക്കുമ്പോൾ കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

(25) മുരളീധരൻ എന്ന യുവാവിന്റെ തിരോധാനം

ശ്രീമതി കെ. കെ. ലതിക : വടകര താലൂക്കിൽ ആയഞ്ചേരി പഞ്ചായത്തിൽ മുരളീധരൻ എന്ന ചെറുപ്പക്കാരനെ 24–5–2005 മുതൽ കാണാനില്ല. ഒരു പറ്റം ആളുകളുടെ മർദ്ദനമേറ്റ മുരളീധരനെ വടകര സബ് ഇൻസ്പെക്ടർ ആശുപത്രിയിൽ കൊണ്ടുപോയി. ഒ.പി.യിൽ കാണിച്ച മുരളീധരനെ പിന്നീട് ഇതുവരെ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. ആക്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഹൈക്കോടതിയിൽ ഇതുസംബന്ധിച്ച് ഹേബിയസ് കോർപ്പസ് ഹർജി നൽകുകയും പോലീസ് അന്വേഷണത്തിന് നിർദ്ദേശിക്കുകയും ചെയ്തുവെങ്കിലും ഒരു തരത്തിലുള്ള അന്വേഷണവും നടന്നിട്ടില്ല. അദ്ദേഹം ജീവിച്ചിരിപ്പുണ്ടോ എന്നറിയാതെ അദ്ദേഹത്തിന്റെ കുടുംബവും നാട്ടുകാരും വിഷമത്തിലായിരിക്കുന്ന സന്ദർഭത്തിൽ ഇതു സംബന്ധിച്ച് പ്രത്യേകമായ അന്വേഷണം നടത്തണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഈ പ്രശ്നം പോലീസ് പരിശോധിച്ചു. ആയഞ്ചേരി പതിയാട്ടിൽ നബീസയുടെ വീട്ടിൽ ഒരാളെ നാട്ടുകാർ തടഞ്ഞു വച്ചിരിക്കുന്നുവെന്ന വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വടകര പോലീസ് ഇൻസ്പെക്ടർ സ്ഥലത്തെത്തി നാട്ടുകാർ തടഞ്ഞുവച്ച് മർദ്ദിച്ച മുരളീധരനെ വടകര ഗവണ്മെന്റ് ആശുപത്രിയിൽ ചികിൽസയ്ക്കായി പ്രവേശിപ്പിച്ചു. ചികിൽസയിലായിരുന്ന മുരളീധരനെ കാണാനില്ലെന്നുള്ള അദ്ദേഹത്തിന്റെ അച്ഛന്റെ പരാതിയെത്തുടർന്ന് മാൻ മിസ്സിംഗിന് വടകര

പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. വടകര ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് വിശദമായ അന്വേഷണം നടത്തിയെങ്കിലും ഇതുവരെ വിവരമൊന്നും ലഭ്യമായിട്ടില്ല. ഈ പ്രശ്നം വളരെ ഗൗരവമായി അന്വേഷിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കാൻ ഗവണ്മെന്റ് നിർദ്ദേശം കൊടുക്കുന്നതാണ്.

(26) <u>പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനം</u>

<u>ശ്രീ.പി.സി. വിഷ്ണുനാഥ്</u>: കേരളത്തിലെ മെഡിക്കൽ എൻജിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള എൻട്രൻസ് പരീക്ഷ പാസ്സായി റാങ്ക് പട്ടികയിലുള്ള വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും കൗൺസിലിംഗ് എന്ന് ആരംഭി ക്കുമെന്നതു സംബന്ധിച്ച് യാതൊരു അറിയിപ്പും എൻട്രൻസ് കമ്മിഷണറുടെ ഭാഗത്തുനിന്നോ ഗവണ്മെന്റിന്റെ ഭാഗത്തുനിന്നോ ലഭിക്കാത്തതിനാൽ കടുത്ത ആശങ്കയിലും ആശയക്കുഴപ്പത്തിലുമാണ്. സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന കുട്ടികളുടെ സംവരണത്തിന്റെ വരുമാന പരിധി യുടെയും മെറിറ്റ് സീറ്റിലുള്ള ഫീസിന്റേയും ന്യൂനപക്ഷ പദവി ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ അഡ്മിഷന്റേയും കാര്യത്തിൽ ആശയക്കുഴപ്പമുണ്ട്. ഈ സാഹചര്യത്തിൽ അടിയന്തിരമായി ഇതുസംബന്ധിച്ചുള്ള വിവരങ്ങൾ വ്യക്ത മാക്കണം.

<u>ശ്രീ. വി. ഡി. സതീശൻ</u> : ഈ വർഷം തന്നെ ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുമെന്നാണ് മന്ത്രി പറഞ്ഞിരുന്നത്. ബില്ലിന്റെ അവതരണവേളയിൽ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും ഇത് നടപ്പിലാക്കുമെന്ന് പറഞ്ഞിരുന്നു. അത് സംബന്ധിച്ചുള്ള വിവരങ്ങൾ വ്യക്തമാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം.എ. ബേബി</u>): റിസർവേഷന് അർഹതയുള്ളവരുടെ സർട്ടിഫിക്കറ്റുകൾ

കിർത്താഡ്സിൽ പരിശോധനയ്ക്ക് വിധേയമാക്കി റിപ്പോർട്ട് ലഭ്യമാക്കി അതുകൂടി പരിഗണിച്ചാണ് പ്രവേശന പ്രക്രിയ നടത്തുന്നത്. ഒരാഴ്ചയ്ക്കുള ളിൽ റിപ്പോർട്ട് ലഭിക്കും. കൗൺസിലിംഗ് സംബന്ധിച്ച നടപടിക്രമം ജൂലൈ 5-ാം തീയതി പ്രഖ്യാപിക്കും. ഇത്തവണ പുതിയ സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് ഓൺ ലൈൻ കൗൺസിലിംഗ് തീരുമാനിച്ചിരിക്കുക യാണ്. ഇന്റർനെറ്റ് മുഖേന വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും അവരുടെ സ്ഥലത്തിരുന്നുകൊണ്ടുതന്നെ കൗൺസിലിംഗിൽ പങ്കെടുക്കാനുള്ള പരി ശീലനം ജില്ലാ അടിസ്ഥാനത്തിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്. ഇന്റർനെറ്റ് സൗകര്യം ഇല്ലാത്തവർക്ക് വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക സ്ഥലങ്ങളിൽ ഇന്റർനെറ്റ് കണക്ട്റ്റിവിറ്റി ലഭ്യമാക്കുന്നതായിരിക്കും. വിദ്യാർത്ഥികൾക്ക് ഇത് സംബന്ധിച്ച ഉപദേശം നൽകാൻ സാങ്കേതിക വിദഗ്ദ്ധർ ഈ കേന്ദ്രങ്ങളിൽ ഉണ്ടായിരിക്കും. കഴിഞ്ഞ വർഷം മൂന്ന് കേന്ദ്രങ്ങളിലും അതിനുമുമ്പ് ഒരു കേന്ദ്രത്തിലുമായിരുന്നു കൗൺസിലിംഗ് നടന്നത്. ഇപ്പോൾ നിരവധി കേന്ദ്ര ങ്ങളിലേയ്ക്ക് വികേന്ദ്രീകരിക്കുന്നതിന് പ്രതിപക്ഷത്തിന്റെ പൂർണ്ണ സഹകരണം ഉണ്ടാകണം. മെഡിക്കൽകോളേജുകളിലേയ്ക്കുള്ള കൗൺസി ലിംഗിന്റെ ആദ്യഘട്ടം ജൂലൈ 25-ാം തീയതിക്കുള്ളിൽ പൂർത്തിയാകണ മെന്നത് യാതൊരു പോരായ്മയും കൂടാതെ ഇത്തവണ നിർവ്വഹിക്കാനും ആഗസ്റ്റിൽ ക്ലാസ്സുകൾ ആരംഭിക്കാനും കഴിയും. ഡിസംബർ 31-നുള്ളിൽ സ്വാശ്രയ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഫീസുമായി ബന്ധപ്പെട്ട അവകാശവാദങ്ങൾ സമർപ്പിക്കണമെന്ന വ്യവസ്ഥയാണ് ഉണ്ടായിരുന്നത്. ഈ വർഷം അത് നടപ്പാക്കാനുള്ള നിർദ്ദേശം ഇപ്പോൾത്തന്നെ കൊടുത്തിട്ടുണ്ട്. ഡിസംബർ മാസം 31 എന്ന തീയതി റിലാക്സ് ചെയ്യുന്ന ഒരു അമന്റ്മെന്റ് ഇവിടെ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. അത് ചർച്ച ചെയ്ത് അംഗീകരിച്ചുകഴി

ഞ്ഞാൽ ഈ വർഷംതന്നെ സ്വകാര്യ-സ്വാശ്രയ കോളേജുകളിലും പ്രവേശനം നടത്താൻ കഴിയും.

(27) <u>ക്ഷേത്രദർശനത്തിനുപോയ ദമ്പതിമാരെ ആക്രമിച്ച സംഭവം</u>

<u>ശ്രീ. കെ. ബാബു</u> : തൃപ്പൂണിത്തുറ ഇടപ്പള്ളി അംബേദ്ക്കർ റോഡ് മായാനിവാസിൽ പത്മനാഭൻ നായരും ഭാര്യ ലില്ലിക്കുട്ടി അമ്മയും 23-ാം തീയതി രാവിലെ ക്ഷേത്രദർശനത്തിനുപോയപ്പോൾ കവർച്ചാസംഘം തലയ്ക്കടിച്ചുവീഴ്ത്തി 20 പവൻ ആഭരണം കവർന്നു. തൃപ്പൂണിത്തുറ വെണ്ണല, വൈറ്റില, തൃപ്പൂണിത്തുറ ടൗൺ തുടങ്ങിയ പ്രദേശങ്ങളിലെല്ലാം വ്യാപകമായ മോഷണങ്ങൾ നടക്കുകയാണ്. ജനങ്ങൾ വളരെ ആശങ്കയിലാണ്. ഇടപ്പള്ളി പ്രദേശം ഉൾപ്പെടെ കൊച്ചി നഗരത്തിൽ വ്യാപകമായി നടക്കുന്ന മോഷണം അവസാനിപ്പിക്കാൻ കർശന നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): കൊച്ചിയിലെ ഇടപ്പള്ളി അംബേദ്ക്കർ റോഡ് മായാനിവാസിൽ പത്മനാഭൻ നായരും അദ്ദേഹത്തിന്റെ ഭാര്യ ലില്ലിക്കുട്ടി അമ്മയും 23-6-2006-ന് ക്ഷേത്രദർശനത്തിനുപോയപ്പോൾ വഴിയിൽ മൂന്നു പേർ ചേർന്ന് ഇരുവരെയും തലയ്ക്കടിച്ചുവീഴ്ത്തുകയും ലില്ലിക്കുട്ടി അമ്മ ധരിച്ചിരുന്ന പതിനെട്ടേമുക്കാൽ പവനോളംവരുന്ന സ്വർണ്ണാഭരണങ്ങൾ കവരുകയും ചെയ്തു. ഇതുസംബന്ധിച്ച് ചേരാനല്ലൂർ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് എറണാകുളം ടൗൺ നോർത്ത് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. പ്രതികളെക്കുറിച്ച് വ്യക്തമായ സൂചന ലഭിച്ചിട്ടില്ല. കൊച്ചി നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ കഴിഞ്ഞ കുറേക്കാലങ്ങളായി കവർച്ച, പിടിച്ചുപറി,

മോഷണം തുടങ്ങിയ കുറ്റകൃത്യങ്ങൾ നടക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രതികളെ അറസ്റ്റുചെയ്യുന്നതിന് ഊർജ്ജിത നടപടി നടക്കുന്നുണ്ട്. ജനങ്ങൾക്കിടയിൽ ഇത് സംബന്ധിച്ച് ആശങ്കയുണ്ട്. ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ ഒരു യോഗം തിരുവനന്തപുരം, കൊല്ലം, പത്തനം തിട്ട ജില്ലകളിൽ വിളിച്ചുകൂട്ടി. എറണാകുളത്ത് ഞാൻ നേരിട്ട് സിറ്റി പോലീസ് കമ്മീഷണറെയും എസ്.പി.യെയും വിളിച്ച് ഈ പ്രശ്നം പ്രത്യേകം ചർച്ച ചെയ്തിട്ടുണ്ട്. വൻകിട പട്ടണങ്ങളിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ വർദ്ധിച്ചുവരുന്നത് ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുന്നതാണ്. ഇത്തരം സംഭവങ്ങളിൽ ജനങ്ങൾക്കുണ്ടാകുന്ന ആശങ്ക കണക്കിലെടുത്ത് ഇത് ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

### (28) ഹയർ സെക്കന്ററി സ്കൂൾ പൊൻകുന്നം വർക്കിയുടെ പേരിൽ പുനർനാമകരണം ചെയ്യേണ്ടതിന്റെ ആവശ്യകത

ശ്രീ.വി.എൻ.വാസവൻ: മലയാള സാഹിത്യത്തിലെ സിംഹഗർജ്ജിതനും പ്രഗൽഭനും പ്രതിഭാശാലിയും സ്വാതന്ത്ര്യ സമരസേനാനിയും എഴുത്തച്ഛൻ പുരസ്കാരജേതാവുമായ പൊൻകുന്നം വർക്കി മരിച്ചിട്ട് ജൂലൈ 2-ാം തീയതി രണ്ട് വർഷം തികയുകയാണ്. അദ്ദേഹം പാമ്പാടി ഹയർ സെക്കന്ററി സ്കൂളിൽവച്ച് മോഡൽക്കഥ എഴുതിയതിന്റെ പേരിൽ അറസ്റ്റുചെയ്യപ്പെട്ടതും സാഹിത്യ സൃഷ്ടി നടത്തിയതിന്റെ പേരിൽ കൽത്തുറുങ്കിൽ അടയ്ക്കപ്പെട്ടതും കേരള ചരിത്രത്തിൽ എറ്റവും പ്രധാനപ്പെട്ട സംഭവ ങ്ങളാണ്. പാമ്പാടി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് പൊൻകുന്നം വർക്കിയുടെപേര് പുനർനാമകരണം ചെയ്യണം; അദ്ദേഹത്തിന്റെ പേരിൽ ഒരു സ്മാരകവും സമുച്ചയവും ഉണ്ടാക്കണം. അദ്ദേഹത്തിന്റെ വിവിധ

മേഖലകളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു മ്യൂസിയം നിർമ്മിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): പ്രഗൽഭരായ ധാരാളം സാഹിത്യകാരെ സംഭാവന ചെയ്ത നാടാണ് കേരളം. പുരോഗമന വിപ്ളവ മൂല്യങ്ങളിൽ അടിയുറച്ചുനിന്ന ക്രാന്തദർശി യാണ് പൊൻകുന്നംവർക്കി. അദ്ദേഹം അദ്ധ്യാപകനായിരുന്ന പാമ്പാടി സ്കൂളിന് അദ്ദേഹത്തിന്റെ പേര് നൽകുന്നത് സംബന്ധിച്ച് ചില നടപടി ക്രമങ്ങളുണ്ട്. പേരന്റ് ടീച്ചേഴ്സ് അസോസിയേഷനുമായി ഇക്കാര്യം ചർച്ച ചെയ്യണം; അത് സംബന്ധിച്ച ഫയൽ തയ്യാറാക്കണം. നടപടിക്രമങ്ങൾ പൂർത്തിയായാൽ ഈ പേര് നൽകുന്നതാണ്. മ്യൂസിയം, സ്മാരകം, വായന ശാല എന്നിവ സ്ഥാപിക്കുന്ന കാര്യം ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(29) അരൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം.

ശ്രീ. എ.എം. ആരിഫ് : സുനാമി ഏറ്റവും കൂടുതൽ ബാധിച്ച പ്രദേശ മെന്ന നിലയിൽ അരൂരിനെ സുനാമി പദ്ധതിയിൽപ്പെടുത്തിയെങ്കിലും ഇവി ടത്തെ കുടിവെള്ളക്ഷാമം വളരെ രൂക്ഷമാണ്. അതിന് ഒരു പരിധിവരെ പരിഹാരം കാണുന്നതിനുതകുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയിലെ ചേർത്തല പാക്കേജ് എത്രയുംവേഗം പ്രാവർത്തികമാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) ജപ്പാൻ കുടിവെള്ള പദ്ധതി സംബന്ധിച്ച് നിരവധി ചർച്ചകൾ നടന്നിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ചേർത്തല സ്കീം. അരൂർ മണ്ഡലത്തിലെ ജനങ്ങൾക്ക് ഏറ്റവും പ്രയോജനം ലഭിക്കുന്ന ഒന്നാണ് ഈ സ്കീം. ഈ ഗവൺമെന്റ് അധികാരമേറ്റശേഷം ജപ്പാൻ ബാങ്കിന്റെ ഉന്നതതല ടീം

സംസ്ഥാനം സന്ദർശിച്ച് പ്രവർത്തന പുരോഗതി വിലയിരുത്തി. ചേർത്തല സ്കീമിന്റെ ജലസ്രോതസ്സ് വളരെ ദൂരെയാണ്. മണ്ണിന്റെ സ്വഭാവം തുടങ്ങിയ നിരവധി ഘടകങ്ങളുള്ളതിനാൽ മറ്റ് സ്കീമുകളെ അപേക്ഷിച്ച് ഇതിന് വേഗത കുറവാണെങ്കിലും പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിച്ചുവരുന്നുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പാക്കേജ് ഒന്നിന്റേയും രണ്ടിന്റേയും പ്രവർത്തനം ആരംഭിക്കാനാകും. പാക്കേജ് 3–ന്റെ ടെണ്ടറുകളിൽ ഒന്നിനു മാത്രമാണ് വിതരണ ശൃംഖലയുള്ളത്. അത് ഗവൺമെന്റിന്റെ പരിഗണന യിലാണ്. ഈ പദ്ധതി പൂർത്തിയാക്കുന്നതോടുകൂടി കുടിവെള്ള പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാനാകും.

(30) <u>പുനലൂർ പ്ളൈവുഡ് ഫാക്ടറിയുടെ പുനരുദ്ധാരണം.</u>

<u>ശ്രീ. കെ. രാജു</u> : സംസ്ഥാനത്തെ ഏറ്റവും പഴക്കംച്ചെന്ന പുനലൂർ പ്ളൈവുഡ് ഫാക്ടറിയുടെ പുനരുദ്ധാരണത്തിന് നടപടി സ്വീകരിക്കണം. കഴിഞ്ഞ നാല് വർഷമായി കമ്പനിയുടെ പ്രവർത്തനങ്ങൾ മുടങ്ങിയിരിക്കുക യാണ്. ഭൂരിഭാഗം ജീവനക്കാരെയും വി.ആർ.എസ്. പ്രകാരം പിരിച്ചുവിട്ടു. അവർക്ക് 43 മാസത്തെ ശമ്പള കുടിശ്ശികയും മറ്റ് ആനുകൂല്യങ്ങളും കൊടു ക്കാനുണ്ട്. ഈ ഫാക്ടറിയുടെ പുനരുദ്ധാരണത്തിന് തടി ലഭ്യമല്ലെങ്കിൽ മറ്റ് എന്തെങ്കിലും വ്യവസായം ഇവിടെ ആരംഭിക്കണം. 75 ഏക്കർ സ്ഥലം സ്വന്ത മായി ഈ കമ്പനിക്കുണ്ട്. അവിടെ ഇലക്ട്രിസിറ്റിയുടെയും വെള്ളത്തിന്റെയു മൊക്കെ ലഭ്യതയുണ്ട്. റബ്ബർ ധാരാളമുള്ള പ്രദേശമായതിനാൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കാൻ സാധിക്കും.

വ്യവസായ വകുപ്പുമന്ത്രി (<u>ശ്രീ. എളമരം കരീം</u>) : പുനലൂർ പ്ളൈവുഡ് ഫാക്ടറി സർക്കാർ സഹായത്തോടെ പുനരുദ്ധരിക്കാനായി പലതവണ ശ്രമി ച്ചെങ്കിലും അസംസ്കൃത വസ്തുവായ സോഫ്റ്റ് വുഡ്ഡിന്റെ അപര്യാപ്തത

മൂലം കമ്പനി ലാഭകരമാക്കാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ 2004–ൽ നടപ്പാക്കിയ സ്വയം വിരമിക്കൽ പദ്ധതി പ്രകാരം 276 ജീവനക്കാരിൽ 255 പേർ സ്വയം പിരിഞ്ഞുപോയി. ഗ്രാറ്റ്യുവിറ്റി, പി.എഫ്., ശമ്പള കുടിശ്ശിക എന്നീ ഇനങ്ങളിൽ 706.7 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇതുകൂടാതെ ശമ്പള കുടിശ്ശിക ഇനത്തിൽ തൊഴിലാളികൾക്ക് 123.42 ലക്ഷം രൂപ നൽകാനുണ്ട്. ഇപ്പോൾ അവിടെ 21 ജീവനക്കാരുണ്ട്. വ്യവസായാവശ്യത്തിനുള്ള ഉപയോഗ സാധ്യത കൾക്കായി സോഫ്റ്റ് വുഡ്ഡിന്റെ അപര്യാപ്തതയും സാമ്പത്തിക സ്ഥിതിയും കമ്പനിയുടെ വസ്തുവകകളും അടിസ്ഥാന സൗകര്യങ്ങളും സർക്കാർ പരി ശോധിക്കുകയാണ്.

(31) കടലാക്രമണംമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. സി.എം. ദിനേശ് മണി : പള്ളുരുത്തി മണ്ഡലത്തിന്റെ പടിഞ്ഞാ റൻ തീരത്ത് 20 കിലോമീറ്ററോളം കടലാക്രമണം ഉണ്ടായതിന്റെ ഫലമായി 600–ഓളം വീടുകൾക്കും വീട്ടുപകരണങ്ങൾക്കും കുട്ടികളുടെ പഠനോപകര ണങ്ങൾക്കും നാശനഷ്ടമുണ്ടായി. ശാസ്ത്രീയമായ രീതിയിലുള്ള കടൽഭിത്തിയല്ല ഇപ്പോൾ അവിടെയുള്ളത്. പുലിമുട്ടോടുകൂടിയ ശാസ്ത്രീയ മായ കടൽഭിത്തി നിർമ്മിക്കുന്നതിനും നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തി അർഹതപ്പെട്ടവർക്ക് ആനുകൂല്യം നൽകുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : കൊച്ചി താലൂക്കിലെ ചെല്ലാനം പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ഉണ്ടായ രൂക്ഷമായ കടൽക്ഷോഭത്തെത്തുടർന്ന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരിക യാണ്. ഇപ്പോൾ സ്വീകരിച്ച നടപടികൾക്കുപുറമേ റവന്യൂ ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. നോംസ് അനുസരിച്ച് മാത്രമേ നടപടി സ്വീകരിക്കാനാകൂ. അതിൽ മാറ്റങ്ങൾ വരുത്തുന്നതിനായി ശ്രമിക്കുക

യാണ്. തീരദേശ പ്രദേശങ്ങളുൾപ്പെടുന്ന മണ്ഡലങ്ങളിലെ എം.എൽ.എ. മാരും ബന്ധപ്പെട്ട വകുപ്പുകളിലെ മന്ത്രിമാരും ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന യോഗം വിളിച്ചുകൂട്ടിയിരുന്നുവെങ്കിലും യഥാസമയം അറിയിപ്പ് ലഭിക്കാത്തതിനാൽ എല്ലാ എം.എൽ.എ.മാർക്കും യോഗത്തിൽ പങ്കെടുക്കാനായില്ല. ഈ യോഗത്തിന്റെ തുടർച്ചയായി ജൂലൈ രണ്ടാമത്തെ ആഴ്ച കൂടാൻ തീരുമാനിച്ചിരിക്കുകയാണ്. ചില വിപുലമായ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. സുനാമിബാധിത ദുരിതാശ്വാസത്തിന് 1450 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇത് പത്ത് വകുപ്പുകളിലായി ബന്ധപ്പെട്ട് നടക്കേണ്ട പദ്ധതികളാണ്. ശാശ്വതമായ പരിഹാരമാർഗ്ഗം ഈ പദ്ധതിയിലൂടെ ആവിഷ്ക്കരിക്കണം. മൂന്ന് വർഷമായി നടക്കേണ്ട പദ്ധതിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി ഈ ചർച്ചയിൽ പങ്കെടുക്കണം. വരുന്ന യോഗത്തിൽ ബന്ധപ്പെട്ട എം.എൽ.എ.മാർ പങ്കെടുക്കണം. സമഗ്രമായ തീരദേശ പദ്ധതിയിലൂടെ മാത്രമേ ഇവരെ സഹായിക്കാനാകൂ. വേണ്ട എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(32) <u>ശാസ്താംകോട്ട ശുദ്ധജലതടാകം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : ഏഷ്യയിലെ ഏറ്റവും വലിയ ശുദ്ധജല തടാകമായ ശാസ്താംകോട്ട ശുദ്ധജല തടാകം ഇന്ന് രൂക്ഷമായ പ്രതിസന്ധിയിലാണ്. 35 മീറ്റർ ആഴമുണ്ടായിരുന്ന ഈ തടാകം മണ്ണൊലിപ്പും മാലിന്യവും മൂലം 15 മീറ്ററായി കുറഞ്ഞു. 1500 ഏക്കർ ചുറ്റളവിലാണ് ഈ തടാകം സ്ഥിതിചെയ്യുന്നത്. ഈ തടാകത്തിന് ഉടമാവകാശമില്ല. തടാകത്തിന്റെ സംരക്ഷണത്തിനായി വിവധ ഫണ്ട് ഉണ്ടെങ്കിലും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ഒരു ദിവസം ഈ തടാകത്തിൽനിന്ന് 32.5 ദശലക്ഷം ലിറ്റർ വെള്ളമാണ്

കൊല്ലം പട്ടണത്തിലും മറ്റ് ഏഴ് ഗ്രാമ പഞ്ചായത്തുകളിലും വിതരണം ചെയ്യുന്നത്. ഇതുമൂലം ഒരു വർഷം ഏഴരക്കോടി രൂപയാണ് വാട്ടർ അതോറിറ്റിക്ക് ലഭിക്കുന്നത്. തടാകത്തിന്റെ സംരക്ഷണത്തിനും വികസനത്തിനും വേണ്ടി പ്ളാനിംഗ് ബോർഡിലെ ഒരു ഉന്നത ഉദ്യോഗസ്ഥനെ ചെയർമാനായി നിയമിച്ച് ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ):</u> കേരളത്തിലെ പ്രശസ്ത തടാകങ്ങൾ സംരക്ഷിക്കാൻ ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. കുന്നത്തൂരിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. 2003-ൽ കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെയും കേന്ദ്ര സർക്കാർ ഏജൻസികളുടെയും ഫണ്ട് അനുവദിച്ചുകിട്ടിയിട്ട് അത് ഫലപ്രദമായി അന്നത്തെ ഗവൺമെന്റ് യൂട്ടിലൈസ് ചെയ്തില്ല. സംസ്ഥാനത്ത് സമഗ്രമായൊരു ജലവിഭവ നയം പ്രഖ്യാപിക്കുന്നതിനെ ക്കുറിച്ച് ആലോചിക്കുന്നുണ്ട്. അതിന്റെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ഒന്നായി ശാസ്താംകോട്ട, വേമ്പനാട് കായലുകളുടെ സംരക്ഷണവും ഉറപ്പാക്കുന്നതിന് ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് പരിശോധിച്ച് ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ജനപ്രതിനിധികളുടേയും ജില്ലാ കളക്ടർമാരുടേയും യോഗം അടിയന്തിരമായി വിളിച്ചു ചേർത്ത് ഈ ശുദ്ധജല തടാകത്തിന്റെ സംരക്ഷണത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കും. ശുദ്ധജല തടാകം സംരക്ഷിക്കുന്നതിനു മാത്രമല്ല, ഏറ്റെടുക്കുന്നതിനുപോലും വാട്ടർ അതോറിറ്റി സന്നദ്ധമാണ്.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

## തിരുവനന്തപുരം മെഡിക്കൽ കോളേജിനെ എ.ഐ.ഐ.എം.എസ്. പദവിയിലേയ്ക്ക് ഉയർത്തുമെന്ന ഉറപ്പിൽനിന്ന് കേന്ദ്രം പിൻമാറിയെന്ന ആശങ്ക

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): പി.എം.എസ്.എസ്.വൈ-ൽ ഉൾപ്പെടുത്തി തിരുവനന്തപുരം മെഡിക്കൽകോളേജിന് കേന്ദ്രഗവണ്മെന്റ് 100 കോടി രൂപ അനുവദിച്ചതായി അറിയിച്ചിട്ടുണ്ട്. അതൊരു നല്ല കാര്യമാണ്. കഴിഞ്ഞ രണ്ട് വർഷത്തെ കൂട്ടായിട്ടുള്ള പരിശ്രമത്തിന്റെയും നിരന്തരമായ ഇടപെടലിന്റെയും ഫലമായി തിരുവനന്തപുരം മെഡിക്കൽകോളേജിനേയും എ.ഐ.ഐ.എം.എസ്. പദവിയിലേയ്ക്ക് ഉയർത്താമെന്ന് കേന്ദ്ര ഗവണ്മെന്റ് സമ്മതിച്ചതാണ്. എന്നാൽ പ്രധാനമന്ത്രിയുടെ പ്രത്യേക ആരോഗ്യ സുരക്ഷാപദ്ധതിയിൽ തിരുവനന്തപുരം മെഡിക്കൽകോളേജിനെ ഉൾപ്പെടുത്തി എന്നാണ് ഇപ്പോൾ കേന്ദ്രത്തിൽനിന്ന് കിട്ടിയ അറിയിപ്പ്. അതനുസരിച്ച് 100 കോടി രൂപ മാത്രമാണ് കേന്ദ്രത്തിൽ നിന്ന് ലഭിക്കുക. 20 കോടി രൂപ സംസ്ഥാനം ചെലവഴിക്കണം. എ.ഐ.ഐ.എം.എസ്. നിലവാരത്തിലേയ്ക്ക് തിരുവനന്തപുരം മെഡിക്കൽകോളേജിനെ ഉയർത്താമെന്ന് ആദ്യം നൽകിയ ഉറപ്പിൽനിന്ന് കേന്ദ്ര ഗവൺമെന്റ് പിൻമാറിയതായി കാണുന്നു. ഈ കാര്യത്തിൽ കേന്ദ്ര സർക്കാർ കേരളത്തിന് നൽകിയ ഉറപ്പ് പാലിച്ചുകൊണ്ട് തിരുവനന്തപുരം മെഡിക്കൽകോളേജിനെക്കൂടി ഈ പദവിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന പ്രസ്താവന യാണ് ഇവിടെ വയ്ക്കാനുള്ളത്. എ.ഐ.ഐ.എം.എസ്. പദവി നേടി യെടുക്കാൻ കേന്ദ്രഗവണ്മെന്റ് മുമ്പാകെ ഭരണ-പ്രതിപക്ഷകക്ഷി ഭേദമെന്യേ ഒറ്റക്കെട്ടായി പരിശ്രമിക്കണം.

**ചരമോപചാരം**

<u>ടി.കെ.രാമകൃഷ്ണൻ, ബി.വെല്ലിംഗ്ടൺ, കെ.ടി.കണാരൻ, സി.കണ്ണൻ, ടി.എസ്.രാമസ്വാമി, കെ.ഗോപാലൻ എന്നിവരുടെ നിര്യാണം</u>

മുൻമന്ത്രിമാരായ ടി.കെ. രാമകൃഷ്ണൻ, ബി.വെല്ലിംഗ്ടൺ, മുൻ നിയമസഭാംഗങ്ങളായിരുന്ന കെ.ടി.കണാരൻ, സി.കണ്ണൻ, തിരു–കൊച്ചി നിയമസഭാംഗമായിരുന്ന ടി.എസ്. രാമസ്വാമി, മുൻരാജ്യസഭാംഗമായിരുന്ന കെ. ഗോപാലൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനമാചരിക്കുകയും ചെയ്തു.

**പ്രത്യേക പരാമർശം**

<u>വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച രേഖകൾ സംബന്ധിച്ച്</u>

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻചാണ്ടി):</u> ഇന്നലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയുടെ മേശപ്പുറത്തു വച്ച രേഖകളിൽ വന്നിട്ടുള്ള ചില പ്രശ്നങ്ങളുന്നയിക്കാൻ ആഗ്രഹിക്കുകയാണ്. ഈ രേഖകൾ വിദ്യാഭ്യാസ വകുപ്പുമന്ത്രി മേശപ്പുറത്ത് വയ്ക്കാമെന്ന് പറഞ്ഞതാണ്. മന്ത്രിയുടെ ജനാധിപത്യബോധത്തെ മാനിക്കുന്നു. ഒരു ഡിപ്പാർട്ടുമെന്റിന് വരുന്ന തെറ്റിന്റെ പേരിൽ മന്ത്രിയെ കുറ്റക്കാരനാക്കാൻ ആഗ്രഹിക്കുന്നില്ല. ഇത് കുറച്ചുകൂടി നേരത്തെ ചെയ്തിരുന്നുവെങ്കിൽ വിവാദങ്ങളുണ്ടാകുമായിരുന്നില്ല. തെറ്റുപറ്റിയതിനെക്കുറിച്ച് അന്വേഷിച്ച് നടപടികൾ സ്വീകരിക്കുമെന്ന് പറഞ്ഞപ്പോൾ പ്രശ്നങ്ങൾ തീർന്നു എന്നു കരുതി. പക്ഷെ രേഖകൾ പരിശോധിച്ചപ്പോൾ പല കാര്യങ്ങളും തെറ്റിദ്ധരിപ്പിക്കുന്നതായി തോന്നി. മേയ് 29–ാം തീയതി ഒരു മാസത്തെ സമയം ചോദിച്ചിട്ട് കമ്മിഷൻ അനുവദിച്ചില്ലായെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. എന്നാൽ ജൂൺ

20-ാം തീയതിക്ക് കേസ് പോസ്റ്റ് ചെയ്ത വിവരം ജൂൺ 2-ാം തീയതി തന്നെ മൈനോറിറ്റി കമ്മിഷൻ അറിയിക്കുകയും അത് 14-ാം തീയതിക്കുമുമ്പ് ഇവിടെ കിട്ടുകയും ചെയ്തു. കേരളാഹൗസിലേയ്ക്ക് 16-ാം തീയതിയാണ് ഫാക്സ് അയച്ചത്. ഫാക്സ് അയച്ചത് എന്തിനുവേണ്ടിയാണെന്നുള്ള യാതൊരു ഇൻസ്ട്രക്ഷനും കൊടുത്തിട്ടില്ല. കത്ത് കൊടുത്തുകാണുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ധരിച്ചു. എന്തായാലും മെസ്സേജ് മൈനോറിറ്റി കമ്മിഷന് കിട്ടിയിട്ടില്ല എന്നുള്ളതാണ് സത്യം. ജൂൺ 20-ാം തീയതി മൈനോറിറ്റി സ്റ്റാറ്റസ്കോ കൊടുക്കാൻ തീരുമാനിച്ച് യോഗം കൂടിയത് 21-ാം തീയതി പത്രത്തിൽ വരുകയും 22-ാം തീയതി വിവാദമായപ്പോൾ 20-ാം തീയതിയിലെ സിറ്റിംഗ് മാറ്റിവയ്ക്കണ മെന്ന് പറഞ്ഞ് 23-ാം തീയതി ഫാക്സ് അയയ്ക്കുകയുമാണ് യഥാർത്ഥത്തിൽ ചെയ്തിരിക്കുന്നത്. മൈനോറിറ്റി കമ്മിഷൻ തീരുമാനത്തോട് യോജിക്കുന്നില്ല, മറ്റൊരവസരം തരണമെന്നു പറഞ്ഞ് 23-ാം തീയതി ഫാക്സ് മെസ്സേജ് അയച്ചിരുന്നുവെങ്കിൽ മനസ്സിലാക്കാമായിരുന്നു. മൈനോറിറ്റി കമ്മിഷൻ കേരളത്തെ പരിഹാസപാത്ര മാക്കിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി മേശപ്പുറത്ത്വച്ച രേഖകളിലും ചില വ്യത്യാസങ്ങൾ വന്നിട്ടുണ്ട്. റസിഡന്റ് കമ്മിഷണർ 27-ാം തീയതി തന്ന കത്തിൽ ഫാക്സ് അയച്ചതായി കാണുന്നില്ല. 16-6-06-ന് അയച്ച മെസ്സേജ് സെക്ഷനിൽ കിട്ടിയിട്ടില്ല എന്നതിന്റെ അടിസ്ഥാനത്തിൽ 23-ാം തീയതി ഒരു ഫാക്സ് മെസ്സേജ് കൂടി അയച്ചുകൊടുത്തിട്ടുണ്ട്. അതിൽ ഒപ്പിട്ടിരിക്കുന്നത് സെക്രട്ടേറിയറ്റിലെ പ്രസ്തുത സെക്ഷനിലെ ഉദ്യോഗസ്ഥനാണ്. ഇവിടെ തന്നിരിക്കുന്ന രേഖയിൽ കേരളാഹൗസിലേയ്ക്ക് മെസ്സേജ് അലർട്ട് ചെയ്തിരിക്കുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. പക്ഷെ കേരളാ ഹൗസിൽ മെസ്സേജ് എത്തിയിട്ടില്ല, ഇവിടെ നിന്ന് നേരിട്ട് മൈനോറിറ്റി കമ്മിഷന്

അയച്ചിരിക്കുകയാണ്. ഇത്രയും ദിവസം സഭയിൽ ഈ പ്രശ്നം ചർച്ച ചെയ്തിട്ടും പ്രതിഷേധം രേഖപ്പെടുത്താനോ എന്തെങ്കിലും രേഖകൾ മൈനോറിറ്റി കമ്മിഷന് അയയ്ക്കാനോ അപ്പീൽ കൊടുക്കാനോ റിവ്യൂ കൊടുക്കാനോ തയ്യാറായിട്ടില്ല. ഈ സാഹചര്യത്തിൽ എന്തുചെയ്യണമെന്ന് തീരുമാനിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനമെന്ന പദവി നേടാൻ കേരളത്തിലെ ഏതെങ്കിലും പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ശ്രമിച്ചാൽ അതിനോടുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ സമീപനമെന്താണെന്നുള്ളതാണ് ഇവിടത്തെ കാതലായ പ്രശ്നം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഈ പ്രശ്നം വന്നപ്പോൾ ന്യൂനപക്ഷ പദവി നൽകാനാവില്ലെന്ന് ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷനെ അറിയിക്കുകയും ആ നിലപാടിൽ ഇപ്പോഴും ഉറച്ചുനിൽക്കുകയുമാണെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞു. അനർഹമായി പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ന്യൂനപക്ഷ പദവി അവകാശപ്പെട്ടാൽ അത് അനുവദിക്കാൻ പാടില്ലെന്നുള്ള സമീപനമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനുള്ളത്. അതേ സമീപനത്തിൽ പ്രതിപക്ഷവും ഉറച്ചുനിന്നാൽ കേരളത്തിൽ വിദ്യാഭ്യാസ രംഗത്തുള്ള പ്രശ്നം പരിഹരിക്കപ്പെടും. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭാഗത്ത് വീഴ്ചയുണ്ടായതു കൊണ്ടാണ് ചില വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പദവി നൽകുന്ന തീരുമാനം ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ കൈക്കൊണ്ടതെന്നുള്ള വിമർശനമുണ്ടായി. ഫാക്സ് അയച്ചതുമായി

ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഉദ്യോഗസ്ഥ തലത്തിലുണ്ടായ വീഴ്ച ഇവിടെ അംഗീകരിച്ചതും മുഖ്യമന്ത്രിയുമായി ആലോചിച്ച് അന്വേഷണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞതുമാണ്. അതിന്റെ വിശദാംശങ്ങൾ അന്വേഷണം പൂർത്തിയാകുമ്പോൾ വ്യക്തമാകും. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരമേറ്റെടുത്തതിനുശേഷം ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷനുമായി ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി നടത്തിയ കമ്മ്യൂണിക്കേഷനിൽ ഒരു മാസത്തെ സാവകാശം മേയ് മാസം 29-ാം തീയതി ചോദിച്ചിരുന്നു. അതിനുള്ള മറുപടി കിട്ടിയിട്ടില്ല. 20-6-2006-ന് ഹിയറിംഗ് ഉണ്ടെന്ന് നോട്ടീസ് നൽകിയിട്ടുണ്ട് .അതിന്റെ അടിസ്ഥാനത്തിലാണ് ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മിഷൻ സെക്രട്ടറി ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുമായി ജൂൺ 12-ാം തീയതി ചർച്ച നടത്തിയപ്പോൾ ഇതുസംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ കാഴ്ചപ്പാട് രൂപീകരിക്കാൻ സമയം വേണമെന്നും ഗവൺമെന്റ് ഇതുസംബന്ധിച്ച് നിയമനിർമ്മാണം നടത്തിക്കൊണ്ടിരിക്കുകയാണെന്നുമാണ് അറിയിച്ചത്. മേയ് 29-ാം തീയതി അയച്ച കത്തിന്റെ പ്രസക്തി ജൂൺ 29-ാം തീയതി വരെയുണ്ടെങ്കിലും കമ്മീഷന്റെ രണ്ടാമത്തെ കത്ത് കണക്കിലെടുത്തു കൊണ്ടാണ് ജൂൺ 14-ന് ഒരു മറുപടി തയ്യാറാക്കി ഫാക്സ് ചെയ്തത്. എന്നാൽ ഇവിടെനിന്നും ഫാക്സ് ചെയ്തിരിക്കുന്നത് ജൂൺ 16-നാണ്. അതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അന്വേഷണം നടക്കുകയാണ്. ഇവിടെനിന്നും ഫാക്സ് അയയ്ക്കുമ്പോൾ പ്രധാനമന്ത്രിയുടെ ഓഫീസിലേയ്ക്കുള്ള ഫാക്സ് കേരള ഹൗസിലേയ്ക്ക് അയയ്ക്കും. അവിടെനിന്നും പ്രധാനമന്ത്രിയുടെ ഓഫീസിലേയ്ക്ക് കൊടുക്കുമെന്നാണ് ഉദ്യോഗസ്ഥർ പറഞ്ഞത്. ഫാക്സ് എന്താണ് ചെയ്യേണ്ടത് എന്നുള്ളതു

സംബന്ധിച്ച് വ്യക്തമായ നിർദ്ദേശത്തോടുകൂടി നൽകേണ്ടതുണ്ടെന്ന് അനുഭവത്തിന്റെ വെളിച്ചത്തിൽ വ്യക്തമായി. ഗവൺമെന്റിന്റെ തുടർന്നുള്ള നടപടികളിൽ ഇത് പിന്തുടരുന്നതാണ്. 20–ാം തീയതി നടന്നു കഴിഞ്ഞ യോഗവുമായി ബന്ധപ്പെട്ട് 23–ാം തീയതി ഫാക്സ് അയയ്ക്കുന്നത് എന്തിനാണ് എന്നുള്ളത് അന്വേഷണത്തിൽ വ്യക്തമാകും. മന്ത്രി നൽകിയ നിർദ്ദേശത്തിലല്ല ഈ മൗഢ്യം കാണിച്ചതെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മനസ്സിലാക്കണം. പ്രതിപക്ഷനേതാവ് ഉന്നയിച്ച ഏറ്റവും പ്രധാനപ്പെട്ട ചോദ്യം ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ ഇങ്ങനെ ചില തീരുമാനങ്ങളെടുത്ത സാഹചര്യത്തിൽ എന്താണ് ചെയ്യാനുദ്ദേശിക്കുന്ന തെന്നാണ്. ഇന്ന് ഈ ബിൽ ചർച്ച ചെയ്ത് ഏത് സ്ഥാപനത്തിനാണ് ന്യൂനപക്ഷ പദവി നൽകേണ്ടതെന്നുള്ളതിനെ സംബന്ധിച്ച് വ്യക്തമായ, സമഗ്രമായ, യുക്തിഭദ്രമായ ഒരു കാഴ്ചപ്പാടുണ്ടാവുകയാണ്. യു.ഡി.എഫ്. ഗവൺമെന്റ് വ്യക്തമായ മാനദണ്ഡമില്ലാതെ ചില സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പദവി നിഷേധിച്ചതുകൊണ്ടാണ് ഹൈക്കോടതി ആ തീരുമാനം ക്വാഷ് ചെയ്തത്. അതുകൊണ്ട് പഴുതുകളടച്ച് കൊണ്ടുവരുന്ന ഈ നിയമത്തിന്റെ വെളിച്ചത്തിൽ തിരക്കിട്ട് ദുരൂഹമായ സാഹചര്യത്തിൽ അനുമതി നൽകിയ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പദവി റദ്ദാക്കണമെന്ന് ഗവൺമെന്റ് ആവശ്യപ്പെടാൻ പോവുകയാണ്. കേന്ദ്രഗവൺമെന്റ് നൽകിയ നയപരമായ നിർദ്ദേശങ്ങൾക്കുള്ളിൽനിന്നു കൊണ്ടാണ് ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മിഷൻ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന തെറ്റായ തീരുമാനങ്ങൾ ദേശീയ കമ്മീഷൻ കൈക്കൊണ്ടിരിക്കുന്നതിനാൽ അതിലിടപെട്ട് തിരുത്താൻവേണ്ട ഉപദേശം

നൽകണമെന്ന് കേന്ദ്രമന്ത്രി ശ്രീ. അർജുൻസിംഗുമായി ബന്ധപ്പെട്ട് ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷനോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ഫാക്സ് അയച്ചു എന്നു മാത്രമല്ല കേരള ഹൗസിലേയ്ക്ക് വിളിച്ച് അലർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ടെന്ന് നിയമസഭയിൽ പറഞ്ഞിട്ട് അതിൽനിന്നും വ്യത്യസ്തമായി കേരള ഹൗസിലേയ്ക്ക് ഇങ്ങനെയൊരു മെസ്സേജ് കൊടുത്തിട്ടില്ല എന്നാണ് രേഖയിൽ കാണിച്ചിരിക്കുന്നത്. ഇത്രയധികം വിവാദങ്ങൾ വന്നതിനുശേഷം മന്ത്രി സ്വയം സമ്മതിച്ചിട്ട് ഇന്നലെ നിയമസഭയുടെ മേശപ്പുറത്തുവച്ച രേഖയിൽ അതിനു കടകവിരുദ്ധമായിട്ടാണ് പറയുന്നത്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഇന്നലെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉദ്യോഗസ്ഥ നിലവാരത്തിലുണ്ടായിട്ടുള്ള തെറ്റുകളെ സംബന്ധിച്ച് അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞതനുസരിച്ച് ചീഫ് സെക്രട്ടറിയെ അന്വേഷണച്ചുമതല ഏല്പിച്ചിരിക്കുകയാണ്. അന്വേഷണ റിപ്പോർട്ട് വന്നാൽ അക്കാര്യം വ്യക്തമായി അറിയാവുന്നതാണ്. ആ നിലയ്ക്ക് ഈ പ്രശ്നം ഇവിടെ അവസാനി പ്പിക്കുന്നതാണ് ഉചിതമായിട്ടുള്ളത്.

**ധനകാര്യം**

## വോട്ട് ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): "ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ മൂന്നാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ 2-ാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ

സംബന്ധിച്ച 2006-07 സാമ്പത്തിക വർഷത്തിലെ ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനു വേണ്ടിയോ ചെലവ് ചെയ്യുന്നതിലേയ്ക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്ന" ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

സർവ്വശ്രീ കെ മുഹമ്മദുണ്ണി ഹാജി, അബ്ദുറഹിമാൻ രണ്ടത്താണി, ജോസഫ് എം. പുതുശ്ശേരി, എം. ഉമ്മർ, യു.സി. രാമൻ എന്നീ അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.

**ക്രമപ്രശ്നം**

2006-07-ലെ ഫിനാൻസ് ബില്ലിൽ പറഞ്ഞിട്ടുള്ള നികുതി നിർദ്ദേശങ്ങൾ

ശ്രീ. കെ.എം. മാണി: 2006-07-ലെ ബഡ്ജറ്റിനോടനുബന്ധിച്ച് 19 കോടി രൂപയുടെ പുതിയ നികുതി നിർദ്ദേശങ്ങളടങ്ങിയ ഫിനാൻസ് ബിൽ പതിനൊന്നാം കേരള നിയമസഭയിൽ ശ്രീ. വക്കം പുരുഷോത്തമൻ അവതരിപ്പിച്ചിരുന്നു. അന്നുമുതൽ 120 ദിവസത്തിനകം അതുസംബന്ധിച്ച് ഇനാക്ട്മെന്റ് കൊണ്ടുവന്ന് നികുതിനിർദ്ദേശം ശാശ്വതീകരിക്കാമെന്നായിരുന്നു സ്കീം. 12-5-2006-ന് പതിനൊന്നാം കേരള നിയമസഭ ഡിസ്സോൾവ് ചെയ്തുപോകുമ്പോൾ ഭരണഘടനയുടെ ആർട്ടിക്കിൾ 196(5) അനുസരിച്ച് പെൻഡിംഗ് ബില്ലുകൾ മുഴുവൻ ലാപ്സായിപ്പോവുകയാണ്. ആ ഫിനാൻസ് ബില്ലിൽ പറയുന്ന നികുതി നിർദ്ദേശങ്ങൾ പ്രാവർത്തികമായി നടപ്പിലാക്കുന്നതിന് ഓർഡിനൻസ് വഴിയോ നിയമനിർമ്മാണം വഴിയോ പുതിയ ഗവൺമെന്റിന് അതിന് പ്രാബല്യം നൽകാമായിരുന്നു. അതുരണ്ടും

ചെയ്യാത്തതിനാൽ ആ നികുതി വ്യവസ്ഥകൾക്ക് പ്രസക്തിയില്ലാതാവുകയും സംസ്ഥാനത്തിന് വരുമാനനഷ്ടം വരുകയും ചെയ്തിരിക്കുന്നു. ഉത്തരവാദിത്വത്തോടുകൂടി ഗവൺമെന്റ് പെരുമാറാത്തതിന്റെ ഫലമായി സംസ്ഥാനത്തിന് നികുതിവരുമാനം നഷ്ടപ്പെട്ടിരിക്കുന്ന നടപടി ക്രമവിരുദ്ധമാണ്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): പി.സി.ആർ. ആക്ട് പ്രകാരമുള്ള 120 ദിവസം 12–5–2006–ന് കഴിയുകയാണ്. പുതിയ സർക്കാർ സത്യപ്രതിജ്ഞ ചെയ്യുന്നത് 18–5–2006–നാണ്. 19–ാം തീയതി ഓർഡിനൻസ് ആക്കേണ്ടിവന്നാലും അതിന് റിട്രോസ്പെക്ടീവ് ഇഫക്ട് കൊടുക്കാൻ പറ്റില്ല. ഇന്ന് അവതരിപ്പിക്കുന്ന പുതിയ ഫിനാൻസ് ബിൽ ഇന്നുമുതൽ പ്രാബല്യത്തിലാണെന്നുള്ള വ്യവസ്ഥ വരുമ്പോൾ 13–6–2006 മുതൽ 28–6–2006 വരെയുള്ള കാലയളവിൽ എന്തു വ്യവസാഥയാണുള്ള തെന്നുള്ള പ്രശ്നമുണ്ട്. ഇന്നലെ ബഡ്ജറ്റ് ചർച്ചയിൽ ഉറപ്പുനൽകിയ പുതിയ നികുതി നിർദ്ദേശങ്ങൾക്ക് റിട്രോസ്പെക്ടീവ് ഇഫക്ട് ഉണ്ടാകില്ല. ഇന്ന് അവതരിപ്പിക്കുന്ന ബിൽ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി സ്റ്റേജിലോ ബില്ലിന്റെ മറുപടിയിലോ നിലപാട് അറിയിക്കുന്നതിന് ഈ സഭയുടെ കീഴ് വഴക്കമനുസരിച്ച് സമയമുണ്ട്. അതുകൊണ്ട് തക്കസമയത്ത് ഓരോ ക്ലാസ്സിലും എന്താണ് ഗവൺമെന്റിന്റെ നിലപാടെന്നുള്ളത് വ്യക്തമാക്കും.

**റൂളിംഗ്**

മി.സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ ഒബ്ജക്ഷൻ നിലനിൽക്കുന്ന തല്ല.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിച്ചുകൊണ്ട് ദീർഘമായി പറയുന്നില്ല. ഇന്നലെ ഈ ചർച്ചാവേളയിൽ കേരളത്തിന്റെ വരുമാനമാർഗ്ഗം ലക്ഷ്യം കൈവരിക്കാൻ കഴിയുന്നതാണോ എന്ന് പല പ്രതിപക്ഷ മെമ്പർമാരും സംശയം പ്രകടിപ്പിച്ചിരുന്നു. അതിൽ സ്വർണ്ണ വ്യാപാരത്തിന്മേലുള്ള 4 ശതമാനം നികുതി പിരിഞ്ഞുകിട്ടുമോ ഇല്ലയോ എന്ന സംശയങ്ങളും വന്നു. ഇന്നലെ സഭ പിരിഞ്ഞശേഷം സ്വർണ്ണ വ്യാപാരികളുമായി നടന്ന ചർച്ചയിൽ ഈ ബില്ലിലെ വ്യവസ്ഥപ്രകാരം കോമ്പൗണ്ട് ചെയ്ത് എല്ലാ പ്രമുഖ വ്യാപാരികളും നികുതി അടയ്ക്കാമെന്ന് സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തുകയായ 100 കോടി രൂപയിൽ ഏതാണ്ട് 80 കോടിയോളം രൂപ ഉറപ്പായിരിക്കുകയാണ്. ബാക്കിവരുന്ന 20 കോടി രൂപകൂടി പിരിക്കാനുള്ള നടപടി സ്വീകരിക്കും. ആ തുക കിട്ടിയാൽ കേരളത്തിലെ കർഷക ത്തൊഴിലാളിക്ക് ഒരു ഗഡു കുടിശ്ശികകൂടി നൽകും.

ശ്രീ. വർക്കല കഹാർ: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. എണ്ണമറ്റ പദ്ധതികൾ പ്രഖ്യാപിക്കുകയും പേരിനുമാത്രം തുക വക കൊളളിക്കുകയുമാണ് ഈ ബഡ്ജറ്റിൽ ചെയ്തിട്ടുളളത്. എം.എൽ.എ. ഫണ്ടിന്റെ കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ച നിലപാടിനോട് യോജിക്കാൻ കഴിയില്ല. ഫിഷറീസ്-ജലവിഭവ വകുപ്പുകളിലേയും ശബരി മലയുടെ വികസനത്തിന്റേയും കാര്യത്തിൽ ഫണ്ട് വെട്ടിക്കുറച്ചു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ 5000-ത്തോളം ഏക്കർ സ്ഥലം ആദിവാസികൾക്ക് നൽകിയപ്പോൾ 1250 ഏക്കർ സ്ഥലം മാത്രമാണ് ഈ സർക്കാർ നൽകിയത്. ഹജ്ജ് ഹൗസിനുളള ധനസഹായം, നീർത്തട പദ്ധതി, അക്ഷയ പദ്ധതി, കൊച്ചി-മെട്രോ പദ്ധതി ഇതെല്ലാം യു.ഡി.എഫ്. സർക്കാർ ആവിഷ്ക്കരിച്ച

പദ്ധതികളുടെ ആവർത്തനങ്ങളാണ്. തീരദേശ നിവാസികളേയും മത്സ്യ ത്തൊഴിലാളികളേയും നിരാശരാക്കുന്ന സമീപനമാണ് ഈ ബഡ്ജറ്റിലുള്ളത്. വൈദ്യശാസ്ത്ര രംഗത്തെ പദ്ധതികളെ സംബന്ധിച്ച പ്രഖ്യാപനത്തെ എല്ലാവരും സ്വാഗതം ചെയ്തെങ്കിലും അതിലേയ്ക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ല. ആരോഗ്യ വകുപ്പുമന്ത്രി വാഗ്ദാനം നൽകിയ മാതൃകാ ആശുപത്രിയെ സംബന്ധിച്ച് ബഡ്ജറ്റിൽ യാതൊന്നും പറഞ്ഞിട്ടില്ല. ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് 20 ലക്ഷം രൂപയുടെ സഹായംവീതം അനുവദിക്കുന്ന ഒരു പദ്ധതി നാഷണൽ റൂറൽ ഹെൽത്ത് മിഷൻ തയ്യാറാക്കിയിട്ടുണ്ട്. പ്രസവ വാർഡ്, ഓപ്പറേഷൻ തിയേറ്റർ എന്നിവ സജ്ജീകരിക്കുന്നതിനുവേണ്ടിയാണ് ഈ തുക അനുവദിക്കുന്നത്. ഇതിലേയ്ക്കായി എല്ലാ സംസ്ഥാന ഗവൺമെന്റുകളും പ്രോജക്ട് സമർപ്പി ക്കാൻ ആവശ്യപ്പെട്ടതുപ്രകാരം കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു പ്രോജക്ട് കൊടുത്തു. അതനുസരിച്ച് ഒരു ജില്ലയിൽ രണ്ട് ആശുപത്രികൾവീതം സെലക്ട് ചെയ്ത് ജി.ഒ. ഇഷ്യൂ ചെയ്തതാണ്. അതിനെയാണ് ഇപ്പോൾ മാതൃകാ ആശുപത്രി സ്ഥാപിക്കാൻ പോകുന്നുവെന്ന് ആരോഗ്യവകുപ്പുമന്ത്രി കൊട്ടിഘോഷിക്കുന്നത്. പ്രവാസി കൾക്കുവേണ്ടിയും ഈ സർക്കാർ യാതൊന്നും ചെയ്തിട്ടില്ല.

<u>ശ്രീ സി.എച്ച്. കുഞ്ഞമ്പു</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലി ക്കുന്നു. കേരളത്തിന്റെ പൊതുകടം വർദ്ധിപ്പിച്ച് സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കിയതിലൂടെ കേരളത്തെ കടക്കെണിയിലേയ്ക്ക് തള്ളിവിട്ട യു.ഡി.എഫ് ഗവൺമെന്റിന്റെ നടപടികളിൽനിന്നും കേരളത്തെ രക്ഷിക്കണമെങ്കിൽ വിഭവ സമാഹരണം നടത്തുകയും ചെലവുകൾ കർശനമായി ചുരുക്കുകയും ചെയ്യേണ്ടിവരും. കഴിഞ്ഞ 45 വർഷത്തെ കടം 23000 കോടിയിലധികം രൂപ

ആയിരുന്നുവെങ്കിൽ കഴിഞ്ഞ 5 വർഷത്തെ യു.ഡി.എഫ്. ഭരണകാലത്ത് മാത്രമുണ്ടായ കടം 31,718 കോടി രൂപയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായ സാമ്പത്തിക അസമത്വംമൂലം പാവപ്പെട്ട ജനവിഭാഗങ്ങളുടെ സ്ഥിതി വളരെ കഷ്ടത്തിലായി. കേരളത്തിലെ സമ്പത്തിന്റെ 43 ശതമാനവും ആകെ ജനസംഖ്യയുടെ 10 ശതമാനം വരുന്ന സമ്പന്നരുടെ കയ്യിലാണ്. സമ്പന്നരും പാവപ്പെട്ടവരും തമ്മിലുള്ള അന്തരം ഇതിൽനിന്നും വളരെ വ്യക്തമാണ്. സമ്പന്നരിൽനിന്നും നികുതി പിരിച്ച് പാവപ്പെട്ടവർക്ക് ആശ്വാസ നടപടികൾ ലഭ്യമാക്കുന്ന തരത്തിലുള്ളതാണ് ഈ ബഡ്ജറ്റ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാർഷിക-പരമ്പരാഗത വ്യവസായ മേഖലകൾ പാടെ തകർന്നിരുന്നു. ധാരാളം കർഷകർ ആത്മഹത്യ ചെയ്തു. കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ യു.ഡി.എഫ് ഗവൺമെന്റ് യാതൊന്നും ചെയ്തില്ല. എന്നാൽ ഈ സർക്കാർ അധികാരമേറ്റ ഉടനെ ആത്മഹത്യ ചെയ്ത കർഷകർ എടുത്തിരുന്ന കാർഷിക കടങ്ങൾ എഴുതിത്തള്ളാൻ തീരുമാനിച്ചു. കാർഷിക വിളകളുടെ വിലയിടിവിൽ നിന്നും കർഷകരെ സംരക്ഷിക്കാൻ നടപടിയെടുത്തു. 1999-2000 കാലഘട്ടത്തിൽ 7017 കോടിരൂപയുടെ വിറ്റുവരവുണ്ടായിരുന്നത് 2004-05-ൽ 5586 കോടി രൂപയായി ചുരുങ്ങിയതിലൂടെ കർഷകരുടെ നഷ്ടം എതാണ്ട് 1500 കോടിയിലധികമായി. എന്നാൽ കർഷകരെ സംരക്ഷിക്കാൻ കാർഷിക കമ്മീഷൻ, കാർഷിക കടാശ്വാസ കമ്മീഷൻ എന്നിവ ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. മലബാർ പ്രദേശത്ത്, പ്രത്യേകിച്ച് കാസർകോട് ഭാഗത്തുള്ള അടയ്ക്ക കർഷകർ വളരെ ബുദ്ധിമുട്ടനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അവരെ സംരക്ഷിക്കണമെങ്കിൽ അടയ്ക്കയ്ക്ക് കൂടുതൽ വില ലഭിക്കണം. ഇപ്പോൾ കർണ്ണാടകയിലെ കാംകോയാണ് ഈ പ്രദേശത്തെ അടയ്ക്ക സംഭരിക്കുന്നത്. ഇവിടത്തെ

കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാൻ കാംകോ മോഡലിൽ സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഗുണ്ടാ മാഫിയ, വനം മാഫിയ, പെൺവാണിഭം തുടങ്ങിയവയാൽ സംസ്ഥാനത്തെ ക്രമസമാധാനനില തകർന്നിരുന്നു. നാൽപ്പതോളം പേർ മരിക്കുകയും അനേകം ജനങ്ങളെ ബാധിക്കുകയും ചെയ്ത പ്രശ്നമാണ് കാസർകോട്ട് ഉണ്ടായ എൻഡോസൾഫാൻ ദുരന്തം. ഇതിന് ഇരയായവരുടെ പുനരധിവാസത്തിന് സർക്കാർ 50 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്. മഞ്ചേശ്വര ത്തുള്ള ഗോവിന്ദപൈ കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടി 25 ലക്ഷം രൂപയും ബേക്കൽ ടൂറിസത്തിനുവേണ്ടി 5 കോടിരൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

<u>ശ്രീ കെ.കുട്ടി അഹമ്മദ് കുട്ടി</u>: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. വികലമായ വികസന നയങ്ങളും സാമ്പത്തിക നയങ്ങളും ഉൾപ്പെടുത്തി അവതരിപ്പിച്ച ബഡ്ജറ്റിനെ എതിർക്കാതിരിക്കാൻ സാധ്യമല്ല. ഈ ഗവൺമെന്റ് പറയുന്ന കാര്യങ്ങൾക്ക് വാക്കുകൾകൊണ്ടുള്ള കരണം മറിച്ചിലല്ലാതെ യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ല. 50.78 കോടി രൂപയുടെ വർദ്ധനവാണ് പദ്ധതി ഇനത്തിൽ കാർഷിക മേഖലയിൽ വകയിരു ത്തിയിട്ടുള്ളത്. ഈ തുക കൊണ്ട് മുഖ്യമായും ഉദ്ദേശിക്കുന്നത് ഫാം സെക്ടറിലുള്ള പ്രത്യേക പദ്ധതിയും മാർക്കറ്റ് ഇന്റർവെൻഷനുമാണ്. അഗ്രിക്കൾച്ചറൽ സെക്ടറിൽ പുഷ്പകൃഷി, അഗ്രിക്കൾച്ചർ എക്സ്പോർട്ട് സോൺ, കർഷക സേവന കേന്ദ്രങ്ങൾ, നഗരത്തിൽ ഒരു നാട്ടിൻപുറം എന്നി വയ്ക്കായി ഗ്രൂപ്പ് ഫാമിംഗിനുള്ള 2 കോടി രൂപ മാറ്റിയിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ സംസാര വിഷയമായിരുന്നു കാർഷിക മേഖലയിലെ തകർച്ച. ആഗോളവൽക്കരണത്തിന്റെ ഫലമായി ചില സംഭവ

ങ്ങൾ കാർഷിക മേഖലയിലുണ്ടായി. വളരെ പ്രയാസപ്പെട്ടിട്ടാണെങ്കിലും നിങ്ങൾ തകർത്തെറിഞ്ഞ കാർഷിക മേഖലയ്ക്ക് കുറച്ച് ആശ്വാസം നൽകാൻ കഴിഞ്ഞു. റബ്ബറിന് വില വർദ്ധിച്ചു. കേരളത്തിലെ കാർഷിക മേഖല രക്ഷപ്പെടണമെങ്കിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒന്നിച്ച് ചിന്തിക്കണം. പല ഉൽപ്പന്നങ്ങൾക്കും വില സുസ്ഥിരമായി നിലനിർത്താൻ കഴിയുന്നില്ല. പരിസ്ഥിതി പ്രശ്നമാണ് റബ്ബർ കർഷകരുടെ പ്രധാനപ്പെട്ട പ്രശ്നം. ഉൽപ്പാദനക്ഷമത കുറഞ്ഞിരിക്കുന്നു. ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ബൃഹത്തായ ദീർഘകാലാടിസ്ഥാന ത്തിലുള്ള പദ്ധതികൾ കാർഷിക മേഖലയിലുണ്ടാക്കണം. ആഗോളവൽ ക്കരണം തടയാനുള്ള ശ്രമം നടത്തണം. വ്യവസായത്തിന് പദ്ധതി ഇനത്തിൽ 121.64 കോടി രൂപ വർദ്ധനവ് വരുത്തിയിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളുൾപ്പെടെയുള്ള ചെറുകിട ഉൽപ്പാദകരെ സഹായിക്കാൻ 23 കോടി രൂപയും കശുവണ്ടി മേഖലയിൽ 23 കോടി രൂപയും ബീഡി വ്യവസായത്തിന് 2 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ശേഷിക്കുന്ന തുക പരമ്പരാഗത വ്യവസായങ്ങൾക്കല്ല മറ്റ് വ്യവസായങ്ങൾക്കാണ് കൂടുതലും ചെലവാക്കി യിരിക്കുന്നത്. പരമ്പരാഗത മേഖലയെ രക്ഷിക്കണം. കയറിന് വിലയും യൂണിറ്റ് വാല്യൂവും കൂടിയിട്ടും കയർ തൊഴിലാളികൾക്ക് അതിന്റെ ഗുണം കിട്ടുന്നില്ല. 40-50 വയസ്സുള്ളവരല്ലാതെ പുതുതായി ആരും ഈ മേഖലയിലേയ്ക്ക് വരുന്നില്ല. കയർ മേഖല മോഡേണൈസ് ചെയ്യാനും റീഹാബിലിറ്റേറ്റ് ചെയ്യാനുമുള്ള പരിപാടികളെക്കുറിച്ച് ചിന്തിക്കണം. ഫിഷറീസ് മേഖലയിൽ തീരദേശ വികസന ഏജൻസിക്ക് വകയിരുത്തിയ 10 കോടി രൂപയും ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള 3 കോടി രൂപയും കുറച്ചു. തീരദേശ വികസന ഏജൻസി പ്രോജക്ട് കൊടുത്ത് സമഗ്രമായ

വീക്ഷണത്തോടുകൂടിയുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാനാണ് കഴിഞ്ഞ ഗവൺമെന്റ് ഉദ്ദേശിച്ചത്. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ദുരിതങ്ങൾ അകറ്റാൻ ശ്രമിക്കണം. ടൂറിസം മേഖലയിൽ വികസനത്തിനും ദാരിദ്ര്യനിർമ്മാർജ്ജനത്തിനും ഊന്നൽ കൊടുക്കണം. ദിശാബോധവും യാഥാർത്ഥ്യബോധവുമില്ലാത്ത വോട്ട് ഓൺ അക്കൗണ്ടാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. പി. തിലോത്തമൻ: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കഴിഞ്ഞ ദിവസം അവതരിപ്പിച്ച ബഡ്ജറ്റിന്റെ ഭാഗമാണ് ഈ വോട്ട് ഔൺ അക്കൗണ്ട്. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളും പ്രശംസിച്ച കേരളത്തിന്റെ വികസന ചരിത്രത്തിന് ഒരു പുതിയ അദ്ധ്യായമായി കൊണ്ടുവന്ന ഈ ബഡ്ജറ്റ് തീർച്ചയായും കേരളത്തിന്റെ അങ്ങോട്ടുള്ള പ്രയാണത്തിന്റെ വഴികാട്ടിയായി മാറും. കേരളത്തിലെ ജനങ്ങളാകെ ആവേശത്തോടും പ്രതീക്ഷയോടും ഉറ്റുനോക്കുന്ന ഭരണമാറ്റത്തിൽ സമീപ കാലത്തൊന്നുമുണ്ടാകാത്ത ആവേശം പ്രകടിപ്പിക്കുകയും ഒരു പരിധിവരെ അവർ അനുഭവിച്ച ദുരിതങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുന്ന അവസ്ഥാവിശേഷം സൃഷ്ടിക്കുകയും ചെയ്യും. ജനങ്ങളുടെ പ്രതീക്ഷ യ്ക്കൊത്തുയരാനും അവർ ആവശ്യപ്പെടുന്ന വികസന തന്ത്രങ്ങൾ ആവിഷ്ക്കരിക്കാനും ഈ സർക്കാരിന് കഴിയുമെന്ന പരസ്യമായ പ്രഖ്യാപനമാണ് നയപ്രഖ്യാപന പ്രസംഗത്തിലും ബഡ്ജറ്റിലും കാണാൻ കഴിഞ്ഞത്. സംസ്ഥാനം കടുത്ത കടക്കെണിയിൽപെട്ട് ഉഴലുകയാണ്. ഒരു ഭാഗത്ത് കടം പെരുകുമ്പോൾ മറുഭാഗത്ത് ഉൽപ്പാദന മേഖല തകരുന്നു. ഇടംവലം നോക്കാതെ ചെലവഴിച്ചത് മുഴുവനും ചെലവഴിക്കേണ്ട രംഗങ്ങളിലല്ലാത്തതിനാൽ ഉൽപ്പാദന മേഖല തകർന്ന് തരിപ്പണമാകുകയും

കടം വാനോളം ഉയരുകയും ചെയ്തു. ആ പ്രവണതയുമായി മുന്നോട്ട് പോകാൻ കഴിയില്ല. സംസ്ഥാനം നേരിടുന്ന രൂക്ഷമായ പ്രതിസന്ധി മറികടക്കാനുള്ള വ്യക്തമായ മറുപടിയാണ് ഈ ബഡ്ജറ്റിലൂടെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. അതിവേഗം വളർന്നുവരുന്ന സമ്പന്ന മദ്ധ്യ വർഗ്ഗവും ധാരാളം വിറ്റഴിയുന്ന ആഡംബര ഉപഭോഗ സാധനങ്ങളും പെരുകുന്ന മോട്ടോർ വാഹനങ്ങളുടെ ഇറക്കുമതിയും തഴച്ചുവളരുന്ന മദ്യ വിപണന കേന്ദ്രങ്ങളും അനുദിനം ഉയർന്നുവരുന്ന അൺഎയ്ഡഡ് സ്കൂളുകളും സ്വകാര്യ ആശുപത്രികളും സൂചിപ്പിക്കുന്നത് കേരളം ഒരു വിഭവശുഷ്ക സംസ്ഥാനമല്ല എന്നാണ്. സേവന മേഖലയിൽ നാം ആർജ്ജിച്ച നേട്ടങ്ങൾ നിലനിർത്താൻ കഴിയണമെങ്കിൽ റവന്യൂ വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് ഉത്പാദന മേഖലയുടെ അടിസ്ഥാനപരമായ വളർച്ചയ്ക്കുവേണ്ടി സമഗ്രമായ പരിപാടി തയ്യാറാക്കണം; ആവശ്യമായ പണം കണ്ടെത്താൻ കഴിയണം. സ്വർണ്ണത്തിന് നികുതി ഏർപ്പെടുത്തിയതു പോലെ കുറേ മേഖലകളിലേയ്ക്ക് കൂടി ഇത് വ്യാപിപ്പിക്കാൻ കഴിയുമെങ്കിൽ റവന്യൂ വരുമാനത്തിൽ ഗണ്യമായ വളർച്ച നേടിയെടുക്കാൻ കഴിയും. നികുതി വെട്ടിപ്പ് കണ്ടുപിടിക്കാനും ഇല്ലാതാക്കാനും കഴിയണം. പരമാവധി നികുതി സമാഹരിച്ച് റവന്യൂ വരുമാനം വർദ്ധിപ്പിക്കാനുതകുന്ന നീക്കങ്ങളു ണ്ടാകണം. മൂലധന നിക്ഷേപമായാലും കേന്ദ്രം പിരിക്കുന്ന നികുതിയുടെ വിഹിതമായാലും പദ്ധതി വിഹിതമായാലും പദ്ധതിയേതര വിഹിതമായാലും ഗ്രാന്റായാലും കേരളത്തിന് കിട്ടുന്നതിന്റെ തോത് കുറഞ്ഞുവരുന്നത് സംസ്ഥാനത്തെ റവന്യൂ വരുമാനത്തെ ബാധിക്കും. ഇത് കക്ഷി രാഷ്ട്രീയ ത്തിനതീതമായി കാണേണ്ടതാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ പുതിയ അടിത്തറയിൽ വളർത്തിയെടുക്കാൻ കഴിയണം. വലിയ സാധ്യതകളുണ്ടായി

രുന്ന കേരള കൺസ്ട്രക്ഷൻ കമ്പോണന്റ്സ് ലിമിറ്റഡ് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് പൂട്ടിയത്. വ്യവസായ രംഗത്ത് പുതിയ സംസ്ക്കാരം വളർത്തിയെടുക്കാനാവശ്യമായ പശ്ചാത്തല സൗകര്യം ഉണ്ടാക്കിയെടുക്കാൻ കഴിയണം. കേരളത്തിലെ പരമ്പരാഗത വ്യവസായമായ കയർ മേഖലയിൽ പണിയെടുക്കുന്നവരുടെ ക്ഷേമം ലാക്കാക്കി സംഘങ്ങളെ പുന:സംഘടിപ്പിക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനുമുള്ള ശ്രമങ്ങളെ സ്വാഗതം ചെയ്യുന്നു.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. വളരെ നിരാശാജനകമായിട്ടുള്ള, ജനങ്ങളുടെ പ്രതീക്ഷയെ തകർക്കുന്ന നിലയിലുള്ള ബഡ്ജറ്റിനോടനുബന്ധിച്ച് അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടാണിത്. നികുതി വരുമാനത്തിലൂടെയുള്ള കേവലമായ വരുമാനമല്ലാതെ വിഭവ സമാഹരണത്തിന് യാതൊരു നിർദ്ദേശവും ഈ ബഡ്ജറ്റിലില്ല. 19140 കോടി രൂപയുടെ റവന്യൂ വരുമാനം പ്രതീക്ഷിക്കുമ്പോൾ ബഡ്ജറ്റ് കമ്മി 5114 കോടി രൂപയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് സംസ്ഥാനത്തിന് സമ്മാനിച്ച സാമ്പത്തിക നേട്ടമാണ് ഈ ഗവൺമെന്റിനെ ആശങ്കയില്ലാതെ ഈ ബഡ്ജറ്റ് അവതരിപ്പിക്കാൻ പ്രേരിപ്പിച്ചത്. വികസന പ്രവർത്തനങ്ങൾക്കുവേണ്ടി കടം വാങ്ങേണ്ടിവന്നതുകൊണ്ടും എൽ.ഡി.എഫ്. ഗവൺമെന്റ് വരുത്തിയ കടം കൊടുത്തുതീർക്കേണ്ടിവന്നതുകൊണ്ടുമാണ് പൊതുക്കടം വർദ്ധിച്ചത്. സ്വർണ്ണത്തിന് ഏർപ്പെടുത്തിയിരിക്കുന്ന 4 ശതമാനം നികുതി സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്നതാണ്. കൂടുതൽ സ്വർണ്ണം വാങ്ങുന്നവർ കൂടുതൽ ടാക്സ് കൊടുക്കണമെന്ന രീതിയിൽ ഒരു സ്ലാബ് സിസ്റ്റം കൊണ്ടുവരണം. കെട്ടിട നിർമ്മാണത്തൊഴിലാളികൾക്ക് ഏർപ്പെടുത്തിയ 20 ശതമാനം ടാക്സ് ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്.

റബ്ബറിന് സെസ്സ് ഏർപ്പെടുത്തുന്ന നടപടി പിൻവലിക്കണം. കഴിഞ്ഞ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് എല്ലാത്തരം കർഷകരേയും കാർഷികാദായ നികുതിയിൽനിന്നും പൂർണ്ണമായും ഒഴിവാക്കിയിരുന്നു. കേബിൾ ടി.വി.ക്ക് ഏർപ്പെടുത്തിയ നികുതി പിൻവലിക്കണം. വ്യവസായ വികസനത്തിന് സാദ്ധ്യമാകുന്ന ഒരു പദ്ധതിയും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള ഒരു നിർദ്ദേശവും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങളിൽ എത്രമാത്രം നടപ്പാക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമുണ്ട്. ഒരു പ്രത്യേക മേഖലയുടെ വികസനത്തിന് തുക മാറ്റിവയ്ക്കാതെ പ്രവേശന നികുതി ചുമത്തുന്നത് ഭരണഘടനാവിരുദ്ധമാണെന്ന് കോടതി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വികസന കാര്യത്തിൽ ഏറ്റവും വെമ്പൽകൊള്ളുന്ന ഒരു നാടാണ് കേരളം. വികസന കാര്യങ്ങൾ നടപ്പാക്കണമെങ്കിൽ വ്യാവസായിക മേഖലയിൽ സമാധാനപരമായ അന്തരീക്ഷം സംസ്ഥാനത്ത് ഉണ്ടാകണം. അഴിമതിക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞ് അധികാരത്തിൽവന്ന ഗവൺമെന്റിന് അതിന് കഴിയാത്ത സാഹചര്യത്തിൽ ഒരു പ്രതീക്ഷയും ഈ ഗവൺമെന്റിൽ അർപ്പിക്കാൻ കഴിയില്ല.

<u>ശ്രീ.വി.സുരേന്ദ്രൻപിള്ള</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ച് വർഷവും വൻകിടക്കാരെ സംരക്ഷിച്ചുകൊണ്ടുള്ള ഒരു ഭരണമായിരുന്നു കേരളത്തിലുണ്ടായിരുന്നത്. അന്ന് തോട്ടം തൊഴിലാളി മേഖലയിൽ പട്ടിണിയും പരിവട്ടവുമായിരുന്നുവെങ്കിൽ ഇന്ന് ഒട്ടേറെ ആശ്വാസ നടപടികൾ സ്വീകരിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന് കഴിഞ്ഞു. യാഥാർത്ഥ്യബോധത്തോടെയുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്.

ഇടതുപക്ഷ ജനാധിപത്യമുന്നണി കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നൽകിയിരുന്ന വാഗ്ദാനങ്ങൾ ഒന്നൊന്നായി നിറവേറ്റാൻ കഴിയുന്ന രീതിയിലാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. കയർ മേഖലയ്ക്ക് 21 കോടി രൂപയും കശുവണ്ടി മേഖലയ്ക്ക് 15 കോടി രൂപയും ബഡ്ജറ്റിൽ നീക്കിവച്ചു. യു.ഡി. എഫ്. ഗവൺമെന്റ് കഴിഞ്ഞ അഞ്ചുവർഷം നടത്തിയ ജനദ്രോഹകരമായ നയത്തിന്റെ പ്രതിഫലനമാണ് അവരെ പ്രതിപക്ഷ ത്തിരുത്താൻ ജനങ്ങളെ നിർബന്ധിതരാക്കിയതെന്ന യാഥാർത്ഥ്യം പ്രതിപക്ഷം മനസ്സിലാക്കണം.

ശ്രീ.ടി.എൻ.പ്രതാപൻ : വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. മൽസ്യബന്ധനവുമായി ബന്ധപ്പെട്ട് ഒരു പ്രോജക്ടുണ്ടാക്കുന്നതിനുവേണ്ടി കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ബഡ്ജറ്റിൽ അനുവദിച്ച 15.88 കോടി രൂപ കട്ട് ചെയ്തുകൊണ്ടാണ് ഇപ്പോൾ റിവൈസ്ഡ് ബഡ്ജറ്റിൽ 50 ലക്ഷം രൂപ നീക്കിവച്ചിട്ടുള്ളത്. കേരളത്തിന്റെ സമ്പദ്ഘടനയെ വളരെയേറെ സ്വാധീനിക്കുന്ന പ്രവാസി മലയാളികൾക്കുവേണ്ടി ഒരു പുതിയ എയർലൈൻ സർവ്വീസ് ആരംഭിക്കുന്നതിനുവേണ്ടി 99 ലക്ഷം രൂപ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നീക്കിവച്ചിരുന്നുവെങ്കിലും ഈ ഗവൺമെന്റിന്റെ റിവൈസ്ഡ് ബഡ്ജറ്റിൽ അത് ഉപേക്ഷിച്ചിരിക്കുകയാണ്. കണ്ണൂർ വിമാനത്താവളത്തിനു വേണ്ടി നീക്കിവച്ചിരുന്ന 9 കോടി രൂപയും തിരുവനന്തപുരത്തും കോഴിക്കോടും നോർക്കഭവൻ സ്ഥാപിക്കുന്നതിനുവേണ്ടി വകയിരുത്തി യിരുന്ന തുകയും റിവൈസ്ഡ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രവാസി മലയാളികളോട് ഇത്തരത്തിൽ ക്രൂരത കാണിച്ചത് ശരിയല്ല, ഇക്കാര്യം പുന:പരിശോധിക്കണം. അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഒരു കർമ്മപരിപാടിയും ഈ

ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടില്ല. മരാമത്ത് വകുപ്പുമന്ത്രി പ്രസിഡന്റായിട്ടുള്ള ഒരു കർഷകസംഘം ഗവൺമെന്റിൽനിന്നും വായ്പയായി എടുത്ത 45 ലക്ഷംരൂപ ദുർവിനിയോഗം ചെയ്തുവെന്ന് നിയമസഭയുടെ മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതി കണ്ടെത്തിയിരിക്കുകയാണ്. മൈത്രി ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട അഴിമതിക്കേസ്സിൽ പ്രതിയായിട്ടുള്ളതും പൊതുമുതൽ കൊള്ളചെയ്ത് ദുർവിനിയോഗംചെയ്തുവെന്ന് കോടതി പരാമർശിച്ചതുമായ ഒരു മന്ത്രി ഈ ഗവൺമെന്റിൽ മന്ത്രിയായി തുടരുന്നത് ശരിയല്ല. അദ്ദേഹത്തെ മന്ത്രി സ്ഥാനത്തുനിന്ന് മാറ്റി നിർത്താൻ മുഖ്യമന്ത്രി തയ്യാറാകണം.

<u>ശ്രീ.മുരളി പെരുനെല്ലി:</u> വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. സാമ്പത്തിക അച്ചടക്കം ജനങ്ങളോട് പ്രതിബദ്ധതയുള്ള ഗവണ്മെന്റിന്റെ മുഖമുദ്രയാണ്. നിർമ്മാണ പ്രവർത്തന മേഖലയിലെ അരാജകത്വം അവസാനിപ്പിച്ച് സാമ്പത്തിക അച്ചടക്കം പാലിക്കുമെന്ന് ബഡ്ജറ്റിൽ അസന്നിഗ്ദമായി പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാന ഖജനാവ് കൊള്ളയടിച്ച ഗവൺമെന്റാണ് കഴിഞ്ഞ അഞ്ച് വർഷം ഭരിച്ചിരുന്നത്. ഇതിനിരയായത് പ്രധാനമായും തൃശൂർ ജില്ലയിലെ 30,000 ഏക്കറോളം വരുന്ന കോൾ കൃഷി മേഖലയിലെ കൃഷിക്കാരാണ്. ചരിത്രത്തിൽ ആദ്യമായി കരാറുകാരന് ഒരു ഗ്യാരന്റിയുമില്ലാതെ അഡ്വാൻസായി പണം കൊടുക്കുന്ന സമ്പ്രദായം യു.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കി. കോൾ വികസന ഏജൻസിക്ക് ഒരു പൈസപോലും നൽകിയില്ല. ധനകാര്യ മാനേജുമെന്റിന്റെ കാര്യത്തിൽ യു.ഡി.എഫ്. ഭരണം വൻ പരാജയമായിരുന്നു. ജനങ്ങളോട് പ്രതിബദ്ധതയുള്ള ഒരു ഗവണ്മെന്റ് നടപ്പിലാക്കാൻ കഴിയാത്ത പദ്ധതികൾ കേന്ദ്ര ആസൂത്രണ കമ്മീഷനുമുമ്പിൽ സമർപ്പിച്ചതിന്റെ ഫലമായി

ധനമന്ത്രാലയം വായ്പയുടെ പരിധി വെട്ടിക്കുറയ്ക്കുകയാണുണ്ടായത്. ഈ കാലയളവിൽ പദ്ധതി അടങ്കലിന്റെ 75 ശതമാനം മാത്രം ചെലവഴിച്ചിട്ടും നിരവധി തവണ ട്രഷറി അടച്ചുപൂട്ടുന്ന സ്ഥിതിവിശേഷമാണ് ഉണ്ടായിരുന്നത്. സാധാരണ ജനങ്ങൾക്ക് ആശ്വാസകരമായ നടപടിയാണ് ബഡ്ജറ്റിലൂടെ ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ 5 വർഷമായി ഗുരുതരമായ പ്രതിസന്ധി നേരിടുന്ന കോൾ കർഷകരുടെ പ്രശ്നം ചർച്ച ചെയ്യുന്നതിന് തയ്യാറാണെന്ന കൃഷി വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം ആശ്വാസജനകമാണ്. സമസ്ത മേഖലകളിലും ജനങ്ങൾക്ക് നൽകിയ ഉറപ്പ് നടപ്പാക്കിക്കൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. തൊഴിൽരഹിതരോട് നിഷേധാത്മകമായ സമീപനമാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. യു.ഡി.എഫ്. ഭരണകാലത്ത് അടച്ചുപൂട്ടിയ കള്ളുഷാപ്പുകൾ തുറക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്ന് രണ്ടാഴ്ചയ്ക്കുള്ളിൽ നടപടി സ്വീകരിച്ചു. കേരള ജനതയുടെ സമഗ്ര വികസനത്തിലും സാമൂഹ്യ നീതിയിലും അധിഷ്ഠിതമായ പുതിയ കേരളം കെട്ടിപ്പടുക്കാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്.

ശ്രീ. പി.സി. ജോർജ്: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കഴിഞ്ഞ ഒരു വർഷം കോട്ടയം ജില്ലയിൽ ദുരിതാശ്വാസ സഹായം വിതരണം ചെയ്തതിലെ ക്രമക്കേടുകൾ അന്വേഷണവിധേയമാക്കണം. ഇത്തരം കാര്യത്തിലെങ്കിലും സാമാന്യ നീതിയും മര്യാദയും പുലർത്താനുള്ള നീതിബോധം ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനുണ്ടാകണം. ഉരുൾപൊട്ടൽ പോലെയുള്ള പ്രകൃതി ദുരന്ത മേഖലകളുടെ പട്ടികയിൽ പൂഞ്ഞാർ ഉൾപ്പെടുത്തിയിട്ടുള്ളത് സ്വാഗതാർഹമാണ്. പ്രകൃതി ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് നടത്തിയ വികസന പ്രവർത്തനങ്ങളും റോഡിന്റെ നിർമ്മാണവും പരിശോധനയ്ക്ക് വിധേയമാക്കണം. 2002 നവംബർ

മാസത്തിൽ 50 പൈസ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചപ്പോൾ, മഴ ലഭിച്ചാൽ ഈ നിരക്കു കുറയ്ക്കാമെന്ന് അന്നത്തെ സർക്കാർ ഉറപ്പു തന്നിരുന്നു. കഴിഞ്ഞ വർഷം അധികജലം ലഭിച്ചതുമൂലം ഉൽപ്പാദനം കൂടിയ വകയിൽ 180 കോടി രൂപയുടെ അധിക വരുമാനം ബോർഡിനുണ്ടായി. ആ നിലയ്ക്ക് 50 പൈസ ഗുണഭോക്താക്കളിൽനിന്ന് ഈടാക്കുന്നത് കുറയ്ക്കണം. സബ്സിഡി കൊടുക്കാമെന്നാണ് താരിഫ് കമ്മിറ്റിക്ക് യു.ഡി.എഫ്. കൊടുത്ത വാക്ക്. അതിന് ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടില്ല. ഇലക്ട്രിസിറ്റി ബോർഡിൽ ശമ്പള പരിഷ്ക്കരണം നടത്തിയിട്ടില്ല. 2500 പേരെ നിയമിക്കുമെന്ന് നിയമസഭയിൽ പറഞ്ഞിരിക്കുകയാണ്. ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡ് നില നിൽക്കുന്നത് 14% പലിശയ്ക്ക് ബാങ്കിൽ നിന്ന് എടുത്ത പണത്തിന് 7% പലിശയാക്കിയതുകൊണ്ടാണ്. നിർബന്ധമായും ഇലക്ട്രിസിറ്റി ബോർഡിന് ബഡ്ജറ്റിൽ പണം വകയിരുത്തണം. കെ.എസ്.ആർ.ടി.സി.യെ നിലനിർത്താൻ കഴിയുന്ന നിലയിൽ ആവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. കെ. പുരുഷോത്തമൻ</u> : വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കേരളത്തിലെ കാർഷിക-വ്യാവസായിക മേഖലകളെ തകർക്കുന്ന വിധത്തിലുള്ള ഭരണമായിരുന്നു കഴിഞ്ഞ കാലത്തുണ്ടായിരുന്നത്. കാർഷിക മേഖലയെ സംരക്ഷിക്കുന്നതിനുള്ള ധീരമായ നടപടികളാണ് ഈ ഗവണ്മെന്റ് സ്വീകരിക്കുന്നത്. കാർഷിക മേഖലയിൽ കഴിഞ്ഞ ഗവണ്മെന്റെടുത്ത തെറ്റായ കാർഷികവിരുദ്ധനയത്തിന്റെ ഫലമായി 1,300 ഓളം കൃഷിക്കാരാണ് ആത്മഹത്യ ചെയ്തത്. കേരളത്തിലെ പരമ്പരാഗത വ്യവസായമായ കയർ മേഖലയിലെ തൊഴിലാളികളുടെ അവസ്ഥയും

മറ്റൊന്നല്ലായിരുന്നു. ലാഭത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ സ്വകാര്യ മുതലാളിമാർക്ക് വിറ്റുതുലയ്ക്കാനുള്ള നടപടികളാണ് സ്വീകരിച്ചത്. ഈ ഗവണ്മെന്റ് പൊതുമേഖലാ വ്യവസായ ശാലകൾ സംരക്ഷിക്കുന്നതിനായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ കാലത്ത് കേരളത്തിലെ കാർഷിക-വ്യാവസായിക മേഖലകളെ അവഗണിച്ചിരുന്നു. മൂലധനനിക്ഷേപമുണ്ടാക്കുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുംവേണ്ടി കോടിക്കണക്കിന് രൂപ ചെലവഴിച്ച് സംഘടിപ്പിച്ച ജിം-ന്റെ അവസ്ഥയെന്തായെന്ന് പരിശോധിക്കപ്പെടേണ്ടതാണ്. 50,000 കോടി രൂപയുടെ നിക്ഷേപം കേരളത്തിലേയ്ക്ക് വരാൻ പോകുന്നെന്നും, 50,000 പേർക്ക് ഇവിടെ തൊഴിൽ കൊടുക്കുമെന്നും പറഞ്ഞിട്ട് ഒരു പെട്ടിക്കടപോലും തുടങ്ങാൻ കഴിഞ്ഞില്ല. കേരളീയ സമൂഹത്തെ പുതുക്കിപ്പണിയുന്നതിനുതകുന്ന നിർദ്ദേശങ്ങളാണ് ഈ ബഡ്ജറ്റിലുള്ളത്.

<u>ശ്രീ. കെ. പി. മോഹനൻ</u> : വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുന്നു. പാവപ്പെട്ട ആളുകൾക്കുവേണ്ടി പുരോഗമനപരമായ ധാരാളം നടപടികളുമായാണ് ഗവണ്മെന്റ് മുന്നോട്ടുപോകുന്നത്. മതിയായ വിധത്തിലുള്ള പ്രവർത്തനം നടക്കാത്ത ജില്ലാ ഭരണകൂടത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർദ്ദേശം കൊടുക്കണം. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ലക്ഷംവീടുകൾ നവീകരിക്കുന്നതിനുള്ള ഉത്തരവുണ്ടാകണം. വൈദ്യുതി രംഗത്ത് പുതിയ മാറ്റങ്ങളുണ്ടാക്കി വോൾട്ടേജ് ക്ഷാമം പരിഹരിക്കാനുള്ള പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കണം. വയൽ നികത്തുന്നതിനെതിരെ നിയമനിർമ്മാണമുണ്ടാക്കിയത് കേരളത്തിലെ നെൽക്കൃഷി ക്കാർക്ക് ആശാവഹമായ കാര്യമാണ്. കമ്മ്യൂ

ണിറ്റി ഹെൽത്ത് സെന്ററുകൾ നവീകരിക്കാനുള്ള നടപടി സ്വീകരിക്കണം. കുത്തഴിഞ്ഞ അവസ്ഥയിലായിരുന്ന ട്രാൻസ്പോർട്ട് രംഗത്തെ പൊതുജന ങ്ങളുടെ സേവന മേഖലയാക്കി മാറ്റുന്നതിനെക്കുറിച്ച് ആലോചിച്ചു കൊണ്ടാണ് ഗവണ്മെന്റ് മുന്നോട്ടുപോകുന്നത്. കഴിഞ്ഞ ഗവണ്മെന്റ് ചെയ്ത തുപോലെ ദേശസാൽക്കൃത റൂട്ടുകൾ സ്വകാര്യവൽക്കരിക്കുകയില്ലെന്ന് ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ആഭ്യന്തര രംഗത്ത് നിഷ്പക്ഷമായ നടപടി സ്വീകരിച്ചുകൊണ്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ആധുനിക ഉപകര ണങ്ങൾ ലഭ്യമാക്കി സംസ്ഥാനത്തെ ഫയർ സ്റ്റേഷൻ നല്ല രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സ്പോർട്ട്സ് കൗൺസിൽ പുനർജ്ജീവിപ്പിച്ച് സ്പോർട്സ് രംഗത്ത് ഒട്ടേറെ മാറ്റങ്ങൾ വരുത്തണം. കായിക വിദ്യാഭ്യാസ രംഗത്തുള്ള പിന്നോക്കാവസ്ഥ മാറ്റി എൽ.പി. സ്കൂൾ മുതൽ കായിക വിദ്യാഭ്യാസത്തിൽ കളരിയെക്കൂടി ഉൾപ്പെടുത്തി പ്രോൽസാഹിപ്പിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം. ശുദ്ധജലവിതരണ പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള പണം പഞ്ചായ ത്തിനില്ലാത്തതുകൊണ്ട് പല പദ്ധതികളും മുടങ്ങിക്കിടക്കുന്നതിനാൽ പഞ്ചായത്തിന് ഫണ്ട് കൈമാറി പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മുടങ്ങിക്കിടക്കുന്ന പഴശ്ശിപോലുള്ള ജലസേചന പദ്ധതികൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടിയുണ്ടാകണം. കരയിടിച്ചിലുണ്ടാകുന്ന പുഴകൾ നന്നാക്കുന്നതിനുള്ള സംവിധാനമുണ്ടാകണം.

<u>ശ്രീ.ടി.പി.കുഞ്ഞുണ്ണി</u> : വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. രണ്ടുമൂന്നു മാസങ്ങൾക്കു മുമ്പ് കഴിഞ്ഞ ഗവണ്മെന്റ് അവതരിപ്പിച്ച ബഡ്ജറ്റിനെ സമ്പൂർണ്ണമാക്കി അവതരിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിലും ചില്ലറ

ഭേദഗതികളോടുകൂടി അതിന്റെ വോട്ട് ഓൺ അക്കൗണ്ടാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സാധാരണക്കാരെ വലിയതോതിൽ ബാധിക്കാത്ത വിധത്തിൽ റവന്യൂ വരുമാനത്തിൽ അൽപ്പം വർദ്ധനവും നികുതി വർദ്ധനവും ഉണ്ടാക്കുകയാണ് ചെയ്തത്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് മിക്ക ദിവസങ്ങളിലും ട്രഷറി ബാൻ നിലനിന്നിരുന്നു. വികസന-സേവന-ഉൽപ്പാദന മേഖലയ്ക്കും കൃഷി, പരമ്പരാഗത വ്യവസായങ്ങൾ ഉൾപ്പെടെ യുള്ളവയ്ക്ക് ഈ ബഡ്ജറ്റിൽ 250 കോടിരൂപ നീക്കിവച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. കഴിഞ്ഞ ഗവണ്മെന്റ് അധികാരത്തിൽനിന്നു പോകുമ്പോൾ സംസ്ഥാന ഖജനാവിൽ 147 കോടിരൂപ മിച്ചമായിരുന്നുവെന്ന് പറഞ്ഞിരുന്നത് സംസ്ഥാനത്ത് സാമ്പത്തികനില ഭദ്രമാണെന്ന് വരുത്തി ത്തീർക്കാനായിരുന്നു. പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ, കരാറുകാർക്ക് കൊടുക്കാനുള്ള കുടിശിക എന്നിവയൊക്കെ യുണ്ടായിരുന്നിട്ടാണ് 147 കോടി രൂപയുടെ മിച്ചമെന്ന് പറഞ്ഞത്. 1999-ൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ട് ഇപ്പോഴും പണി പൂർത്തിയാകാത്ത തൃത്താല-വെള്ളിയാങ്കല്ല് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഉദ്ഘാടനം കഴിഞ്ഞ തെരഞ്ഞെടുപ്പിനുമുമ്പ് ധൃതിപിടിച്ച് നടത്തി. കേരളത്തിലെ സാധാരണ ജനങ്ങളുടേയും കൃഷി, പരമ്പരാഗത വ്യവസായം എന്നിവയിൽ പണിയെടുക്കുന്ന തൊഴിലാളി കളുൾപ്പെടെയുള്ള സാധാരണക്കാരന്റെയും ജീവിതത്തോത് മെച്ചപ്പെടുത്താൻ ഉതകുന്ന വിധത്തിലുള്ള വികസന പ്രവർത്തനങ്ങൾക്ക് ഉതകുന്ന വിധത്തിലുള്ള നിർദ്ദേശങ്ങളാണ് പുതുക്കിയ ബഡ്ജറ്റിലുള്ളത്.

<u>ശ്രീ. അടൂർ പ്രകാശ്</u> : വോട്ട് വോൺ അക്കൗണ്ടിനെ എതിർക്കുന്നു. 2002-2003-ൽ 4118.66 കോടി രൂപയായിരുന്ന റവന്യൂ കമ്മി 2005-2006 ആയപ്പോൾ 3561.64 കോടി രൂപയായി കുറഞ്ഞുവെന്നാണ് ബഡ്ജറ്റ്

ഡോക്കുമെന്റിലൂടെ കാണാൻ കഴിയുന്നത്. ഇവിടെ അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റിലെ റവന്യൂ കമ്മി 5414.78 കോടി രൂപയാണ്. കടബാധ്യത 2002–2003–ൽ 4703.07 കോടി രൂപയായിരുന്നത് 2005–2006 ആയപ്പോൾ 4698.01 കോടി രൂപയായി മാറിയെങ്കിൽ ഇപ്പോഴത്തെ ബഡ്ജറ്റിൽ അത് 7422.58 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. ജീവനക്കാരുടെ ശമ്പളക്കുടിശിക നൽകുന്നതിന് മതിയായ തുക വകയിരുത്തിയിട്ടില്ല. ശമ്പള പരിഷ്ക്കരണ ത്തിന് 3,000 കോടി രൂപ വേണ്ട സ്ഥാനത്ത് 1,600 കോടി രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാത്തതാണ് കാർഷിക മേഖലയിലെ പ്രധാന പ്രശ്നം. കാർഷികോൽപ്പ ന്നങ്ങൾ സംസ്ക്കരിച്ച് വിപണനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരി ച്ചാൽ കർഷകരെ സഹായിക്കാനാകും. കേന്ദ്ര ഗവൺമെന്റിൽനിന്നും കിട്ടുന്ന പണം പല കാര്യങ്ങൾക്കും ഉപയോഗിക്കാൻ കഴിയണം. യു.ഡി.എഫ്. ഭരണ കാലത്ത് ഒരു ഭക്ഷ്യ ഗവേഷണകേന്ദ്രം ആരംഭിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കി 16.3.2006–ൽ കേന്ദ്രഗവൺമെന്റ് അംഗീകരിച്ച് ക്വാളിറ്റി ലാബ് സെറ്റപ്പ് ചെയ്യുന്നതിനുവേണ്ടി ഗ്രാന്റ്–ഇൻ–എയ്ഡ് എന്ന നിലയിൽ ആദ്യ ഘട്ടം 5 കോടി രൂപ അനുവദിച്ചു. അതിന്റെ അടിസ്ഥാനത്തിൽ സൗകര്യ ങ്ങൾ ഒരുക്കുന്നതിനായി രണ്ട് കോടി രൂപ കഴിഞ്ഞ ബഡ്ജറ്റിൽ വകയിരു ത്തിയിരുന്നുവെങ്കിലും ഈ ബഡ്ജറ്റിൽ ഒരു കോടി രൂപയായിക്കുറച്ചത് ശരിയല്ല. വെട്ടിക്കുറച്ച തുക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടു ത്തുന്നതിന് നൽകണം. കാർഷികോൽപ്പന്നങ്ങൾ വാല്യൂ ആഡഡ് പ്രോഡക്ട്സാക്കി വിറ്റഴിക്കുന്നതിനുവേണ്ടി പദ്ധതികൾ തയ്യാറാക്കിയാൽ മാത്രമേ നേട്ടം കൈവരിക്കാനാകൂ. അതിന് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണം. പെട്രോൾ, ഡീസൽ വിലവർദ്ധനവുണ്ടാകുമ്പോൾ നിത്യോ

പയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്താൻ കഴിയണം. ഓണക്കാലത്ത് സൗജന്യമായി ഓണക്കിറ്റുകൾ വിതരണം ചെയ്യുമെന്നു പ്രഖ്യാപിച്ചെങ്കിലും അതിനായി തുക ബഡ്ജറ്റിൽ നീക്കിവച്ചിട്ടില്ല. സിവിൽ സപ്ളൈസ് കോർപ്പറേഷനിലൂടെ ഉണ്ടായ മുപ്പത്തിനാലരക്കോടി രൂപയുടെ ലാഭത്തിൽനിന്നും അതിനായി പണം കണ്ടെത്താനാകും. ബഡ്ജറ്റിൽ യാഥാർത്ഥ്യബോധത്തോടുകൂടിയ ചില വിട്ടുവീഴ്ചകളുണ്ടാകണമായിരുന്നു

ശ്രീ. ബി.ഡി. ദേവസ്സി : വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കാർഷിക മേഖലയുടെ സംരക്ഷണം ഉൾപ്പെടെ പാവപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടിയുള്ള നിർദ്ദേശങ്ങളാണ് ഈ ബഡ്ജറ്റിലുള്ളത്. പുതിയ നികുതി നിർദ്ദേശങ്ങളും ദുർബല വിഭാഗങ്ങളുടെ ക്ഷേമത്തിനും പെൻഷനും തുക അനുവദിച്ചതും സ്വാഗതാർഹമാണ്. കേരളത്തിന്റെ ചരിത്രത്തിൽ പുരോഗതി കൈവരിക്കുന്നതിനായി ഒട്ടേറെ മാതൃകാപരമായ നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുള്ളത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റുകളാണ്. നിയമം നടപ്പിലാക്കുന്ന ഉദ്യോഗസ്ഥരെ ശിക്ഷിക്കുന്ന സമീപനമാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചിരുന്നതെങ്കിൽ ഈ ഗവൺമെന്റ് നിയമം നടപ്പാക്കുന്ന ഉദ്യോഗസ്ഥരെ പരിരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കും. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നയങ്ങളിലൂടെ മാത്രമേ പാവപ്പെട്ടവരെ സംരക്ഷിക്കാനാകൂ എന്ന് ജനങ്ങൾ തിരിച്ചറിഞ്ഞിരിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിൽ അനാവശ്യമായ സാങ്കേതികത്വം പറഞ്ഞ് വർക്കുകൾ നീട്ടിക്കൊണ്ടുപോകുന്ന സ്ഥിതി മാറ്റി നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കാനും അനാവശ്യമായി പണി നീട്ടിക്കൊണ്ടുപോകുന്ന കരാറുകാരെ നിലയ്ക്കുനിർത്താനും നടപടി സ്വീകരിക്കണം. വളരെയേറെ വികസന സാധ്യതയുള്ള അതിരപ്പിള്ളി ടൂറിസ്റ്റ്

കേന്ദ്രം വികസിപ്പിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഗവൺമെന്റിൽനിന്നും പരിരക്ഷയുണ്ടാകും. ഗവൺമെന്റ് സ്വീകരിച്ച വിദ്യാഭ്യാസ നയങ്ങൾ പാവപ്പെട്ട വിദ്യാർത്ഥികളെ സഹായിക്കുന്നതിനുവേണ്ടിയുള്ളതാണ്.

ശ്രീ. എം.ജെ. ജേക്കബ് :വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റ് സമസ്ത മേഖലയേയും സ്പർശിക്കുന്നതാണ്. കേരളത്തിലെ സാധാരണക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും വിദ്യാഭ്യാസ മേഖലയിൽ നേട്ടം കൈവരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഇതിലുണ്ട്. പരമ്പരാഗത വ്യവസായ രംഗത്ത് ആശ്വാസകരമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് ത്രിതല പഞ്ചായത്തുകളിലൂടെ നേട്ടമുണ്ടാക്കാൻ സാധിച്ചു. വരും തലമുറകൾക്കുവേണ്ടി നല്ല റോഡ്, പാലം, കനാൽ, കെട്ടിടം തുടങ്ങിയവ ഉണ്ടാകണം. ജനങ്ങളുടെ പ്രയാസങ്ങൾക്ക് പരിഹാരം കാണണം. ആശുപത്രികളിൽ മരുന്നുവാങ്ങാൻ തുക അനുവദിച്ചത് സ്വാഗതാർഹമാണ്. 1979 കാലഘട്ടത്തിൽ പഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ നടത്താൻപോലും വരുമാനമില്ലായിരുന്നു. ഉദ്യോഗസ്ഥരുടെ ശമ്പളം, കറന്റ് ചാർജ്ജ് എന്നിവ കൊടുക്കാൻ കഴിയാത്ത അവസ്ഥയുണ്ടായിരുന്നു. ആ സ്ഥിതിക്ക് മാറ്റം വരുത്തി തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് അധികാരവും വിഭവവും കൊടുത്ത് അവയുടെ പ്രവർത്തനം വിപുലപ്പെടുത്തിയത് 1995-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. ഗവണ്മെന്റാണ്. പാവപ്പെട്ടയാളുകൾക്ക് വീടും പെൻഷനും നിലനിർത്തിക്കൊണ്ടുതന്നെ ഡ്യൂറബിളായിട്ടുള്ള അസ്സറ്റ് ക്രിയേറ്റ് ചെയ്യണം. സാമ്പത്തിക പരിമിതികൾ ഉണ്ടെങ്കിൽപ്പോലും ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതികൾ തയ്യാറാക്കണം.

<u>ശ്രീമതി ഇ.എസ്. ബിജിമോൾ</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. പീരുമേട് മണ്ഡലത്തിലെ തോട്ടം വ്യവസായത്തിൽ നിന്നുളള വരുമാനം ഈ സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയുടെ നട്ടെല്ലാണ്. തോട്ടം മേഖലയിലെ പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് കഴിഞ്ഞ 5 വർഷക്കാലം സമരം ചെയ്ത തൊഴിലാളികളുടെ പേരിൽ പോലീസിന്റെ ഒത്താശയോടുകൂടി മാനേജ്മെന്റുകൾ കളളക്കേസ്സെടുത്തു. പട്ടിണി മരണം മാത്രമല്ല, ചികിൽസ കിട്ടാതെ തൊഴിലാളികൾ മരിക്കുകയും പഠിക്കാൻ നിവൃത്തിയില്ലാതെ കുട്ടികൾ ആത്മഹത്യ ചെയ്യുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണുണ്ടായിരുന്നത്. തൊഴിലാളികൾ താമസിക്കുന്ന ലയങ്ങൾ ഇടിഞ്ഞുവീഴുന്നതിനാൽ അവർ പാലായനം ചെയ്യുകയും ഉയർന്ന മാർക്ക് വാങ്ങി ഹയർസെക്കണ്ടറി പാസ്സായ കുട്ടികൾക്ക് തുടർന്ന് പഠിക്കാൻ കഴിയാതെ പഠനം ഇടയ്ക്കുവച്ച് നിർത്തേണ്ട സ്ഥിതിയും ഉണ്ടായിരിക്കുകയാണ്. കുടിവെളളം യഥാസമയം എത്തിക്കാനും റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കാനും 5 കോടി രൂപ അനുവദിച്ചുവെങ്കിലും അതിൽ ഒന്നരക്കോടി രൂപ ചെലവാക്കിയിട്ട് മൂന്നരക്കോടി രൂപ തിരിച്ചുപിടിക്കുകയാണ് യു.ഡി.എഫ്. ഗവണ്മെന്റ് ചെയ്തത്. തൊഴിലാളികളുടെ ലയങ്ങൾ നന്നാക്കുന്നതിനും റോഡുകൾ നന്നാക്കുന്നതിനും കുടിവെളളമെത്തിക്കുന്നതിനും പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ തോട്ടം തൊഴിലാളികളുടെ റേഷൻ കാർഡുകൾ എ.പി.എൽ-ൽനിന്ന് ബി.പി.എൽ-ലേയ്ക്ക് മാറ്റുന്നതിനും അനുമതി വാങ്ങുന്നതിനായി നിവേദനം കൊടുത്തുവെങ്കിലും അതിൽ തീരുമാനമുണ്ടായില്ല. ഈ പ്രശ്നങ്ങൾക്കെല്ലാം ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ പരിഹാരം കാണുമെന്നുളളതാണ് യാഥാർത്ഥ്യം. വാഗമൺ ടൂറിസം പദ്ധതിയുടെ മറവിൽ നടന്ന ഭൂമി കയ്യേറ്റക്കാരെ ഒഴിപ്പിക്കു

മെന്നുള്ള പ്രസ്താവന സ്വാഗതാർഹമാണ്. ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കുമെന്ന് പറഞ്ഞിരിക്കുന്ന പാക്കേജ് പീരുമേട്ടിലുള്ള ആയിരക്കണക്കിന് ചെറുപ്പക്കാർക്ക് ആശ്വാസം പകരും. കാർഷിക സർവ്വക ലാശാലയുടെ കീഴിലുള്ള ഡയറി സയൻസ് കോളേജിന്റെ സ്ഥലം സർവ്വ കലാശാലയിൽനിന്ന് മാറ്റി കെ.എൽ.ഡി. ആന്റ് എം.എം.ബോർഡിന് തിരിച്ചു കൊടുക്കാൻ മുൻ ഗവണ്മെന്റ് ഉത്തരവിട്ടെങ്കിലും അവർ സ്ഥലം ഏറ്റെടുക്കാൻ വന്നപ്പോൾ അവിടത്തെ ജനങ്ങൾ തടഞ്ഞു. വാഗമൺ ടൂറിസം, ഡയറി സയൻസ് കോളേജ് എന്നിവയുടെ പ്രശ്നങ്ങളും പീരുമേട് തോട്ടം മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും പരിഹരിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് ശ്രദ്ധ പതിപ്പിക്കുമെന്ന് പൂർണ്ണ വിശ്വാസമുണ്ട്. ഇടുക്കി മേഖലയുടെ പ്രശ്നങ്ങൾക്ക് മുന്തിയ പരിഗണന കൊടുത്തുകൊണ്ട് സപ്ളിമെന്ററി ഡിമാൻഡിൽ തുക വകയിരുത്തുമെന്നുള്ള ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസ്താവനയെ സ്വാഗതം ചെയ്യുന്നു. കാർഷിക കടാശ്വാസ കമ്മിഷൻ രൂപീകരിച്ചതിനെയും ഇടുക്കി ജില്ലയിലെ തോട്ടം മേഖലയിലെ തൊഴിലാളികൾക്കായി മൂന്ന് കോടി രൂപയുടെ ഒരു പദ്ധതി നടപ്പാക്കുമെന്ന് ബഡ്ജറ്റിൽ പറഞ്ഞതിനെയും സ്വാഗതം ചെയ്യുന്നു. ബീഡി, സിഗാർ, കയർ, കശുവണ്ടി, തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾക്ക് തുക വകയിരുത്തിയതോടൊപ്പം കൈത്തറി മേഖലയ്ക്കും ആശ്വാസകരമായ പ്രഖ്യാപനങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. പി. ജയരാജൻ: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ആഗോളവൽക്കരണത്തിന്റെ കാലഘട്ടത്തിൽ വ്യക്തമായ കാഴ്ചപ്പാടോടു കൂടിയുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്.പാവപ്പെട്ടവരോട് ആഭിമുഖ്യമുള്ള ബഡ്ജറ്റാണിതെന്ന് പ്രകടമായി കാണാൻ കഴിയും.

സ്വർണ്ണത്തിന് ചുമത്തിയ നാല് ശതമാനം നികുതി കോംപൗണ്ടിംഗിലൂടെ അധികമായി കിട്ടുന്ന 80 കോടിയിലധികം രൂപ കർഷകത്തൊഴിലാളി കൾക്കുള്ള പെൻഷൻ തുകയ്ക്കായി വിനിയോഗിക്കുന്നതുവഴി സംസ്ഥാനത്തിന്റെ വിഭവസമാഹരണത്തിന്റെ ഒരു ഭാഗം അവശതയനുഭവി ക്കുന്ന വിഭാഗങ്ങളെ സഹായിക്കാൻ ഉപയോഗിക്കുകയാണ്. കഴിഞ്ഞ 5 വർഷക്കാലം ഭരിച്ച യു.ഡി.എഫ്.-ഗവണ്മെന്റിന്റെ ബഡ്ജറ്റ് സമീപനത്തിൽ നിന്ന് വ്യത്യസ്തമായ സമീപനമാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. വിഭവസമാഹരണത്തിന് എന്തെല്ലാം മാർഗ്ഗമുണ്ടെന്നുള്ള അന്വേഷണത്തിന്റെ തുടക്കമാണ് ഈ ബഡ്ജറ്റിലൂടെ കുറിച്ചിട്ടുള്ളത്. കേബിൾ ടി.വി. ഓപ്പറേറ്റേഴ്സിന് 5% നികുതി ഏർപ്പെടുത്തിയതിനെ എതിർക്കുന്ന പ്രതിപക്ഷം കർണ്ണാടകപോലുള്ള സംസ്ഥാനങ്ങൾ ഭരിക്കുന്ന ഗവൺമെന്റാണ് ആദ്യമായി കേബിൾ ടി.വി. ഓപ്പറേറ്റേഴ്സിന് നികുതി ഏർപ്പെടുത്തിയതെന്ന കാര്യം ഓർക്കണം. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്ന നിലയിൽ വസ്തു നികുതി പരിഷ്ക്കരിക്കുന്നത് സ്വാഗതാർഹമാണ്. പാവപ്പെട്ടവരോടുള്ള ആഭിമുഖ്യവും അധികാരവികേന്ദ്രീ കരണവുമൊക്കെ ബഡ്ജറ്റിന്റെ ഒരു പൊതുസമീപനമാണ്. ഭീമമായ രീതിയിൽ പൊതുക്കടം വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ സാമ്പത്തികമായ അച്ചടക്കം പാലിച്ചുകൊണ്ട് കടമെടുപ്പ് കുറയ്ക്കുന്നതിനുവേണ്ടിയുള്ള തീരുമാനവും സ്വാഗതാർഹമാണ്. വിമുക്തഭടന്മാർ മിലിറ്ററി ക്യാന്റീനിൽനിന്ന് വാങ്ങുന്ന സാധനങ്ങൾക്ക് വാറ്റ് നികുതിയിൽ കുറവു വരുത്താനുള്ള നിർദ്ദേശവും കർഷകർക്ക് കാർഷിക കടാശ്വാസം നൽകുന്നതിനുവേണ്ടിയുള്ള പുതിയ സ്കീമും വായ്പകൾ നൽകിക്കൊണ്ട് കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ഫലപ്രദമായ നിർദ്ദേശങ്ങളും സ്വാഗതാർഹ

മാണ്. ബ്രഹ്മപുരം, പാമോയിൽ തുടങ്ങിയ 25 കേസ്സുകളിൽ വിജിലൻസ് കേസ് പിൻവലിച്ച യു.ഡി.എഫ്.-ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റിന്റെ മന്ത്രിമാരുടെ പേരിൽ വിജിലൻസ് അന്വേഷണം വേണമെന്ന് പറയാനുള്ള ധാർമ്മികമായ അവകാശമില്ല. അനർഹമായി 5,000 കുടുംബങ്ങൾക്ക് ധനസഹായം കൊടുത്ത യു.ഡി.എഫ്-ന് ഇടതുമുന്നണി ഗവണ്മെന്റിനെ വിമർശിക്കാൻ അവകാശമില്ല. കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ കരിഞ്ചന്തക്കച്ചവടക്കാർക്ക് ഏജൻസി പണി ചെയ്യുന്ന സമീപനമാണ് യു.ഡി.എഫ്. ചെയ്തത്. കേന്ദ്ര ഗവൺമെന്റിന്റെ പൊതു മിനിമം പരിപാടിയിൽ പറഞ്ഞിട്ടുള്ളതുപോലെ ദരിദ്രനെന്നോ ദരിദ്രയെന്നോ ഉള്ള കാരണത്താൽ ആർക്കും പ്രൊഫഷണൽ വിദ്യാഭ്യാസം നിഷേധിക്കാൻ പാടില്ലെന്നുള്ള സമീപനമാണ് സ്വാശ്രയ ബില്ലിൽ സ്വീകരിച്ചിട്ടുള്ളത്. സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകളെ നിയന്ത്രിക്കുന്നതിന് നിയമം കൊണ്ടു വരുമ്പോൾ അത് നടപ്പാക്കാനായി അനുകൂലിക്കുകയാണ് വേണ്ടത്. കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട്, കേരളത്തിലെ ജനങ്ങളുടെ താൽപ്പര്യം മുന്നിൽക്കണ്ടുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് കൈക്കൊള്ളുന്ന ഓരോ സമീപനത്തേയുംക്കുറിച്ച് സൂക്ഷ്മ പരിശോധന നടത്തി അതിനെ അനുകൂലിക്കുകയാണ് ക്രിയാത്മകമായ ഒരു പ്രതിപക്ഷം ചെയ്യേണ്ടത്.

ശ്രീ. എ.പി. അനിൽകുമാർ: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ബഡ്ജറ്റിലെ എല്ലാ കാര്യങ്ങളെയും പ്രതിപക്ഷം എതിർത്തിട്ടില്ല. സ്വർണ്ണ ത്തിന് നികുതി കൂട്ടിയാൽ അത് പിരിച്ചെടുക്കാൻ കഴിയുമോ എന്നുമാത്രമേ ചോദിച്ചിട്ടുള്ളൂ. ആഡംബര നികുതി കൂട്ടണമെന്നു പറഞ്ഞതിൽ എതിരഭിപ്രായമില്ല. ബ്ലേഡ് മാഫിയയെ നിയന്ത്രിക്കുമെന്നുപറഞ്ഞതിനെ

സ്വാഗതം ചെയ്യുന്നു. ബഡ്ജറ്റിലെ നല്ല കാര്യങ്ങളെ അഭിനന്ദിച്ച പ്രതിപക്ഷത്തോടുള്ള ധനകാര്യ വകുപ്പുമന്ത്രിയുടെ സമീപനവും അസഹിഷ്ണുതയും വേദനാജനകമാണ്. കാർഷിക രംഗത്ത് വളരെയധികം കാര്യങ്ങൾ ചെയ്തുവെന്ന് ഇവിടെ പറഞ്ഞു. കേബിൾ ടി.വി.ക്ക് നികുതി ചുമത്തിയത് പിൻവലിക്കുമെന്നു പ്രതീക്ഷിച്ചു. തൊഴിലില്ലാത്ത സാധാരണക്കാരായ ചെറുപ്പക്കാർക്ക് തൊഴിൽ കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. സ്വന്തമായി തൊഴിലെടുക്കുന്ന ആളുകളുടെ കഴുത്തിനുപിടിക്കുകയാണ് ഈ ബഡ്ജറ്റിലൂടെ ചെയ്തിട്ടുള്ളത്. സംസ്ഥാനത്ത് വലിയ സാധ്യതകളുള്ള ടൂറിസം രംഗത്ത് നികുതി വർദ്ധിപ്പിക്കണമെന്നു പറയുന്നത് അംഗീകരിക്കാൻ കഴിയില്ല. ലോക ടൂറിസം മാപ്പിൽ വലിയ സ്ഥാനമുള്ള ആലപ്പുഴ കനാലിന്റെ നവീകരണത്തിന് യു.ഡി.എഫ്. ഗവൺമെന്റിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 10 ലക്ഷം രൂപയും തോന്നയ്ക്കൽ ആശാൻ സ്മാരകത്തിന് അനുവദിച്ച 25 ലക്ഷം രൂപയും മാറ്റിയിട്ടില്ലെന്ന പ്രസ്താവന ഈ ഗവൺമെന്റിന്റെ അസഹി ഷ്ണുതയുടെ ഫലമായിട്ടുള്ളതാണ്. ക്യാൻസർ രോഗികളും ക്ഷയരോഗി കളുമായ പാവപ്പെട്ടവർക്ക് ആയിരവും രണ്ടായിരവും രൂപ ചികിത്സാ സഹായം കൊടുത്തതിനെ എതിർക്കുന്നത് മനുഷ്യത്വരഹിതമായ സമീപനമാണ്. ആദിവാസികൾ കയ്യേറിയ ഭൂമി അവർക്കുതന്നെ നൽകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. യു.ഡി.എഫ്. ഗവൺമെന്റ് 42 കോടി രൂപകൊടുത്തു വാങ്ങിയ ആറളം ഭൂമി ശ്രീമതി സി.കെ. ജാനുവിന്റെ നേതൃത്വത്തിലുള്ളവർ കയ്യേറി. അവർ സംഘടനാപരമായി ശക്തിയും കരുത്തുമുള്ളവരാണ്. മലമടക്കുകളിൽ കഴിയുന്ന ആയിരക്കണക്കിന് പാവപ്പെട്ട ആദിവാസികൾക്ക് ഭൂമികൊടുക്കാനുള്ള സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

**വ്യക്തിപരമായ വിശദീകരണം**

<u>പണം ദുർവിനിയോഗം ചെയ്തുവെന്നത് സംബന്ധിച്ച്</u>

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): ശ്രീ. ടി.എൻ. പ്രതാപൻ എഴുതിത്തന്ന രേഖയിൽ ഞാൻ പ്രസിഡന്റായിരുന്ന ഫെഡറേഷൻ ഓഫ് ഫ്ളോറി കൾച്ചർ സൊസൈറ്റിക്ക് സർക്കാർ അനുവദിച്ച 45 ലക്ഷം രൂപ ദുർവിനിയോഗം ചെയ്തുവെന്നാണ് വിജിലൻസ് അന്വേഷണമെല്ലാം ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞിരിക്കുന്നത്. ചില പ്രത്യേക മേഖലകളിൽ പ്രവർത്തിക്കുന്നതിന്റെ പേരിൽ രാഷ്ട്രീയ ത്തിനതീതമായി ചിലപ്പോൾ അംഗീകാരം കിട്ടാറുണ്ട്. ഞാൻ കാർഷിക രംഗത്ത് കുറെക്കാലമായി പ്രവർത്തിക്കുന്നുണ്ട്. പുഷ്പക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഗവൺമെന്റ് ഉത്തരവനുസരിച്ചാണ് ഫ്ളോറി കൾച്ചർ സൊസൈറ്റി പ്രവർത്തിക്കുന്നത്. കേരളത്തിൽ വ്യാപകമായി പ്രവർത്തിക്കുന്ന ഗവണ്മെന്റേതര സ്ഥാപനമായ ഫെഡറേഷൻ ഓഫ് ഫ്ളോറി കൾച്ചർ സൊസൈറ്റിയുടെ ചെയർമാനാണ് ഞാൻ. ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡനിലെ സയന്റിസ്റ്റായ ഡോ. പുഷ്പാംഗദൻ മുൻകൈ എടുത്താണ് ഇത് സംഘടിപ്പിച്ചത്. അന്നത്തെ കൃഷി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി.പി. തങ്കച്ചന്റെ നിർദ്ദേശമനുസരിച്ച് 221 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കുകയും 201 ലക്ഷം രൂപയുടെ പ്രോജക്ടിന് അനുവാദം തരികയും ചെയ്തു. അതിന്റെ ആദ്യ ഗഡുവായി പ്ലാനിംഗ് ബോർഡ് 25 ലക്ഷം രൂപ അനുവദിച്ചു. ആ തുക ഉപയോഗിച്ച് സംസ്ഥാനത്ത് സൊസൈറ്റികളും സെമിനാറുകളും ട്രെയിനിംഗ് പ്രോഗ്രാമുകളും സംഘടിപ്പിക്കുകയും ആ തുക ചെലവാക്കിയതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കുകയും ചെയ്തു. ഫിനാൻഷ്യൽ

ഇൻസ്പെക്ഷൻ വിംഗ് അതെല്ലാം പരിശോധിച്ച തിന്റെ രേഖയുണ്ട്. രണ്ടാമത്തെ വർഷം 60 ലക്ഷം രൂപ അനുവദിച്ചു. 1996–ൽ എൽ.ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ സർവ്വേ നടത്തുന്നതിന് 20 ലക്ഷംരൂപ അനുവദിച്ചു. ബോർഡ് മീറ്റിംഗ് കൂടി സർവ്വേയ്ക്ക് മൂന്ന് ലക്ഷം രൂപ വിനിയോഗിച്ചിട്ട് ബാക്കി ഡെവലപ്മെന്റിന് ചെലവാക്കാൻ തീരുമാനിച്ചു. സർവ്വേയ്ക്ക് കൊടുത്ത 20 ലക്ഷം രൂപ വകമാറി ചെലവുചെയ്തു എന്നാണ് പറയുന്നത്. സർവ്വേയ്ക്ക് 20 ലക്ഷം രൂപയുടെ ആവശ്യമില്ല. ചെലവാക്കിയതിന്റെയെല്ലാം രേഖയുണ്ട്. മുൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഞാൻ മന്ത്രിസഭയി ലുണ്ടായിരുന്നപ്പോൾ 45 ലക്ഷം രൂപ മാത്രമേ ഇതിനുവേണ്ടി വാങ്ങിയിട്ടുള്ളൂ. അതിൽ പൈസയുടെയും ദുർവിനിയോഗം ഉണ്ടായിട്ടില്ല. ഇതിന്റെ ആഡിറ്റഡ് അക്കൗണ്ട്സുണ്ട്. സംസ്ഥാനത്ത് ആന്തൂറിയത്തിന് നല്ല മാർക്കറ്റുണ്ട്. നിരവധി വനിതകൾക്ക് പുഷ്പകൃഷിയിൽ ട്രെയിനിംഗ് കൊടുക്കാൻ കഴിഞ്ഞു. 2003–ൽ യു.ഡി.എഫ്. ഗവൺമെന്റ് വിജിലൻസ് എൻക്വയറിക്ക് ഓർഡർ ചെയ്തിട്ട് ഇതുവരെ ഫയൽ ക്ലോസ് ചെയ്തില്ല. ഇതുസംബന്ധിച്ച ആഡിറ്റഡ് അക്കൗണ്ട്സ് ആർക്ക് വേണമെങ്കിലും പരിശോധിക്കാവുന്നതാണ്. എ.ജി.യുടെ ഓഫീസിൽ നിന്നും റിട്ടയർ ചെയ്ത ആളെയാണ് അക്കൗണ്ട്സ് നോക്കാൻ ഏല്പിച്ചിരിക്കുന്നത്. ഇതിൽ യാതൊരു അഴിമതിയുമില്ല. ഫെഡറേഷൻ ഓഫ് ഫ്ളോറി കൾച്ചർ സൊസൈറ്റിയുടെ പ്രവർത്തനംകൊണ്ട് ഇപ്പോഴും സംസ്ഥാനത്ത് ആന്തൂറിയം കൃഷി നടക്കുന്നു. ഇരുപതോളം സൊസൈറ്റികൾ ബാംഗ്ലൂർ, കൽക്കട്ട, ബോംബെ എന്നിവിടങ്ങളിലേയ്ക്ക് പൂക്കൾ കയറ്റുമതി ചെയ്യുന്നു. കൂടുതലും സ്വയം തൊഴിലായിട്ടാണ് ചെയ്യുന്നത്. ഇതൊന്നും

കാണാതെയാണ് നിയമസഭയിൽ അഴിമതിയാരോപണം ഉന്നയിച്ചിരിക്കുന്നത്. ഇതിൽ യാതൊരു അഴിമതിയുമില്ല.

**ക്രമപ്രശ്നം**

<u>സഭയിൽ വച്ച റിപ്പോർട്ടിനെ സംബന്ധിച്ച പരാമർശം</u>

<u>ശ്രീ. വി.ഡി. സതീശൻ:</u> നിയമസഭാ സമിതി സഭയിൽ വച്ച റിപ്പോർട്ടിനെ സംബന്ധിച്ച് എന്തെങ്കിലുമെഴുതിവച്ചിരിക്കുന്നു എന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പരാമർശം റൂൾ 307 അനുസരിച്ച് രേഖകളിൽ നിന്ന് നീക്കം ചെയ്യണം.

മരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>): മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ അധികാരമാണ് അവർ വിനിയോഗിച്ചിരിക്കുന്നത്. അധികാര വിനിയോഗം നടത്തി ഉണ്ടാക്കിയ റിപ്പോർട്ടാണെന്നാണ് പറയുന്നത്. ഇക്കാര്യം പരിശോധിച്ച് റൂളിംഗ് തരണം.

<u>മി.സ്പീക്കർ</u>: ചെയറിന്റെ പരിഗണനയിലുള്ള കാര്യമാണ് ഇത്. ഇതു സംബന്ധിച്ച് ചെയർ പരിശോധിച്ചശേഷം പിന്നീട് അറിയിക്കുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): ബഡ്ജറ്റിന്റെ പൊതുചർച്ചയിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ തന്നെയാണ് ഈ ചർച്ചയിലും പരാമർശിക്കപ്പെട്ടത്. സ്വർണ്ണവ്യാപാരത്തിന്മേലുള്ള നികുതി 200 ശതമാന ത്തിന്തന്നെ കോമ്പൗണ്ട് ചെയ്യാമെന്ന് എല്ലാ സ്വർണ്ണ വ്യാപാരികളും സമ്മതിച്ചിരിക്കുകയാണ്. അതിലൂടെ 80 കോടിയോളം രൂപ ഉറപ്പാകുകയാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച മറ്റൊരു പ്രധാനപ്പെട്ട കാര്യത്തിന്മേൽ ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. ഈ സഭ പിരിയുന്നതിന് മുമ്പ് ശുഭസൂചക

മായ കാര്യം പറയാൻ കഴിയുമെന്ന് കരുതുന്നു. .ബഡ്ജറ്റ് പ്രസംഗത്തിലെ നിലപാടുകളിൽനിന്ന് മാറ്റമില്ല. കേബിൾ ടി.വി. കണക്ഷനെടുക്കുന്ന ഒരു ഉപഭോക്താവിൽനിന്നും 5 രൂപ അധികമായി ഈടാക്കാമെന്നതുകൊണ്ട് കേബിൾ ടി.വി. ഓപ്പറേറ്റർമാരെ അത് ഒരു തരത്തിലും ബാധിക്കുകയില്ല. സംസ്ഥാനത്തിന് വാറ്റ്-നെ മാത്രം ആശ്രയിക്കാനാവില്ല. വാറ്റിന്റെ ഘടനയിൽ ചില മാറ്റം വരുത്താൻ പരിശ്രമം നടത്തുന്നുണ്ടെങ്കിലും സംസ്ഥാനത്തിന്റെ കൈകൾ ബന്ധിക്കപ്പെട്ടിരിക്കുകയാണ്. നികുതി സ്രോതസ്സുകൾ വൈവിധ്യവൽക്കരിക്കേണ്ടത് സംസ്ഥാനത്തിന്റെ ആവശ്യമാണ്. ക്ലബ് മെമ്പർഷിപ്പിന് കേന്ദ്രസർക്കാരിന്റെ സർവ്വീസ് ടാക്സ് വരികയാണ്. നാളെ ഒരുപക്ഷേ കേബിൾ ടി.വി.ക്കും സർവ്വീസ് ടാക്സ് വരികയാണെങ്കിൽ അത് തദ്ദേശ ഭരണസ്ഥാപനങ്ങളുടേതാണെന്ന് പറയാൻ കഴിയണം. ടൂറിസം വികസനത്തിന് ഇൻവെസ്റ്റ്മെന്റ് സബ്സിഡി ആവശ്യമാണ്. എന്നാൽ ടാക്സ് ഇൻസെന്റീവ് വേണം എന്നതിനോട് യോജിപ്പില്ല. നയരൂപീകരണ സമിതികളിൽ ഈ നിർദ്ദേശം ശക്തമായി വന്നിട്ടുള്ളതാണ്. പ്രകൃതിരമണീയതയും നാച്ചുറൽ അസ്സറ്റ്സും ആസ്വദിക്കാനാണ് വിദേശ സഞ്ചാരികൾ കേരളത്തിലേയ്ക്ക് വരുന്നത്. 10 ശതമാനം ലക്ഷ്വറി ടാക്സ് വർദ്ധിപ്പിച്ചു എന്നതുകൊണ്ട് വിദേശികൾ കേരളത്തിൽ വരാതിരിക്കില്ല. വസ്തുതകളെ വസ്തുതകളായി കാണണം. കർണ്ണാടകത്തിന്റെ റേറ്റ് ഓഫ് ഇൻക്രീസും ബോയൻസി തുകയും കേരളത്തിലെ ടൂറിസം വളർന്നുകൊണ്ടിരിക്കുന്ന കാലയളവിൽ ടാക്സിന്റെ വർദ്ധനവും പരിശോധിച്ചാൽ അതിൽ അഡ്രസ് ചെയ്തിരിക്കുന്ന നിരക്ക് കൂട്ടിയിട്ടില്ല എന്ന് വ്യക്തമാകും. റാഷണലൈസേഷൻ ഓഫ് ടാക്സാണിത്. ഇത് ടൂറിസം വ്യവസായത്തെ തകർക്കാൻ പോവുകയാണ് എന്ന ധാരണ ശരിയല്ല.

സബ്ജക്ട് കമ്മിറ്റി പരിശോധന നടത്തുമ്പോൾ redressive ആണെങ്കിൽ തിരുത്താവുന്നതാണ്. റബ്ബറിന് നേരത്തേ ഉണ്ടായിരുന്ന 12.5 ശതമാനം നികുതി 4 ശതമാനമായിരിക്കുകയാണ്. ഇതിന്റെ ഫലമായി നികുതി പിരിവിൽ ഏതാണ്ട് 100 കോടി രൂപയുടെ കുറവുണ്ട്. ഇനി കേരളത്തിലെ കാർഷിക വിളകളുടെ വിലകൾ കൂടിയും കുറഞ്ഞുമിരിക്കും. ഒരു കാർഷിക ഉല്പന്നത്തിന് വില കുറയുമ്പോൾ സർക്കാർ സബ്സിഡി അനുവദിക്കാൻ തീരുമാനിക്കുന്നത് ശരിയായ രീതിയല്ല. അതുകൊണ്ട് റാഷണൽ ആയിട്ടുള്ള ഒരു സിസ്റ്റം വേണം. കേന്ദ്രസർക്കാരിന്റെ സ്കീം കേരളത്തിൽ അനാകർഷകമാണ്. കാർഷിക വിളയുടെ വിലയുടെ അടിസ്ഥാന സ്വഭാവത്തിൽ വന്നിരിക്കുന്ന മാറ്റം മനസ്സിലാക്കി തീരുമാനമെടുക്കേണ്ടത് ആവശ്യമാണ്. അതിനൊരു പ്രൊപ്പോസൽ വച്ചിരിക്കുകയാണ്. അത് ചർച്ച ചെയ്ത് അഭിപ്രായ സമന്വയം ഉണ്ടാക്കണം. ഇതൊരു പുതുക്കിയ ബഡ്ജറ്റാണ്. സ്വാഭാവികമായും നേരത്തേയുണ്ടായിരുന്നതെല്ലാം ഈ ബഡ്ജറ്റിലും ഉണ്ട്. 200 കോടിരൂപ മാത്രം മാറ്റിയിരിക്കുന്നു. എന്നാൽ പ്രതിപക്ഷാംഗങ്ങൾക്കുവേണ്ടി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു പ്രോജക്ടും വർക്കും മാറ്റിയിട്ടില്ല. സംസ്ഥാന സർക്കാർ ഇടപെട്ട് ഒരു മുനിസിപ്പാലിറ്റിയിൽ ഫിക്സഡ് അസ്സറ്റ്സ് ഉണ്ടാക്കുമ്പോൾ അതിന്റെ മെയിന്റനൻസും സർക്കാരിന്റെ ചുമതലയാവണം എന്നത് വികേന്ദ്രീകരണ സങ്കൽപ്പത്തിന് എതിരാണ്. എന്നാൽ അങ്ങനെ ഒരു തിരുത്തലിന് പോയില്ല. ബഡ്ജറ്റിൽ എടുത്തിരിക്കുന്ന സമീപനത്തിൽ കുറവുവന്നിരിക്കുന്ന മേഖലകൾ പലരും ചൂണ്ടിക്കാണിച്ചു. ചില കാര്യങ്ങളിൽ ആദർശപരമായി പ്രതിപക്ഷത്തോട് യോജിക്കാനാവില്ല. അധികാരവികേന്ദ്രീകരണവുമായി

ബന്ധപ്പെട്ട ഒരു സമീപനമാണ് ഈ ഗവൺമെന്റിനുള്ളത്. ഇതിൽ തെര ഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകൾ; മുനിസിപ്പാലിറ്റികൾ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കു തുല്യമായ നോമിനേറ്റ് ചെയ്യപ്പെട്ട അതോറിറ്റികൾ; ബോർഡുകൾ എന്നിവ വരുന്നതാണ്. ബഡ്ജറ്റിൽ വകയിരുത്തിയ തുക മുഴുവനും ഒറ്റ വർഷം കൊണ്ട് ചെലവഴിക്കാൻ സാധിക്കുകയില്ല. ശബരിമല റോഡിനു വേണ്ടി അനുവദിച്ച തുക മുഴുവനും ഈ വർഷം കൊണ്ടു തീർക്കാൻ സാധിക്കുകയില്ല. ചെലവാകാതെ ബാക്കിയുള്ള തുക മാസ്റ്റർ പ്ളാനിൽ ഉൾപ്പെടുത്തി പണികൾ പൂർത്തിയാക്കും. കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ചാൽ കൊച്ചി എയർപോർട്ടിനുവേണ്ടി ഇനിയും തുക വകയിരുത്താനാവുന്നതാണ്. കോന്നി ഫുഡ് റിസ്ർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ടി തുക വകയിരുത്തിയിട്ടുണ്ട്. എല്ലാ പണവും ഒന്നിച്ചു ചെലവഴിക്കാൻ പറ്റുകയില്ല. .വിമർശനങ്ങൾ ഉയർന്നു വന്ന ഫിഷറീസ് സെക്ടറിനു വേണ്ടി കഴിഞ്ഞ 2 വർഷം പല കാരണങ്ങൾ കൊണ്ടും വളരെ കുറച്ചു തുക മാത്രമേ ചെലവാക്കാൻ സാധിച്ചുള്ളൂ. അതുകൊണ്ട് ഈ രണ്ട് വർഷം വലിയൊരു അലോക്കേഷൻ ഉണ്ടെങ്കിൽപ്പോലും തുച്ഛമായ പണം മാത്രമേ ഈ വകയിൽ അനുവദിച്ചു കിട്ടിയിട്ടുള്ളൂ. കോസ്റ്റൽ മേഖലയ്ക്ക് സർക്കാരിന്റെ മുന്തിയ പരിഗണന ഉണ്ടായിരിക്കുമെന്ന് ഉറപ്പ് നൽകുന്നു. സ്കീമിന്റെ അടിസ്ഥാന ത്തിലല്ലാതെ കേന്ദ്രത്തിൽ നിന്നും ഫണ്ട് ലഭിക്കുകയില്ല. കേന്ദ്രത്തിലുള്ള സ്കീമുകളുടെ അടിസ്ഥാനത്തിൽ പാക്കേജുണ്ടാക്കി അതിനു പണം തികയു ന്നില്ലെങ്കിൽ ചോദിക്കാവുന്നതാണ്. ഈ ഗവൺമെന്റും കഴിഞ്ഞ ഗവൺമെന്റും ഫണ്ട് ഉപയോഗിക്കുന്ന കാര്യത്തിൽ വ്യത്യസ്ത സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഈ സർക്കാരിന് കേന്ദ്ര ഗവൺമെന്റുമായി പല കാര്യ ങ്ങളിലും നയപരമായി വിയോജിപ്പുണ്ടെങ്കിലും സഹകരിച്ചു പ്രവർത്തിക്കുക

യാണ്. ജനാധിപത്യ സംവിധാനം ശക്തിപ്പെടുത്തുക എന്നതാണ് ഈ ഗവൺമെന്റിന്റെ നയം. ഇടുക്കി ജില്ലയ്ക്കുവേണ്ടി മൂന്നു കോടി രൂപ മാറ്റി വച്ചിട്ടുണ്ട്. സ്കീം ഉണ്ടെങ്കിൽ വീണ്ടും തുക ലഭ്യമാക്കാവുന്നതാണ്. വയനാട്ടിലെപ്പോലെയല്ല ഇടുക്കിയിലെ തോട്ടം മേഖലയിലെ സ്ഥിതി. ഇടുക്കിയിൽ ഒരു പാക്കേജ് ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ട താണ്. ഇടുക്കി ജില്ലയ്ക്ക് തുക അനുവദിച്ചതു പോരാ എന്നു പറയുന്നതി നോട് യോജിക്കുന്നുണ്ട്. ഒരു റീഹാബിലിറ്റേഷൻ പ്രോഗ്രാം ഉണ്ടാക്കി അതിനുള്ള ഫണ്ട് കണ്ടെത്താനുള്ള ചുമതല ഏൽക്കുകയാണ്. ഗ്രാമീണ ആരോഗ്യ മിഷനിൽ നിന്നും എത്ര തുക ലഭിക്കും എന്നതിനെക്കുറിച്ച് അറി യാത്തതു കൊണ്ടാണ് അതിനെക്കുറിച്ച് ബഡ്ജറ്റിൽ പറയാത്തത്. ശ്രവണ സഹായിക്കുള്ള ടാക്സ് എക്സംപ്ഷനെക്കുറിച്ച് സബ്ജക്റ്റ് കമ്മിറ്റിയിൽ പരിശോധിക്കാവുന്നതാണ്. മുൻ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിലെ നിർദ്ദേശങ്ങളിൽ ആവശ്യമാണെന്ന് തീരുമാനിച്ചിട്ടുള്ളവയെല്ലാം നിലനിൽക്കും. തെരഞ്ഞടുപ്പ് കഴിഞ്ഞ് ആൾട്ടറേഷൻ മെമ്മോറാണ്ടവും ധനകാര്യ ബില്ലും അവതരിപ്പിക്കുന്നത് ആദ്യമായിട്ടല്ല അതിനൊക്കെ കീഴ്വഴക്കങ്ങളുണ്ട്. ഈ ബഡ്ജറ്റിന്റെ ഒരു പ്രത്യേകത, സംസ്ഥാനത്തിന്റെ ചെലവിന് എക്സ്ട്രാ ബഡ്ജറ്ററി റിസോഴ്സസ് കണ്ടെത്തുകയെന്നതാണ്. ഇവിടത്തെ നികുതി മാത്രം പിരിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ താൽപര്യങ്ങളും ആവശ്യങ്ങളും നിറവേറ്റാൻ കഴിയുകയില്ല. ഇതൊരു കൊളുത്തായി ഉപയോഗിച്ചുകൊണ്ട് കേന്ദ്ര ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഏജൻസികളിൽ നിന്നുമൊക്കെ അഡീഷണൽ റിസോഴ്സസ് വാങ്ങാൻ ശ്രമിക്കും. അതിൽ നിയമസഭാ സാമാജികർക്കും പങ്കുണ്ട്. എല്ലാ എം.എൽ.എ.മാർക്കും അവരവരുടെ ആശയങ്ങൾ പ്രോജക്ടൈസ്

ചെയ്യുന്നതിന് സർക്കാരിൽനിന്നുമുള്ള പിന്തുണ വ്യവസ്ഥാപിതമായി നൽകാൻവേണ്ടി സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കും. വിവിധ മാനേജ്മെന്റ് ഏജൻസികളിൽനിന്നും ആളുകളെ ഉൾപ്പെടുത്തി പ്രത്യേക സെൽ രൂപീകരിക്കുകയും അങ്ങനെ കൂടുതൽ വിഭവങ്ങൾ വികസനത്തിന് ലഭ്യമാക്കുന്നതിന് ജനപ്രതിനിധികളുടെ കഴിവ് വിനിയോഗിക്കുന്ന സന്ദർഭം ഉണ്ടാക്കുകയും ചെയ്യും. എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ ചുമതലയിൽ ഒരു ചെറിയ മാറ്റം വരുത്താൻ പോകുകയാണ്. വിതരണ പരിപാടികൾ, പെൻഷൻ കുടിശ്ശിക, അലവൻസ് കൊടുക്കുക എന്നിവയുടെ ചെലവിൽ കുറവ് വരുത്തില്ല. അതേസമയം എക്സ്റ്റേണലി എയ്ഡഡ് പ്രോജക്ടുകൾക്ക് ഇത് ബാധകമാവു കയില്ല. ആർ.ഐ.ഡി.എഫ്.ൽ 1600 കോടി രൂപ അനുവദിച്ചതിൽ പകുതിയിൽ താഴെ മാത്രമേ 7 വർഷത്തിനുള്ളിൽ ചെലവഴിച്ചിട്ടുള്ളൂ. ജപ്പാൻ കുടിവെള്ള പദ്ധതി, അട്ടപ്പാടി പ്രോജക്ട് തുടങ്ങിയവ നടപ്പിലാക്കാൻവേണ്ടി വിവിധ ഡിപ്പാർട്ടുമെന്റൽ ഏജൻസികളുമായി ചർച്ചയും കൺസൾട്ടേഷനും നടത്തി പണം ചെലവഴിക്കും. ഔട്ട്കം ബഡ്ജറ്റ് അടുത്ത വർഷം അവതരിപ്പിക്കും. അതിന്റെ ഭാഗമായി ചില കാര്യങ്ങൾ ചെയ്യാനുദ്ദേശിക്കുന്നു. സാധാരണ പ്രീ ബഡ്ജറ്റ് ഡിസ്ക്കഷനാണ് നടത്തുക. എന്നാൽ ഇനി പോസ്റ്റ് ബഡ്ജറ്റ് ഡിസ്ക്കഷൻ നടത്താൻ ധനകാര്യ വകുപ്പ് ആഗ്രഹിക്കുകയാണ്. ഇപ്പോൾ പ്രഖ്യാപിച്ച പുതിയ വികസന സ്കീമുകളുമായി ബന്ധപ്പെട്ട് വരുന്നവരെ സഹായിക്കും. പുതിയ നിർദ്ദേശങ്ങൾ പ്രായോഗികമായി നടപ്പിലാക്കുന്ന തിന്റെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി ഒരു സമവായമുണ്ടാക്കി മുന്നോട്ട് പോകുന്ന സമീപനമായിരിക്കും കൈക്കൊള്ളുക എന്നുപറഞ്ഞുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

വോട്ട് ഓൺ അക്കൗണ്ട് 38-നെതിരെ 95 വോട്ടുകളോടെ സഭ അംഗീകരിക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

2006-ലെ കേരള ധനകാര്യ ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് എസക്) : 2006-ലെ കേരള ധനകാര്യ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

( ഇടവേളയ്ക്കായി വൈകുന്നേരം 5.45-ന് നിർത്തിവച്ച സഭ 6.15-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും ചേർന്നു.)

**നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനം നിയന്ത്രിക്കലും ചൂഷണരഹിത ഫീസ് നിശ്ചയിക്കലും പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റ് നടപടികളും) ബിൽ.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006-ലെ കേരള പ്രൊഫഷണൽ കോളേജുകൾ ( ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനം നിയന്ത്രിക്കലും ചൂഷണരഹിത ഫീസ് നിശ്ചയിക്കലും പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റ് നടപടികളും) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം.വിജയകുമാർ ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി.ഡി. സതീശൻ:. ഈ ബില്ലിലെ 7(എ) എന്ന പുതിയ വകുപ്പ് ഭരണഘടനയുടെ ആർട്ടിക്കിൾ 30 അനുച്ഛേദം 1–ന് എതിരാണ്. കോൺസ്റ്റി റ്റ്യൂവന്റ് അസംബ്ലിയുടെ ഡ്രാഫ്റ്റ് കമ്മിറ്റി വളരെ പ്രധാനപ്പെട്ട നിർദ്ദേശം വച്ചിട്ടുണ്ടായിരുന്നു. ഇനാംദാർ കേസിലെ വിധി അനുസരിച്ച് ഒരു സെൽഫ് ഫിനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷനിലും റിസർവേഷനോ ഗവൺമെന്റ് ക്വാട്ടയോ ഏർപ്പെടുത്താൻ പാടില്ല. അതിൽ റിസർവേഷന്റെ പാർട്ട് പ്രൊട്ടക്ട് ചെയ്യുന്ന തിനുവേണ്ടിയാണ് 93–ാം ഭരണഘടനാഭേദഗതിയുണ്ടായിട്ടുള്ളത്. 93–ാം ഭരണഘടനാഭേദഗതിയിൽപ്പോലും വളരെ കൃത്യമായി മൈനോറിറ്റി സ്ഥാപന ങ്ങളെ ഒഴിവാക്കിയിരിക്കുകയാണ്. അതുപോലെതന്നെ ആർട്ടിക്കിൾ 29(2)–ലും വളരെ കൃത്യമായി ഇക്കാര്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഭരണഘട നയിലെ ഏറ്റവും സുപ്രധാനമായ വകുപ്പാണ് ആർട്ടിക്കിൾ 30. ഈ ബിൽ ആളുകളെ കബളിപ്പിക്കുന്നതിന് വേണ്ടിയാണ് കൊണ്ടുവന്നിരിക്കുന്നത്. ഇത് ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങൾക്കെതിരാണ്. ആളുകളുടെ കണ്ണിൽ പൊടിയിടുന്നതിനും മൈനോറിറ്റി സ്റ്റാറ്റസ് കൊടുക്കുന്നതിന് കണ്ടീഷൻസ് കൊണ്ടുവന്നിരിക്കുന്നുവെന്ന് വരുത്തിത്തീർക്കാനും വേണ്ടിയുള്ള വൃഥാ ശ്രമമാണ് നടത്തുന്നത്. ഇത് നിയമസഭയ്ക്ക് തന്നെ മോശമാണ്.

ശ്രീ. എം. മുരളി: സബ്ജക്ട് കമ്മിറ്റിയിൽ ഈ ബില്ലിന് പ്രതിപക്ഷം രേഖപ്പെടുത്തിയ ഡിസെന്റ് സഭയിൽ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. മന്ത്രി ഔദ്യോഗിക ഭേദഗതികളോടെ ഇവിടെ അവതരിപ്പിച്ച ബില്ലിനോ സബ്ജക്ട് കമ്മിറ്റി പരിഗണിച്ച ശേഷം അമെന്റുമെന്റോടുകൂടി വന്നിരിക്കുന്ന ബില്ലിനോ

പ്രസക്തിയില്ലാതായിരിക്കുന്നു. ഇവിടെ മാനേജുമെന്റിന് അനുവദിച്ചിരിക്കുന്ന 15 ശതമാനം പ്രിവിലേജ് സീറ്റുകൾ ബില്ലിന്റെ പ്രഥമ അവതരണവേളയിലോ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനാവേളയിലോ ഇല്ലായിരുന്നു. ഗവൺമെന്റ് സ്വീകരിച്ച നിലപാടുകളിൽ നിന്നെല്ലാം പുറകോട്ട് പോയിരിക്കുന്നു. 35 ശതമാനം ജനറൽ മെറിറ്റ് സീറ്റുണ്ടായിരുന്നത് 20 ശതമാനമാക്കി പരിമിതപ്പെടുത്തിയിരിക്കുന്നു. സബ്ജക്ട് കമ്മിറ്റി പരിഗണിച്ച് ഭേദഗതിയോടെ സഭയിൽ ഇന്ന് സമർപ്പിച്ചിരിക്കുന്ന ഈ ബില്ലിന്റെ ബേസിക് സ്ട്രക്ച്ചർ തന്നെ മാറ്റുന്ന ഔദ്യോഗിക ഭേദഗതികളാണ് ബഹുമാനപ്പെട്ട മന്ത്രി സമർപ്പിച്ചിരിക്കുന്നത്. ഇത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനാവേളയിൽ ആകാമായിരുന്നു. ഇത് propriety അല്ല.

ശ്രീ. കെ. സി. ജോസഫ്:. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തു വരുന്ന ബില്ലിൽ മന്ത്രി ഓറലായിട്ടും റിട്ടണായിട്ടും ചില അമെന്റുമെന്റുകൾ മൂവ് ചെയ്യാറുണ്ട്. എന്നാൽ ഇപ്പോൾ ഈ ബില്ലിന്റെ പീഠിക തന്നെ മാറ്റിയിരിക്കുന്നു. കേരളത്തിലെ വിദ്യാർത്ഥികളെ ബാധിക്കുന്ന ഗൗരവമായ ഒരു വിഷയം, അഞ്ച് കൊല്ലക്കാലം ഇന്നത്തെ ഭരണകക്ഷി ഉയർത്തിയ ഒരു പ്രശ്നം, ആ പ്രശ്നത്തിൽ വ്യക്തമായ യാതൊരു കാഴ്ചപ്പാടും ഗവൺമെന്റിന് ഇല്ല എന്നുള്ളതിന്റെ ഉദാഹരണമാണ് ഈ ബിൽ. Preamble-ൽ ഏതാണ്ട് നാലോ അഞ്ചോ പാരഗ്രാഫ് ചേർത്തിരിക്കുകയാണ്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത ബില്ലിൽ ഇത്രയും ബേസിക്കായ മാറ്റമുണ്ടാകുന്നതുവഴി ഈ സഭയെ റബ്ബർ സ്റ്റാമ്പാക്കുകയാണ്. അതുകൊണ്ട് ബിൽ വീണ്ടും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണം. ബില്ലിലെ 9-ാം വകുപ്പിലെ പ്രധാനപ്പെട്ട നാലഞ്ച് വകുപ്പുകൾ എടുത്തുമാറ്റി പുതിയ

വകുപ്പ് കൊണ്ടുവന്നു. ഇങ്ങനെ ഈ സഭയെ അവഹേളിക്കാൻ പാടില്ല. ഈ ബിൽ ഒരു സമ്പൂർണ്ണ ബില്ലാക്കണം. സഭ പാസ്സാക്കുന്ന ബിൽ കുറ്റമറ്റതായിരിക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ഏഴാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ് ബേസിക്കായിട്ടുള്ള കൺസെപ്റ്റുകൾക്ക് തന്നെ വിരുദ്ധമാണ്. കാരണം രണ്ട് പ്രധാനപ്പെട്ട പ്രശ്നങ്ങൾ അതിൽ വരികയാണ്. ഒന്ന്, മൈനോറിറ്റി സ്റ്റാറ്റസ് എന്നുപറയുമ്പോൾ മൈനോറിറ്റി ഇൻസ്റ്റിറ്റ്യൂഷനിലെയും നോൺ മൈനോറിറ്റി ഇൻസ്റ്റിറ്റ്യൂഷനിലെയും ഭൂരിപക്ഷം, ന്യൂനപക്ഷം നോക്കുന്നു എന്നാണ് വരുന്നത്. 93–ാം ഭരണഘടനാ ഭേദഗതിക്ക് വിരുദ്ധമായി വരുന്ന ഒരു ബില്ലായതുകൊണ്ട് ആർട്ടിക്കിൾ 251 അനുസരിച്ച് ഇത് നിലനിൽക്കുന്നതല്ല. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ തന്നെ മാറ്റി പുതിയ രൂപത്തിൽ അവതരിപ്പിച്ചത് ഈ സഭയോടുള്ള അവഹേളനമാണ്

.വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം.എ. ബേബി):</u> സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് ഭേദഗതി വരുത്തിയശേഷം ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കാൻ പാടില്ല, നിർദ്ദിഷ്ട നിയമത്തിന്റെ ഘടന തന്നെ മാറിയിരിക്കുന്നു എന്നീ തടസ്സവാദങ്ങളാണ് ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ളത്. സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്ത് അംഗീകരിച്ച ശേഷം സഭയിൽ ഭേദഗതികൾ അവതരിപ്പിച്ചിട്ടുള്ള സന്ദർഭങ്ങൾ പലപ്പോഴും ഉണ്ടായിട്ടുണ്ട്. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തെ സംബന്ധിച്ച് ഉണ്ടായിട്ടുള്ള സുപ്രീം കോടതി വിധി നടപ്പാക്കാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുക എന്നതാണ് ബില്ലിന്റെ പ്രധാന ഉദ്ദേശം. വ്യത്യസ്തമായ സുപ്രീം കോടതി വിധികളുടെ അടിസ്ഥാനത്തിൽ സ്വാശ്രയ–

സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം നടപ്പാക്കാനുള്ള സർക്കാരിന്റെ അധികാരം ഇല്ലാതാകുന്ന സ്ഥിതിവിശേഷം ഉണ്ടായ സാഹചര്യത്തിൽ ചരിത്രപരമായ കാരണങ്ങളാൽ അനുപേക്ഷണീയമായ സംവരണ തത്വങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് ദേശീയമായി വളർന്നുവന്ന രാഷ്ട്രീയ സമവായത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയിട്ടുള്ളതാണ് 93-ാം ഭരണഘടനാ ഭേദഗതി. ഇതിന്റെ അടിസ്ഥാന ത്തിൽ സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവർക്ക് സംരക്ഷണവും ദരിദ്രർക്ക് കുറഞ്ഞ ഫീസ് കൊടുത്ത് പഠിക്കാനുള്ള സൗകര്യവും വിദ്യാഭ്യാസ താല്പര്യങ്ങളെ ചൂഷണം ചെയ്യുന്നത് നിയന്ത്രിച്ച് അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഉപയുക്തമായ വ്യവസ്ഥകളും കൂട്ടിചേർത്തുകൊണ്ടാണ് ഈ നിയമം അവതരിപ്പിച്ചിട്ടുള്ളത്. സുപ്രീംകോടതി വിധിയുടെ അടിസ്ഥാന ത്തിലാണ് ന്യൂനപക്ഷ അവകാശവുമായി ബന്ധപ്പെട്ടുള്ള വ്യവസ്ഥകൾ ബില്ലിൽ കൊണ്ടുവന്നിട്ടുള്ളത്. പ്രതിപക്ഷാംഗങ്ങൾ കൊണ്ടുവന്നിട്ടുള്ള അനുയോജ്യ മായ ഭേദഗതികൾകൂടി ഉൾക്കൊള്ളിച്ചുകൊണ്ട് നിയമത്തിലെ വ്യവസ്ഥകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. സംസ്ഥാന പുനഃസംഘടനയ്ക്കുശേഷം മതന്യൂനപക്ഷങ്ങളേയും ഭാഷാ ന്യൂനപക്ഷങ്ങളേയും സംസ്ഥാനാടിസ്ഥാന ത്തിലാണ് തീരുമാനിക്കേണ്ടതെന്ന് സുപ്രീംകോടതി വ്യക്തമായി പറഞ്ഞിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റ കാലത്ത് ന്യൂനപക്ഷ വിദ്യാഭ്യാസ പദവി അവകാശപ്പെടാൻ അർഹതയില്ല എന്ന് ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ അറിയിച്ച സാഹചര്യത്തിൽ യുക്തിഭദ്രമായ അടിത്തറ ഉണ്ടാക്കാനാണ് ഈ ബില്ലിലൂടെ ശ്രമിക്കുന്നത്. അതുകൊണ്ട് ഇവിടെ ഉന്നയിച്ച തടസ്സവാദങ്ങൾക്ക് പ്രസക്തിയില്ല.

<u>മി.സ്പീക്കർ:</u> മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം.എ. ബേബി):</u> 2006-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനം നിയന്ത്രിക്കലും ചൂഷണരഹിത ഫീസ് നിശ്ചയിക്കലും പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റ് നടപടികളും) ബിൽ പരിഗണനയ്ക്കെടുക്കണ മെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ.എം.വിജയകുമാർ):</u> പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. എ.പി. അനിൽകുമാർ</u>: ബില്ലിനെ സംബന്ധിച്ച വിയോജിപ്പ് രേഖപ്പെടുത്തുന്നു. സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്തുവന്നശേഷം ഭേദഗതികൾ കൊണ്ടുവരുന്നതിൽ തെറ്റില്ല. എന്നാൽ ബില്ലിന്റെ അടിസ്ഥാന സ്വഭാവം തന്നെ മാറ്റിമറിച്ചുകൊണ്ട് ഭേദഗതി അവതരിപ്പിക്കുന്നതിനെ തിരെയാണ് ക്രമപ്രശ്നം ഉന്നയിച്ചത്. സ്വാശ്രയ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ എത്രയും പെട്ടെന്ന് പരിഹരിക്കുന്നതിനുവേണ്ടി ഈ നിയമം അവതരിപ്പിച്ചപ്പോഴുണ്ടായിരുന്ന സാഹചര്യമല്ല ഇപ്പോഴുള്ളത്. കഴിഞ്ഞ ഗവണ്മെന്റ് വളരെ സദുദ്ദേശത്തോടുകൂടി അവതരിപ്പിച്ച സ്വാശ്രയ ബില്ലിനെ പിന്തുണയ്ക്കേണ്ടതിനുപകരം അതിനെ തകിടം മറിക്കുന്ന സമീപനമാണ് അന്ന് പ്രതിപക്ഷം സ്വീകരിച്ചത്. സ്വാശ്രയ മേഖലയിലെ പ്രൊഫഷണൽ കോളേജുകളെ നിയന്ത്രിക്കുന്നതിനുവേണ്ടി ബിൽ കൊണ്ടുവന്നെങ്കിലും പിന്നീട് ന്യൂനപക്ഷ സ്വാശ്രയ കോളേജുകളെ നിയന്ത്രിക്കുന്ന തരത്തിലേയ്ക്ക്

സഭയിലെ ചർച്ച പോകുവാനുള്ള പശ്ചാത്തലം സൃഷ്ടിക്കുകയാണുണ്ടായത്. മൈനോറിറ്റി സ്റ്റാറ്റസ് വാങ്ങിക്കഴിഞ്ഞാൽ വിദ്യാഭ്യാസ വാണിജ്യ താല്പര്യങ്ങൾക്ക് കൂടുതൽ സാദ്ധ്യതകളുണ്ടെന്ന തിരിച്ചറിവിന് സാഹചര്യം സൃഷ്ടിച്ചത് ഈ ബിൽ ആണ്. 50% സീറ്റുകളിൽ മെറിറ്റും 35% ന്യൂനപക്ഷ മാനേജ്മെന്റിനും 15% ഗവൺമെന്റിനും സറണ്ടർ ചെയ്യാമെന്നാണ് മന്ത്രി പറഞ്ഞിട്ടുള്ളത്. ബാക്കിവരുന്ന 15% എൻ.ആർ.ഐ. എന്നുപറഞ്ഞു. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് ന്യൂനപക്ഷ പദവി കൊടുത്ത കുറ്റിപ്പുറത്തെ എം.ഇ.എസ്. എൻജിനീയറിംഗ് കോളേജിൽ നിലനിൽക്കുന്ന സംവിധാനമെന്താണെന്ന് അന്വേഷിക്കണമായിരുന്നു. അവിടെ ആ മാനേജ്മെന്റ് ഏത് മൈനോറിറ്റിയാണോ ആ വിഭാഗത്തിൽനിന്ന് 50 ശതമാനം കുട്ടികളെ എടുക്കുവാനുള്ള അധികാരമാണ് ഗവൺമെന്റ് കൊടുത്തത്. ബാക്കിവരുന്ന 50% മെറിറ്റ് അടിസ്ഥാനത്തിലാണ് കൊടുക്കുന്നത്. ഈ പുതിയ രീതിയിൽ ഇത് എഴുതിച്ചേർത്തത് സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലാണെന്ന് വേണമെങ്കിൽ പറയാം. പക്ഷേ ഭരണഘടനയെപ്പോലും മാറ്റിനിർത്തിക്കൊണ്ട് കാര്യങ്ങൾ കൊണ്ടുവന്ന സാഹചര്യത്തിൽ ഒരു നിയന്ത്രണത്തിനുവേണ്ടി ഈ 50% കഴിഞ്ഞാൽ ബാക്കി 35% നിർബന്ധമായി സറണ്ടർ ചെയ്യണം എന്ന ഒരു ക്ലാസ് വേണമെങ്കിൽ വയ്ക്കാമായിരുന്നു. ഇപ്പോൾ 100% സീറ്റ് മൈനോറിറ്റിക്ക് എടുക്കാമെന്ന് ഈ നിയമപ്രകാരംതന്നെ അംഗീകരിച്ചിരിക്കുന്നു. യു.ഡി.എഫിന്റെ കാലത്തു കൊണ്ടുവന്ന സ്വാശ്രയ കോളേജുകൾ കേരളത്തിൽ ഒരു വലിയ മാറ്റത്തിന് തുടക്കം കുറിച്ചതായിരുന്നു. അതു നശിപ്പിച്ചതിൽ ഇവിടത്തെ ചില മാനേജ്മെന്റുകളുടെ പങ്ക് ചെറുതായി കാണാൻ കഴിയില്ല. അതുകൊണ്ടാണ് മാനേജ്മെന്റുകളെ നിയന്ത്രിക്കാൻ ഒരു നിയമം കൊണ്ടുവരുമ്പോൾ ഞങ്ങൾ

പിൻതുണയ്ക്കുന്നത്. ഇടതുപക്ഷ പാർട്ടികൾ സ്വാശ്രയ വിദ്യാഭ്യാസ മേഖലയെ സംഘർഷമാക്കിക്കൊണ്ട് സമരങ്ങളും പ്രക്ഷോഭങ്ങളും നടത്തിയ സാഹചര്യം ഉണ്ട്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിലുണ്ടാകണം. കുട്ടികൾ പഠിക്കാൻ മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ടായിക്കൂടാ, അതിനുവേണ്ടിയാണ് ഇതിനെ പിന്തുണയ്ക്കുന്നത്. എന്തെങ്കിലും ആക്ഷേപങ്ങൾ വരുമ്പോൾ അത് മാറ്റുന്നതിനുവേണ്ടി നിയമങ്ങൾ കൊണ്ടുവരികയാണ്. ഇക്കാര്യത്തിൽ ഒരു ചർച്ചയും ആലോചനയും നടന്നിട്ടില്ല. എല്ലാ വിഭാഗം ജനങ്ങൾക്കും സംരക്ഷണം നൽകുന്ന നിയമമായിരിക്കണം കൊണ്ടുവരേണ്ടത്. ഒരു എൽ.പി. സ്കൂൾ തുടങ്ങാനോ പുതിയൊരു പോസ്റ്റ് ക്രിയേഷൻ നടത്താനോ ഉള്ള സാമ്പത്തിക നില ഇല്ലാത്ത സാഹചര്യത്തിലാണ് കേരളത്തിൽ സെൽഫ് ഫിനാൻസിംഗ് കോളേജ് ഉണ്ടാക്കുന്നതിനെ പ്രോൽസാഹിപ്പിച്ചത്. മാനേജ്മെന്റുകളെ പ്രോൽസാഹിപ്പിക്കുന്ന കാര്യത്തിൽ എൽ.ഡി.എഫ്-ഉം യു.ഡി.എഫ്-ഉം ഒരുപോലെ കുറ്റക്കാരാണ്. കഴിഞ്ഞ 50 വർഷമായി ഗവണ്മെന്റ് മേഖലയെ ശക്തിപ്പെടുത്തുന്ന നിലപാട് ഒരു കാലത്തുമുണ്ടായിട്ടില്ല. കേരളത്തിൽ ഗവണ്മെന്റ് മേഖലയിൽ 37 കോളേജുകളുള്ളപ്പോൾ എയ്ഡഡ് മേഖലയിൽ 157 കോളേജുകളാണുള്ളത്. സ്വകാര്യമേഖലയ്ക്ക് സൗകര്യം ചെയ്തുകൊടുത്തതിൽ ഇരുവിഭാഗവും കുറ്റം ഏറ്റുപറയേണ്ടവരാണ്. 12,644 സ്കൂളുകൾ കേരളത്തിലുള്ളതിൽ 7,290 എണ്ണം എയ്ഡഡ് മേഖലയിലാണ്. ഇനിയെങ്കിലും മാനേജ്മെന്റുകളുടെ കാര്യത്തിൽ നിയന്ത്രണമുണ്ടാകണം. ഈ ബിൽ കുറ്റമറ്റതാക്കി തീർക്കണമെന്നുള്ളതാണ് പ്രതിപക്ഷത്തിന്റെ ആഗ്രഹമെന്നുള്ളതുകൊണ്ടാണ് അതിനുവേണ്ടിയുള്ള വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നത്. ഈ നിയമം പാസ്സാകുന്നതോടെ മാനേജ്മെന്റുകൾ കോടതി

യിൽപ്പോയി ഈ നിയമം ഇല്ലാതാക്കുന്നതിനുള്ള പഴുതുണ്ടാക്കാൻ പാടില്ല. 35 ശതമാനം മെറിറ്റ് സീറ്റാണെന്നാണ് സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞത്. പുതിയ ഭേദഗതിയിലൂടെ അത് 15 ശതമാനമാക്കി കുറയ്ക്കുന്നതുവഴി ബാക്കി സീറ്റുകൾ മാനേജ്മെന്റുകൾക്ക് കിട്ടുന്ന സ്ഥിതിയാണ് ഉണ്ടാകാൻ പോകുന്നത്. ബില്ലിലെ പല വകുപ്പുകളും ഭരണഘടനാ വിരുദ്ധവും അവ്യക്തത നിലനിൽക്കുന്നവയുമാണ്. 50 ശതമാനം മെറിറ്റ്, 10 ശതമാനം എസ്.സി/എസ്.ടി വിഭാഗത്തിന്, 25 ശതമാനം ഒ.ബി.സി.ക്ക് എന്നിവയൊഴിച്ച് പിന്നെയുള്ള 15 ശതമാനത്തിൽ 3 ശതമാനം അംഗവൈകല്യം വന്നവർക്ക് എന്നൊക്കെ പറയുന്നു. ബാക്കിയുള്ള 12 ശതമാനം സെലക്ട് ചെയ്യുന്നത് എങ്ങനെയാണെന്ന് പറയുന്നില്ല. മാനേജ്മെന്റുമായിട്ടുള്ള സമന്വയത്തിലൂടെ സെലക്ഷൻ നടത്തണമെന്ന് പറയുന്നത് തികച്ചും ബാലിശമാണ്. സ്വാഭാവിക മായും ആ സീറ്റുകൾകൂടി മാനേജ്മെന്റുകളുടെ താൽപ്പര്യത്തിനനുസരിച്ച് എടുക്കാമെന്നുള്ള സ്ഥിതിയാണ് വരാൻ പോകുന്നത്. ഈ നിയമത്തിന്റെ പഴുതുകളന്വേഷിച്ച് സുപ്രീം കോടതിയിലേയ്ക്ക് പോകാൻ തയ്യാറായി നിൽക്കുന്നവരുണ്ടെന്ന കാര്യം ഓർത്തുകൊണ്ടായിരിക്കണം നിയമം പാസ്സാക്കേണ്ടത്.

<u>ശ്രീ. എം. മുരളി</u> : സബ്ജക്ട് കമ്മിറ്റി ഈ ബിൽ പരിഗണിച്ച സമയത്ത് പ്രതിപക്ഷം കൊടുത്ത വിയോജനക്കുറിപ്പിന് ഇപ്പോൾ പ്രസക്തിയില്ലാതായിരി ക്കുകയാണ്. കമ്മിറ്റിയിൽ ചർച്ച ചെയ്ത ബില്ലിന്റെ സവിശേഷതകൾ മാറ്റി ക്കൊണ്ടാണ് ഇപ്പോൾ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ന്യൂനപക്ഷ സ്ഥാപന ങ്ങളുടെ സീറ്റ് അലോട്ട്മെന്റ് ഉൾപ്പെടെയുള്ള കാര്യത്തിൽ രേഖപ്പെടുത്തിയ ഡിസന്റിന് പ്രസക്തിയില്ലാതായിരിക്കുന്നു. ഇനിയും പുതിയ ഔദ്യോഗിക ഭേദഗതികൾ വരുമെന്ന് കരുതുന്നു. സ്വകാര്യ മാനേജ്മെന്റുകളുമായി

ഗവണ്മെന്റ് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാകാം ഭേദഗതികൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കേരളത്തിലെ സ്വകാര്യ അൺ എയ്ഡഡ് പ്രൊഫഷണൽ കോളേജുകൾക്ക് 50 ശതമാനം മെറിറ്റും 50 ശതമാനം മാനേജ്മെന്റ് ക്വാട്ടയും നൽകിയപ്പോൾ 2004-ൽ യു.ഡി.എഫ്. ഗവണ്മെന്റ് അവതരിപ്പിച്ച ബില്ലിൽ ഗവണ്മെന്റ് കോളേജുകളിലെ ഫീസ് തന്നെയാണ് വ്യവസ്ഥ ചെയ്തത്. അതിനെതിരെ സുപ്രീം കോടതി എടുത്ത നിലപാടാണ് ജസ്റ്റീസ് കെ.ടി.തോമസ് കമ്മിഷൻ രൂപീകരിക്കേണ്ട സാഹചര്യമുണ്ടാക്കിയത്. 50 ശതമാനം സീറ്റുകൾ ജനറൽ മെറിറ്റായിരുന്നത് 35 ശതമാനമായി കുറയ്ക്കുകയും വീണ്ടും 20 ആയി കുറച്ചിരിക്കുകയും ചെയ്തിരിക്കുക യാണ്. പഠിക്കാൻ സമർത്ഥരായ മുന്നോക്ക വിഭാഗത്തിലെ കുട്ടികളോട് കാണിക്കുന്ന അവഗണനയാണിത്. കൺസോർഷ്യത്തിന് പ്രത്യേകം ടെസ്റ്റ് നടത്താൻ യു.ഡി.എഫ്. കൊണ്ടുവന്ന ബില്ലിൽ വ്യവസ്ഥ ചെയ്തിരുന്നു. ഫീസ് നിശ്ചയിക്കുന്നതിനുള്ള അധികാരം റഗുലേറ്ററി കമ്മിറ്റിയുടെ വിവേചനാധികാരത്തിന് വിട്ടുകൊടുത്തിരിക്കുകയാണ്. ജസ്റ്റീസ് കെ.ടി. തോമസ് കമ്മീഷൻ ജനറൽ മെരിറ്റിൽ ഫീസ് അനുവദിച്ചതിനെതിരെ നിരവധി പ്രക്ഷോഭണങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. വിവിധ സ്ഥാപനങ്ങളിൽ ഫീ റഗുലേറ്ററി കമ്മിറ്റി ഫീസ് അലോക്കേഷൻ തീരുമാനിക്കുമ്പോൾ പുതിയ സംഭവവികാസങ്ങളുണ്ടാകും. ക്ളാസ് 9-ൽ ഫിസിക്കലി ചലഞ്ച്ഡായിട്ടുള്ള വിദ്യാർത്ഥികൾക്കും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥി കൾക്കുമുള്ള കൺസഷനെ സ്വാഗതം ചെയ്യുന്നു. ഇക്കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങൾ സ്വീകരിച്ച മാർഗ്ഗങ്ങൾ കേരളത്തിൽ നടപ്പാക്കുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കണം. 15 ശതമാനം എൻ.ആർ.ഐ. അഡ്മിഷൻ അനിശ്ചിതത്വത്തിലാക്കിയ പ്രൊവിഷൻ മാറ്റിയിട്ട് ഫീസ് ഘടന

നിശ്ചയിച്ചുകൊണ്ടുള്ള മാൻഡേറ്ററിയായിട്ടുള്ള പ്രൊവിഷൻ കൊണ്ടുവരണം. ഈ ബിൽ പാസ്സാക്കിക്കഴിഞ്ഞാൽ ജനറൽ മെറിറ്റിൽ വരുന്ന വിദ്യാർത്ഥികൾ ബുദ്ധിമുട്ടിലാകും. 20 ശതമാനം സീറ്റ് ജനറൽ മെറിറ്റിലും 15 ശതമാനം എൻ.ആർ.ഐ.ക്കുമാണ്. പഠിക്കാൻ സമർത്ഥരായ ജനറൽ മെറിറ്റിലെ വിദ്യാർത്ഥികൾക്ക് അധികഭാരമുണ്ടാകും. എത്ര ലക്ഷം രൂപയാണ് റഗുലേറ്ററി കമ്മിറ്റി തീരുമാനിക്കുന്നതെന്നറിയില്ല. 85 ശതമാനം അഡ്മിഷനും മെറിറ്റടി സ്ഥാനത്തിലാണെന്ന് ബില്ലിൽ പറഞ്ഞിട്ടുള്ളത് ശരിയല്ല. ന്യൂനപക്ഷ ഇൻസ്റ്റിറ്റ്യൂഷന് ഫ്രീ ഷിപ്പില്ല. വകുപ്പ് 7 (ബി) യും (സി) യും കൺഫ്യൂഷനു ണ്ടാക്കുന്നതാണ്. അത് സംബന്ധിച്ച് ക്ളാസ് ബൈ ക്ളാസ് ഡിസ്ക്കഷനിൽ ക്ളാരിറ്റിയുണ്ടാകണം. ഈ ബിൽ നടപ്പാകുമ്പോൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യസംഘർഷം ഉണ്ടാകും. ക്രോസ് സബ്സിഡിയെ സുപ്രീം കോടതി എതിർത്തതാണ്. പക്ഷേ നിയമത്തിന്റെ മുഴുവൻ ആധാരശിലയും ക്രോസ് സബ്സിഡിയിൽ വന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ കൊണ്ടു വന്നിട്ടുള്ള ഔദ്യോഗിക ഭേദഗതികൾക്കപ്പുറത്ത് ഓറൽ അമന്റ്മെന്റ് വേണ്ടിവരും. 15% എൻ.ആർ.ഐ.സീറ്റുകളേയും ഇപ്പോൾ പരിമിതപ്പെടുത്തിയ 20% ജനറൽ മെറിറ്റിനെയും ആശ്രയിച്ച് ഒരു കോളേജ് നടത്തിക്കൊണ്ടു പോകുക എന്നു പറയുമ്പോൾ 35 ശതമാനത്തെ മാനേജ്മെന്റിന്റെ മുന്നിലേയ്ക്ക് തള്ളിയിടുകയാണ്. അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി, ഫീ റെഗുലേറ്ററി കമ്മിറ്റി എന്നീ രണ്ട് അധികാരകേന്ദ്രങ്ങൾ വരുന്നതോടുകൂടി ടി.എ., ഡി.എ. തുടങ്ങിയ ചെലവുകൾ വഹിക്കേണ്ട സ്ഥിതി പാവപ്പെട്ട കുട്ടികളുടെ മേൽവരികയാണ്. മെഡിക്കൽകോളേജുകളിലും എൻജിനീ യറിംഗ് കോളേജുകളിലും അഡ്മിഷൻ നേടുന്ന കുട്ടികളിൽനിന്ന് റെഗുലേറ്ററി കമ്മിറ്റിക്ക് നാലിരട്ടി വരെ ഫീസ് ഫിക്സ് ചെയ്യാനുള്ള അധികാരം

കൊടുക്കുക വഴി ഇടതുപക്ഷ ജനാധിപത്യ മുന്നണി നടത്തിയ സമരങ്ങൾക്ക് കടകവിരുദ്ധമായ നിലപാട് സ്വീകരിക്കുകയാണ് ബില്ലിലൂടെ ചെയ്യുന്നത്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് കൊണ്ടുവന്ന ബില്ലിൽ 50% മെറിറ്റ് സീറ്റിന് ഗവണ്മെന്റ് ഫീസ് ഈടാക്കുമെന്നാണ് പറഞ്ഞത്. സുപ്രീംകോടതിയുടെ ഇടപെടൽ കാരണം ജസ്റ്റീസ് കെ.ടി. തോമസ് കമ്മിഷൻ വന്ന സാഹചര്യ ത്തിലാണ് പ്രത്യേക ഫീസ് ഫിക്സ് ചെയ്തത്. അന്ന് ക്യാപ്പിറ്റേഷൻ ഫീസ് പ്രൊഹിബിറ്റ് ചെയ്തിരുന്നു. ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങിയതായി യാതൊരു പരാതിയും ഗവണ്മെന്റിന് കിട്ടിയിട്ടില്ല. കിട്ടിയിരുന്നുവെങ്കിൽ ആ ഗവണ്മെന്റ് നടപടി സ്വീകരിക്കുമായിരുന്നു. ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങുന്നവരെ നിയന്ത്രിക്കാൻ ഒരു വ്യവസ്ഥയും ഈ ബില്ലിലില്ല. . ഡയറക്ട് പേമെന്റ് വന്നശേഷം സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ക്യാപ്പിറ്റേഷൻ ഫീസ് നിരോധിച്ചിട്ടുണ്ട്. ഈ നിയമം നടപ്പാക്കുന്നതിലൂടെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രതിസന്ധിയും അരാജകത്വവും മാത്രമേ യുണ്ടാവുകയുള്ളൂ. ഈ ബിൽ പാസ്സാക്കിക്കഴിഞ്ഞാൽ കൗൺസിലിംഗിന് പോകാൻ കാത്തിരിക്കുന്ന വിദ്യാർത്ഥികളുടെ ആശങ്കകൾ അകറ്റാൻ കഴിയില്ല. ബഹുമാനപ്പെട്ട മന്ത്രി ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ച തോടുകൂടി മാനേജ്മെന്റിന് പ്രത്യേകമായി അപേക്ഷ പരിഗണിക്കാനുള്ള അവകാശം കൊടുത്തിരിക്കുകയാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് സംസ്ഥാനത്ത് ഒരു കാലത്തുമില്ലാത്ത രീതിയിലുള്ള പ്രതിസന്ധി സംജാതമാകാൻ പോകുകയാണ്.

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> യു.ഡി.എഫ്. ഗവണ്മെന്റ് എടുത്ത സുപ്രധാനമായ ഒരു തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാനായി കാണിച്ച ആത്മാർത്ഥതയുടെ

പരിണതഫലമായിട്ടാണ് ഈ ബിൽ ചർച്ച ചെയ്യപ്പെടുന്നത്. സാങ്കേതിക വിദ്യാഭ്യാസരംഗത്ത് കൂടുതൽ സൗകര്യങ്ങളുണ്ടാക്കാൻ, കൂടുതൽ വിദ്യാർത്ഥികൾക്ക് പഠന സാഹചര്യങ്ങളുണ്ടാക്കാൻ ലക്ഷ്യംവച്ചുകൊണ്ടാണ് സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുള്ളത്. ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി ഇതര സംസ്ഥാന ങ്ങളിലേയ്ക്ക് പോകേണ്ട സാഹചര്യം മുമ്പുണ്ടായിരുന്നു. സമ്പന്ന വിദ്യാർത്ഥി വർഗ്ഗത്തിന്റെ മാത്രം കുത്തകയായിരുന്ന ഉന്നത വിദ്യാഭ്യാസ മെന്ന സങ്കൽപ്പം മാറ്റി കേരളത്തിൽ പഠിക്കാനുള്ള അവസരമുണ്ടാക്കിയത് യു.ഡി.എഫ്. ഗവണ്മെന്റാണ്. അന്ന് രണ്ട് സ്വാശ്രയ കോളേജ് ഒരു ഗവണ്മെന്റ് കോളേജിന് തുല്യം എന്ന തീരുമാനമായിരുന്നു എടുത്തിരുന്നത്. വളരെ കൃത്യമായി മെറിറ്റിൽ നിന്ന് 50% പേർക്ക് അഡ്മിഷൻ ലഭിക്കുമെന്നുള്ള സ്ഥിതിവിശേഷമുണ്ടായിരുന്നു. അതിൽ ഗവണ്മെന്റ് ഫീസ് ഈടാക്കാനും അങ്ങനെ കേരളത്തിലെ പാവപ്പെട്ടവർക്ക് പഠിക്കാനുമുള്ള സാഹചര്യ മുണ്ടായിരുന്നു. ജസ്റ്റീസ് കെ.ടി. തോമസ് കമ്മിഷൻ നിശ്ചയിച്ച ഫീസ് ഘടനയെക്കുറിച്ച് ധാരാളം വിവാദങ്ങളും സമരങ്ങളുമുണ്ടായി. അതിൽനിന്ന് വ്യത്യസ്തമായി ഈ ബിൽ നിയമമാകുമ്പോൾ വിദ്യാർത്ഥികൾക്ക് കൂടുതലായി കിട്ടുന്ന ആനുകൂല്യമെന്താണെന്നുള്ളതിനെക്കുറിച്ച് മനസ്സി ലാകുന്നില്ല. വിദ്യാർത്ഥികൾക്ക് ഒരാനുകൂല്യവും ലഭിക്കുന്നില്ലെന്നു മാത്രമല്ല, ഗവണ്മെന്റ് ഫീസ് എന്നുള്ള സങ്കൽപ്പം തന്നെ ഇല്ലാതാകുകയാണ്. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലും സർക്കാർ പ്രൊഫഷണൽ കോളേജു കൾക്ക് തുല്യമായ ഫീസ് കൊടുത്ത് വിദ്യാർത്ഥികൾക്ക് പഠിക്കാൻ കഴിയുന്ന അവസ്ഥ ഉണ്ടാകുമോ എന്ന കാര്യം സംശയമാണ്. ഫീസ് നിയന്ത്രണ കമ്മിറ്റി തീരുമാനിക്കുന്ന ഫീസ് സർക്കാർ ഫീസിന് തുല്യമാകുമെന്നുള്ള യാതൊരു

ഉറപ്പും കാണുന്നില്ല. അതിനെക്കുറിച്ച് കുട്ടികൾക്ക് ആശങ്കയുണ്ട്. സർക്കാർ ഫീസ് എന്നുള്ള യാഥാർത്ഥ്യം അപ്രത്യക്ഷമാകുകയാണ്. വിവിധ തരം ഫീസുകൾ വരുന്ന സാഹചര്യം വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കും. യു.ഡി.എഫ്. ഗവണ്മെന്റ് കൊണ്ടുവന്ന ആക്ടിൽ വിദ്യാർത്ഥികൾക്ക് 50% മെറിറ്റ് ലഭ്യമാകുമെന്നിരിക്കെ ഈ ബില്ലിൽ ഓരോ കോളേജിലും ഓരോ ഫീസ് വന്നിരിക്കുന്നതിലും ഒ.ബി.സി. വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ് ഫണ്ടിലേയ്ക്ക് കിട്ടുന്ന തുകയ്ക്ക് ആനുപാതികമായി ഫീസ് ആനുകൂല്യം ലഭിക്കുമെന്നുള്ള കാര്യത്തിലും വിയോജിപ്പുണ്ട്. ജനറൽ മെറിറ്റ് സീറ്റിലും എൻ.ആർ.ഐ. സീറ്റിലും ഫീസ് സ്ട്രക്ച്ചർ എന്താണെന്ന് പറയാൻ കഴിഞ്ഞിട്ടില്ല. ഇത് രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ഏറെ ആശങ്കയിലാക്കിയിരിക്കുകയാണ്. ഒരു നിയമം കൊണ്ടുവരുമ്പോൾ അത് പിഴവുറ്റതായിരിക്കണം. ന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്ന കാര്യത്തിലെടുക്കുന്ന നിലപാടുകളെ എതിർക്കുന്നില്ല. ന്യൂനപക്ഷങ്ങളല്ലാത്ത അൺ–എയ്ഡഡ് പ്രൊഫഷണൽ കോളേജുകളിൽ എൻ.ആർ.ഐ. സീറ്റിലും ജനറൽ മെറിറ്റിലുമുള്ള അഡ്മിഷന്റെ കാര്യത്തിലും ഫീസ് സ്ട്രക്ച്ചറിലും സംശയം ബാക്കി നിൽക്കുകയാണ്. ബില്ലിൽ പറഞ്ഞിരിക്കുന്ന പ്രിവിലേജ് സീറ്റിന്റെ സ്വഭാവം ക്യാപ്പിറ്റേഷൻ ഫീസിന് തുല്യമാണ്. ഈ നിയമത്തിലൂടെ വിദ്യാർത്ഥികളെ സംരക്ഷിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ ഗവൺമെന്റ് 50% സീറ്റെങ്കിലും ജനറൽ മെറിറ്റിൽ നൽകണം. ഒരു ബിൽ കൊണ്ടുവരുന്നത് സദുദ്ദേശത്തോടുകൂടിയായിരിക്കണം. രാജ്യത്തിന് യശസ്സും പ്രശസ്തിയും വർദ്ധിപ്പിച്ചുതരുന്ന കായികതാരങ്ങളെ ഉൾപ്പെടുത്താൻ ഒരു ശതമാനം സീറ്റ് സംവരണം ആവശ്യമാണ്. എൻ.ആർ.ഐ. എന്ന പ്രൊവിഷൻ വച്ച് എന്ത് ഫീസും ഈടാക്കാമെന്ന നിലപാട് സ്വീകരിക്കുന്നത് മാറ്റി അതിനൊരു

മാനദണ്ഡം വയ്ക്കണം. ബില്ലിന്റെ സ്വഭാവത്തിലും ഘടനയിലും പെർസെന്റേജ് ഓഫ് സീറ്റിലും മാറ്റങ്ങളുണ്ടായിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയെ ബാധിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് ഓരോ പോയിന്റും പരിശോധിച്ച് കഴിയുന്നത്ര തെറ്റുകൾ തിരുത്തുന്നതിനുവേണ്ട നിലപാടുകൾ സ്വീകരിക്കണം.

ശ്രീ. പി.സി. വിഷ്ണുനാഥ്: ഈ നിയമവുമായി ബന്ധപ്പെട്ട് നിയമസഭാ സബ്ജക്ട് കമ്മിറ്റിയിൽ നടന്ന ചർച്ചയിലുണ്ടായ ക്രിയാത്മകമായ നിർദ്ദേശങ്ങളോടുള്ള ധനകാര്യ വകുപ്പുമന്ത്രിയുടെ സമീപനം കണ്ടപ്പോൾ വളരെ സന്തോഷം തോന്നി. എന്നാൽ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത മുഴുവൻ കാര്യങ്ങളെയും മറികടന്നുകൊണ്ടുള്ള ഒരു പുതിയ ഭേദഗതി ഇന്ന് വന്നിരിക്കുകയാണ്. ബില്ലിലെ 7, 9 എന്നീ വകുപ്പുകളാണ് പ്രധാന മായിട്ടുള്ളത്. സദുദ്ദേശപരമായ ലക്ഷ്യമായിരുന്നുവെങ്കിൽ മന്ത്രിക്ക് അത് കമ്മിറ്റിയിൽവച്ചുതന്നെ വ്യക്തമാക്കാമായിരുന്നു. മാനേജുമെന്റുകൾ പറയുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് ബില്ലിൽ സമയാസമയങ്ങളിൽ മാറ്റം വന്നു കൊണ്ടിരിക്കുന്നു. കൂടുതൽ വിദ്യാഭ്യാസ അവസരങ്ങൾ ഒരുക്കുന്ന തിനുവേണ്ടി സുതാര്യമായ സ്വാശ്രയ വിദ്യാഭ്യാസ നയത്തിന് ആന്റണി സർക്കാർ തുടക്കംകുറിച്ചു. അന്ന് ചോദിച്ചവർക്കെല്ലാം എൻ.ഒ.സി. കൊടുത്തു എന്നുള്ള ആരോപണമുണ്ടായി. എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റും എ.ഐ.സി.ടി.ഇ.യുടെ അംഗീകാരവും സർവ്വകലാശാലാ അഫിലിയേഷനും സർക്കാരിന്റെ എൻ.ഒ.സി.യുമുണ്ടെങ്കിൽ മാത്രമേ സ്ഥാപനം തുടങ്ങാൻ കഴിയുകയുള്ളു. സ്വാശ്രയ കോളേജ് ആരംഭിച്ച വർഷം ആന്റണി സർക്കാരുമായി ധാരണയുണ്ടാക്കി കുട്ടികൾക്ക് പ്രവേശനം നൽകാൻ തയ്യാറാണെന്ന് കാരക്കോണം സ്വാശ്രയ കോളേജിലെ ബിഷപ് അറിയിച്ചു.

കോടതിയിൽ കേസുകൾ വന്നതിനെത്തുടർന്ന് കുട്ടികളുടെ പ്രവേശനവും ഫീസും നിശ്ചയിക്കുന്നതിന് കമ്മിറ്റിയെ വച്ചു. അങ്ങനെ നിലവിൽ വന്ന ജസ്റ്റിസ് കെ.ടി.തോമസ് കമ്മിഷൻ മെറിറ്റിലും മാനേജുമെന്റിലും ഓരോ ഫീസ് തീരുമാനിച്ചു. തുടർന്ന് മെറിറ്റിൽ സർക്കാർ ഫീസ് മാത്രമേ വാങ്ങാൻ പാടുള്ളൂവെന്നുപറഞ്ഞ് സമരം നടന്നു. കോടതി വിധിയുടെ അടിസ്ഥാന ത്തിൽ നിയമിച്ച കമ്മിറ്റിയുടെ തീരുമാനം മറികടക്കുന്നതിനായി. 50% മെറിറ്റും 50% മാനേജ്മെന്റും എന്നുള്ള നിയമം സർക്കാർ കൊണ്ടുവന്നു അതിനെ പുഷ്പഗിരി കോളേജ് സുപ്രീംകോടതിയിൽ ചോദ്യം ചെയ്തു. തൽക്കാല രാഷ്ട്രീയ ലാഭത്തിനുവേണ്ടി ഈ കാര്യങ്ങളൊന്നും വിസ്മരിക്കാൻ കഴിയില്ല. അതിനുശേഷം നടന്ന ഇനാംദാർ കേസിൽ സ്വാശ്രയ മാനേജുമെന്റുകൾ നടത്തുന്ന കോളേജിൽ സർക്കാരിന് യാതൊന്നും അടിച്ചേല്പിക്കാൻ അധികാരമില്ലെന്നുപറഞ്ഞ് വിധിവന്നു. ഈ വിധിക്കെതിരെ നിയമം വേണമെന്ന് യു.ഡി.എഫ്. കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിയതിനെത്തുടർന്ന് കേന്ദ്രഗവൺമെന്റ് സർവ്വകക്ഷിയോഗം വിളിച്ചുകൂട്ടുകയും 93-ാം ഭരണഘടനാഭേദഗതി കൊണ്ടുവരികയും ചെയ്തു. ഇനാംദാർ കേസിന്റെ വിധിയെത്തുടർന്ന് സാമുദായികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം ലഭിക്കും. ഈ നിയമത്തിന്റെ പേരുതന്നെ കേരള പ്രൊഫഷണൽ കോളേജ് എന്നാണ്. സെൽഫ് ഫിനാൻസിംഗ് കോളേജുകളെ നിയന്ത്രിക്കാനാണെങ്കിൽ 'സെൽഫ് ഫിനാൻസിംഗ്' എന്ന് ചേർത്താൽ മതി. പ്രൊഫഷണൽ എന്നുപറയുമ്പോൾ മുഴുവൻ കോളേജുകളും വരും. അതുകൊണ്ട് ബില്ലിന്റെ പേരിൽ മാറ്റം വരുത്തണം. ബില്ലിലെ 9-ാം വകുപ്പിലെ സി, ഡി ഉപവകുപ്പുകൾ ഒരു

കോൺസെൻസിൽക്കൂടി നടപ്പാക്കുമെന്നാണ് പറയുന്നത്. അതിന്റെ നിയമപരിരക്ഷയെക്കുറിച്ച് അതിൽ പറയുന്നില്ല. ആദ്യം അവതരിപ്പിച്ച ബില്ലിൽ 9–ാം വകുപ്പിൽ ജനറൽ മെറിറ്റേ ഉണ്ടായിരുന്നില്ല. സബ്ജക്ട് കമ്മിറ്റി ഭേദഗതിയിൽ 35% ജനറൽ മെറിറ്റ് എന്ന പരാമർശം വന്നു. എന്നാൽ ഇന്നുകൊണ്ടുവന്ന അവസാനത്തെ ഭേദഗതിയിൽ 15% പ്രിവിലേജ് സീറ്റാണ്; 20% മാത്രമേ ജനറൽ മെറിറ്റുള്ളൂവെന്നും പറയുന്നു. ഏതാണ്ട് 22,000–ത്തോളം എഞ്ചിനീയറിംഗ് സീറ്റുണ്ട്. നിലവിലുള്ള നിയമ മനുസരിച്ച് 11,000 സീറ്റ് മെറിറ്റിൽ കിട്ടേണ്ടതാണ്. 2500 റാങ്കുവരെയുള്ള വിദ്യാർത്ഥികൾക്കാണ് സർക്കാർ കോളേജിൽ പ്രവേശനം കിട്ടുന്നത്. ഈ നിയമപ്രകാരം 2501–ാം റാങ്ക് വാങ്ങിയ കുട്ടിക്ക് സർക്കാർ കോളേജിൽ പ്രവേശനം കിട്ടുകയില്ല. ആ കുട്ടി കൂടിയ ഫീസ് കൊടുത്ത് പഠിക്കേണ്ടി വരും. ഇത് വിദ്യാർത്ഥികളോട് കാണിക്കുന്ന അനീതിയാണ്. അതുപോലെ ഫീ റഗുലേറ്ററി കമ്മിറ്റി ഭാവിയിൽ വലിയ അഴിമതിക്ക് വഴിയൊരുക്കും.. സർക്കാരിന് ഒരു തീരുമാനമുണ്ടെങ്കിൽ ഇത്രയും മെറിറ്റ് സീറ്റിൽ ഫീസ് നിശ്ചയിക്കാൻ കഴിയും. അതുകൊണ്ട് ഫീ റഗുലേറ്ററി കമ്മിറ്റി വേണ്ടെന്നു വയ്ക്കണം. വിദ്യാഭ്യാസ കച്ചവടമാണ് ഇവിടെ നടക്കുന്നത്. വിദ്യാർത്ഥി കളുടെ മെറിറ്റിനെ ബഹുമാനിക്കാത്ത ഒരു നിയമമാണിത്.

<u>ശ്രീ.കെ.എം. മാണി:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2006–ലെ കേരള പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനം നിയന്ത്രിക്കലും ചൂഷണരഹിതഫീസ് നിശ്ചയിക്കലും പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റ് നടപടികളും) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരി

പ്പിക്കുന്നു. ഈ ബിൽ നിയമസഭയിലെയോ സബ്ജക്ട് കമ്മിറ്റി യിലെയോ ചർച്ചകളിലൂടെ രൂപം പ്രാപിച്ചതല്ല; ബാഹ്യമായ ചർച്ചകളിലൂടെ രൂപം പ്രാപിച്ചതാണ്. സബ്ജക്ട് കമ്മിറ്റി ചർച്ചയ്ക്കുശേഷം ബില്ലിന്റെ ബേസിക് കാരക്ടർ തന്നെ മാറിയിരിക്കുന്നു. പ്രതിപക്ഷത്തിന്റെ അഭിപ്രായം ഈ ഗവൺമെന്റ് കേൾക്കുന്നില്ല. വിദ്യാർത്ഥികളുടെ ഭാവിയെ പന്താടാത്ത തരത്തിലുള്ള ശാസ്ത്രീയമായ നിയമമാണ് ആവശ്യം. യു.ഡി.എഫ്. സർക്കാരിന്റെ 50:50 എന്ന അനുപാതം വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസിൽ പഠിക്കാനുള്ള അവസരമൊരുക്കിയിരുന്നു. കേന്ദ്ര ഗവൺമെന്റ് നിയമം കൊണ്ടുവരാൻ ഇതിനിടയിൽ ഒരുപാട് ശ്രമം നടത്തി. പാർലമെന്റിൽ നിയമം കൊണ്ടുവരുന്നതുവരെ നിലവിലുള്ള സമ്പ്രദായം നിലനിൽക്കുമെന്നാണ് സുപ്രീംകോടതി വിധിയിൽ പറയുന്നത്. പുതിയ ഒരു നിയമം കൊണ്ടുവരുമ്പോൾ അത് പരാജയപ്പെടരുത് എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. കേരളത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ ശാശ്വതമായ ഒരു നിയമനിർമ്മാണം എങ്ങനെ കൊണ്ടുവരാൻ കഴിയുമെന്നതിനെക്കുറിച്ചാണ് ആലോചിക്കേണ്ടത്. അത് unconstitutional ആകാൻ പാടില്ല. ഈ സ്വാശ്രയ ബില്ലിലുള്ളതുപോലെ ഇത്രയധികം ‘whereas’ ഉൾക്കൊണ്ട നിയമം വേറെ കണ്ടിട്ടില്ല. മൈനോറിറ്റി പ്രൊഫഷണൽ കോളേജ്/ഇൻസ്റ്റിറ്റ്യൂഷനെ സംബന്ധിച്ച് ക്ലാസ് 2(എം)–ൽ അവസാനം “..... and declared as such by the Government” എന്ന് പറയുന്നുണ്ട്. ഇത് നിലനിൽക്കില്ല. എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷന്റെ മൈനോറിറ്റി സ്റ്റാറ്റസ്സിനെ സംബന്ധിച്ചിടത്തോളം അത് നിർണ്ണയിക്കാനുള്ള അധികാരം പാർലമെന്റ് പാസ്സാക്കിയ മൈനോറിറ്റി എഡ്യൂക്കേഷൻ കമ്മീഷനിലാണ് നിക്ഷിപ്ത

മായിരിക്കുന്നത്. സെൻട്രൽ ലെജിസ്ലേഷന്റെ പ്രൊവിഷന് എതിരാകാതെ ഒരു നിയമം കൊണ്ടുവരുന്നതിന് സംസ്ഥാനത്തിന് അധികാരമുണ്ട്. സ്റ്റേറ്റ് നിർണ്ണയിക്കുന്ന കോംപിറ്റന്റ് അതോറിറ്റിയുടെ പ്രധാന ചുമതല എൻ.ഒ.സി. കൊടുക്കുക എന്നുള്ളതാണ് എന്ന് ക്ലാസ്സ് 10-ൽ പറയുന്നുണ്ട്. കോംപീറ്റന്റ് അതോറിറ്റി എൻ.ഒ.സി. കൊടുക്കാതിരുന്നാൽ 12 (ബി) അനുസരിച്ച് നാഷണൽ കമ്മീഷന് അപ്പീൽ കൊടുക്കാം. മൈനോറിറ്റി എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷന്റെ മൈനോറിറ്റി സ്റ്റാറ്റസ് നൽകുന്നതിനുള്ള ഡിസിഷൻ പവർ വെസ്റ്റ് ചെയ്തിരിക്കുന്നത്. പാർലമെന്റ് പാസ്സാക്കിയ നിയമമനുസരിച്ച് പാർലമെന്റ് സമിതിക്കാണ്. 7 (എ) എന്ന പുതിയ വകുപ്പും 677-ാം നമ്പർ ഒഫിഷ്യൽ അമെന്റ്മെന്റും കൊണ്ടുവന്നിട്ടുണ്ട്. ഇതിനുള്ള അധികാരമില്ല; ഫാക്ടേഴ്സ് കൊണ്ടുവന്നത് ലോജിക്കൽ ആണോ എന്നതിന് വ്യക്തതയില്ല. ആരോടും ചർച്ച ചെയ്യാതെയാണ് ഈ കാര്യങ്ങൾ ചെയ്തിട്ടുള്ളത്. Minority right infringe ചെയ്യാതെ പ്രൊഫഷണൽ കോളേജ് രംഗത്ത് നടക്കുന്ന അഴിമതി ഉന്മൂലനം ചെയ്യുന്നതിനും പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാർ ഫീസിൽ പഠിക്കുന്നതിനും അവസരമുണ്ടാകണം എന്നതാണ് മൈനോറിറ്റി സ്റ്റാറ്റസ്കൊണ്ട് അർത്ഥമാക്കുന്നത്. ഡെപ്പോസിറ്റും ഗവൺമെന്റ് കോളേജിനെക്കാൾ മൂന്നിരട്ടി ഫീസും കുട്ടികളിൽനിന്നും ഈടാക്കിയിരുന്നത് യു.ഡി.എഫ്. ഗവൺമെന്റാണ് കുറച്ചത്. പബ്ളിക് സെക്ടറിലെ ഫീസും ഗവൺമെന്റ് കോളേജിലെ ഫീസും തുല്യമാക്കിയത് കഴിഞ്ഞ സർക്കാരാണ്. മറ്റൊരു കാര്യം 9 (7) എന്ന ക്ളാസ് നിലനിൽക്കുകയില്ലായെന്നുള്ളതാണ്. ഈ ക്ളാസ്മൂലം ഒരു തെറ്റി.ദ്ധാരണ ഉണ്ടായിട്ടുണ്ട്. മൈനോറിറ്റി സ്റ്റാറ്റസ് ഉള്ള കോളേജുകൾ കമ്മ്യൂണിറ്റിയിൽ നിന്നുതന്നെ 50 ശതമാനം എടുത്തിരി

ക്കണമെന്ന നിയമം പാസ്സാക്കിയാൽ അത് ഭരണഘടനാ വിരുദ്ധമായിരിക്കും. ഉണ്ണിക്കൃഷ്ണൻ കേസിൽ 50:50 എന്നത് സെന്റ് സ്റ്റീഫൻസ് കേസിൽ വന്നപ്പോൾ അതിനെത്ര മാത്രം വാലിഡിറ്റി ഉണ്ടെന്നുള്ളത് പരിശോധിക്കാൻ ഒരു 11 അംഗ സുപ്രീം കോടതി ബഞ്ച് നിലവിൽ വന്നു. അവർ റെക്കമെന്റ് ചെയ്തത് 50 ശതമാനം ആ കമ്മ്യുണിറ്റിയിൽ നിന്ന് ഫിക്സ് ചെയ്യണമെന്നത് നിർബന്ധിക്കാൻ പാടില്ലായെന്നാണ്. റിജിഡ് ആയി നിയമം പാസ്സാക്കിയാൽ അത് സുപ്രീം കോടതിയുടെ ജഡ്ജ്മെന്റിന് എതിരാകും. അത്തരത്തിലുള്ള നിയമം നിലനിൽക്കുകയില്ല. മൈനോറിറ്റി സ്റ്റാറ്റസ്സുള്ള കോളേജ് സ്ഥാപിച്ച് ആ കമ്മ്യൂണിറ്റിയെമാത്രം കേന്ദ്രീകരിച്ച് വിദ്യാഭ്യാസം നടത്തിയാൽ അത് വർഗ്ഗീയമായ പ്രശ്നങ്ങൾ ഉടലെടുക്കുന്നതിനിടവരുത്തും. ഇത് ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാടും ദർശനവും ഇല്ലാത്ത കിരാതമായ ഒരു നിയമമാകരുത്. അതുപോലെ 4(2) അനുസരിച്ച് സിവിൽ കോടതിയുടെ അധികാരമുള്ള ക്വാസി ജുഡീഷ്യൽ ബോഡിയായ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിക്ക് പ്രൊസീഡ്യുവറിനുവേണ്ടിയുള്ള തീരുമാനങ്ങൾ എടുക്കാൻ അധികാരം കൊടുത്താൽ അത് അഴിമതിക്കിടയാക്കും. അതുകൊണ്ട് ആ ക്ളാസ് വേണ്ട. ഈ ബില്ലിൽ ഡീംഡ് യൂണിവേഴ്സിറ്റിയെക്കുറിച്ച് ഒന്നും പറയുന്നില്ല. അന്യ സംസ്ഥാനത്തുനിന്നും ഡീംഡ് യൂണിവേഴ്സിറ്റിയുടെ ശാഖയോ അതുപോലെ ഒരു പ്രൊഫഷണൽ കോഴ്സോ വന്നാൽ അതിനെങ്ങനെ ഈ ബിൽ ബാധകമാക്കാമെന്നത് വ്യക്തമല്ല. 5(2)-ൽ ഇറെഗുലാരിറ്റിക്ക് ശിക്ഷ വിധിക്കുന്ന കാര്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ആ ശിക്ഷ ആര് നടപ്പിലാക്കും എന്നതിനെക്കുറിച്ച് വ്യക്തതയുണ്ടാകണം. 93-ാം കോൺസ്റ്റിറ്റ്യൂഷണൽ അമെന്റമെന്റ് .കൊണ്ടുമാത്രം ഈ നിയമം രക്ഷപ്പെടുകയില്ല. അതുപോലെ ഇക്കണോമിക്കലി ബാക്ക്വേർഡ്

സെക്ഷൻസിനും വീക്കർ സെക്ഷൻസിനും പരിരക്ഷ നൽകണമെങ്കിൽ 31(സി) ഡിക്ളറേഷനോടുകൂടി ബില്ലിൽ ചേർക്കണം. അങ്ങനെ വന്നാൽ ആർട്ടിക്കിൾ 14–ഉം 19–ഉം അനുസരിച്ചുള്ള പരിരക്ഷ ഈ വിഭാഗത്തിനു ലഭിക്കും മെജോറ്റിറ്റി കമ്മ്യൂണിറ്റിയും മൈനോറിറ്റി കമ്മ്യൂണിറ്റിയും പ്രധാനമാണ്. വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന മെജോറിറ്റിയിലും മൈനോറിറ്റിയിലുമുള്ളവർ ശരിയായ സർവ്വീസ് നടത്തുന്നുണ്ടെങ്കിൽ അവർക്ക് എൻകറേജ് മെന്റ് കൊടുക്കുകയും തെറ്റ് ചെയ്യുകയാണെങ്കിൽ ശിക്ഷിക്കുകയും ചെയ്യണം. ഭരണഘടനാ തത്വങ്ങൾ മാനിക്കണം. ബിൽ വീണ്ടും സബ്ജക്ട് കമ്മിറ്റിക്ക് റഫർ ചെയ്ത് അഡ്വക്കേറ്റ് ജനറലിനെ വിളിച്ച് വരുത്തി സംശയങ്ങൾ ദൂരീകരിച്ച് ചർച്ചചെയ്ത് പാസ്സാക്കാവുന്നതാണ്. ഈ ബില്ലിൽ ഞങ്ങൾക്ക് കോൺസ്റ്റിറ്റ്യൂഷണലായ അഭിപ്രായ വ്യത്യാസമുണ്ട്. എൻ.ഒ.സി. കൊടുക്കുക മാത്രമല്ല സംസ്ഥാന ഗവൺമെന്റിന്റെ ജോലി. എൻ.ഒ.സി. കൊടുത്തത് റിജക്ട് ചെയ്യാനുള്ള പരമാധികാര അതോറിറ്റി എന്നുപറയുന്നത് കേന്ദ്ര മൈനോറിറ്റി കമ്മിഷനാണ്. അപ്പലേറ്റ് അതോറിറ്റിക്ക് ഒറിജിനൽ ജൂറിസ്ഡിക്ഷനുണ്ട്.

<u>ശ്രീ. പി.ടി.എ.റഹീം</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006–ലെ കേരള പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനം നിയന്ത്രിക്കലും ചൂഷണരഹിത ഫീസ് നിശ്ചയിക്കലും പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റ് നടപടികളും) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നഭേദഗതി അവതരിപ്പിക്കുന്നു. വളരെക്കാലമായി ചർച്ച ചെയ്തിട്ടുള്ള ഒരു നിയമനിർമ്മാണമാണിത്. പരമാവധി സമയത്തിനുള്ളിൽനിന്നുകൊണ്ട് ഉണ്ടാക്കാൻ കഴിയുന്ന ഒരു

നിയമമാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ന്യൂനപക്ഷങ്ങളുടെ കാര്യത്തെ സംബന്ധിച്ച് 93-ാം ഭരണഘടനാ ഭേദഗതി അനുസരിച്ച് വ്യക്തമായ നിയമങ്ങളുണ്ടാക്കാൻ ഈ നിയമനിർമ്മാണ സഭയ്ക്ക് അവകാശമുണ്ടെന്നതിൽ യാതൊരു തർക്കവുമില്ല. ന്യൂനപക്ഷ പദവി എങ്ങനെയാണ് ഉണ്ടാകുന്നത്, ആർക്കാണ് കൊടുക്കുന്നത് എന്നുള്ളത് വളരെ പ്രസക്തമായ കാര്യമാണ്. പല മാനേജ്മെന്റുകളും ഏതെങ്കിലും മതവിഭാഗത്തിൽപ്പെട്ട ആളുകൾ നടത്തുന്നു എന്നതുകൊണ്ടോ അവരുടെ ട്രസ്റ്റ് നടത്തുന്നു എന്നുള്ളതു കൊണ്ടോ അത് ന്യൂനപക്ഷങ്ങൾക്കുള്ള ഏജൻസിയായി കണക്കാക്കാൻ സാധിക്കില്ല. കാരണം പല മാനേജ്മെന്റുകളും അവരുടെ തന്നിഷ്ടപ്രകാരം ന്യൂനപക്ഷത്തിന്റെ യാതൊരു അവകാശങ്ങളും വകവച്ചുകൊടുക്കാതെയുള്ള നടപടികളും അഡ്മിഷനുമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ന്യൂനപക്ഷങ്ങൾക്കുള്ള അവകാശങ്ങൾതന്നെ ഭരണഘടനയുടെ വകുപ്പുകളനുസരിച്ച് അനിയന്ത്രിതമായ അവകാശമാണ് എന്ന് പറയുന്നത് ശരിയല്ല. തീർച്ചയായും സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾ അതിലുണ്ടാകേണ്ടതാണ്. ബഹുഭൂരിപക്ഷം വരുന്ന മാനേജ്മെന്റുകളും ന്യൂനപക്ഷങ്ങൾക്ക് വിരുദ്ധമായ സമീപനമാണ് വളരെക്കാലമായി അനുവർത്തിച്ചുവരുന്നത്. ആ ന്യൂനപക്ഷ സ്ഥാപനങ്ങളെ സംബന്ധിച്ച് ഈ നിയമത്തിൽ ചില വസ്തുതകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കഴിവിന്റെ പരമാവധി അവരെക്കൂടി നിയന്ത്രിക്കുന്ന, സംസ്ഥാനത്തിന്റെ അധികാരം അവർക്കുകൂടി ബാധകമാകുന്ന രൂപത്തിലുള്ള ഒരു സാമൂഹ്യനീതി നടപ്പിലാക്കാനുള്ള നിയന്ത്രണങ്ങൾ ന്യൂനപക്ഷ സ്ഥാപനങ്ങളുടെ മേൽ നൽകുന്നതിൽ യാതൊരു തെറ്റുമില്ല. ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മിഷന്റെ നിയമങ്ങൾ നടപ്പിലാക്കുന്നതുകൊണ്ട് മുഴുവനായി അവരെ കൊണ്ടുവരാൻ സാധിക്കില്ല എന്നത് വസ്തുതയാണ്. എന്നാൽ അവരെക്കൂടി ആ നിയമ

ത്തിന്റെ പരിധിയിൽ കൊണ്ടുവരാനുള്ള കഴിവിന്റെ പരമാവധി ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. കേരള നിയമസഭയുടെ ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തുവാൻ പോകുന്ന നിയമമാണിത്. 73-ാം ഭരണഘടനാ ഭേദഗതിക്ക് അനുസൃതമായി അധികാര വികേന്ദ്രീകരണം കൊണ്ടുവരുന്നതിനുവേണ്ടി ഒരു നിയമം പാസ്സാക്കിയതുപോലെയാണ് ഈ നിയമവും പാസ്സാക്കാൻ പോകുന്നത്. "ന്യൂനപക്ഷ സ്ഥാപനം" എന്നത് നിർവ്വചിക്കാനുള്ള അധികാരം കേരള ഗവൺമെന്റിന് തന്നെയാണ്; അതിന്റെ അപ്പലേറ്റ് അതോറിറ്റിയാണ് കമ്മിഷൻ. ന്യൂനപക്ഷങ്ങളുടെ പേരിൽ സ്കൂളുകളും കോളേജുകളും അനുവദിക്കുന്നതിനേക്കാൾ നല്ലത് സർക്കാർ ഉടമയിൽ കൊടുക്കുന്നതാണ്. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സ്വായത്തമാക്കിയശേഷം അതേ സമുദായത്തിന് എതിരായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ ശ്രമം സ്വാഗതാർഹമാണ്. ഭരണഘടനാ വ്യവസ്ഥകൾക്കനുസരിച്ചും ഇതു സംബന്ധിച്ചുണ്ടായ കേസുകളുടെ വിധികൾക്കനുസരിച്ചും കുറ്റമറ്റ രീതിയിൽ നിയമം ഉണ്ടാക്കാൻ സാധിക്കണം; അപ്പോഴുണ്ടാകുന്ന ഒബ്ജക്ഷൻസിന് ബദൽ നിർദ്ദേശങ്ങൾ വയ്ക്കണം.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി) : ഈ ബില്ലിനെ സംബന്ധിച്ച വിവിധ വശങ്ങൾ അനാവരണം ചെയ്യാനും വ്യക്തമാക്കാനും പ്രസക്തങ്ങളായ ചോദ്യങ്ങളുന്നയിക്കാനും അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും ശ്രമിച്ച അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു. സബ്ജക്ട് കമ്മിറ്റിയുടെ പ്രവർത്തനവും ഫലപ്രദമായിരുന്നു. സബ്ജക്ട് കമ്മിറ്റി പരിഗണിച്ചശേഷം ഇവിടെ അവതരിപ്പിച്ച

ബിൽ മെച്ചപ്പെട്ട സ്വഭാവത്തോടുകൂടിയുള്ളതാണ്. ന്യായമായ ആശങ്കകളും പരാതികളും പരിഗണിക്കുന്നതാണ്. മെറിറ്റിന് സർവ്വപ്രാധാന്യം കൊടുക്കണമെന്ന സങ്കൽപ്പത്തിൽ ചില പോരായ്മകളും കുറവുകളുമുണ്ട്. മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ ഉയർന്ന റാങ്ക് ലഭിക്കുന്നവരിൽ ദരിദ്രൻമാരായ മിടുക്കൻമാരും സമ്പന്നൻമാരുമുണ്ടാകും. റിസർവേഷനിൽ വരുന്നവർ പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്നവരുൾപ്പെടെയുണ്ട്. മെറിറ്റിനും സാമ്പത്തിക സ്ഥിതിക്കും പരിഗണന കൊടുത്തുകൊണ്ടും സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ടും മെറിറ്റ്-കം-മീൻസ് ബേസിസ്സിലാണ് 70 ശതമാനം വരെ പ്രവേശനം നടത്തുന്നത്. 50 ശതമാനം സീറ്റുകൾ മാനേജുമെന്റിന് വിട്ടുകൊടുക്കണമെന്ന് പറഞ്ഞു. അഡ്വക്കേറ്റ് ജനറലുമായി ആശയവിനിമയം നടത്തിയാണ് ഈ ബിൽ തയ്യാറാക്കിയിട്ടുള്ളത്. ഇന്നത്തെ നിലയിൽ പ്രിവിലേജ് സീറ്റും സ്പെസിഫൈഡ് സീറ്റും എസ്.സി/ എസ്.ടി.ക്കുള്ള സീറ്റും നീക്കിവച്ചിട്ടുണ്ട്. പ്രതിപക്ഷ മെംബർമാർ ചൂണ്ടിക്കാണിച്ചതുപോലെ സ്പോർട്ട്സിന് പ്രാധാന്യം കൊടുക്കണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ ഇന്നത്തെ അവസ്ഥയിൽ ഇത് അക്കോമഡേറ്റ് ചെയ്യാൻ വളരെയധികം ബുദ്ധിമുട്ടുണ്ട്. മുൻപും ഒമ്പതാം വകുപ്പിൽ ജനറൽ മെറിറ്റ് സീറ്റുണ്ടായിരുന്നു. അത് എക്സ്പ്ളിസിറ്റായി പറഞ്ഞിട്ടില്ലെന്ന അഭിപ്രായം സബ്ജക്ട് കമ്മിറ്റിയിൽ വന്നതിന്റെ അടിസ്ഥാനത്തിൽ അപ്പോൾത്തന്നെ അതിന് പ്രത്യേക പ്രൊവിഷൻ ഉൾക്കൊള്ളിക്കുകയായിരുന്നു. ഫീ റഗുലേറ്ററി കമ്മിറ്റി ഇന്നത്തെ സാഹചര്യത്തിൽ ആവശ്യമാണ്. ശ്രീ. കെ.എം. മാണി കൊണ്ടുവന്ന 31 (സി) ഭേദഗതി അംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. 31 (സി) വന്നാൽ ഈ ബിൽ പ്രസിഡന്റിനുപോകേണ്ടിവരും. നമുക്ക് അത്രയും

ദിവസം പറ്റില്ല. ഡീംഡ് യൂണിവേഴ്സിറ്റിയേയും മറ്റ് സർവ്വകലാശാലകളേയും ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയില്ല. ഉത്തമ താല്പര്യ ത്തോടുകൂടി, തുറന്ന മനസ്സോടുകൂടി ഈ ബിൽ അവതരിപ്പിച്ച് പാസ്സാക്കുന്ന തിനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. വി.സി.മാരെ പങ്കെടുപ്പിച്ചുകൊണ്ട് യോഗം നടത്തി സ്വാശ്രയ കോളേജുകളുടെ കാര്യത്തിൽ സാമൂഹിക നിയന്ത്രണം കൊണ്ടുവരാൻ സഹായകരമായ നിയമനിർമ്മാണം ഈ ഗവൺമെന്റ് ഏറ്റെടുക്കാൻ പോകുകയാണ്. ഈ നിയമത്തിന് ഭരണഘടന യുടെ 93–ാം ഭേദഗതിയു മായോ പാർലമെന്റ് ആക്ടുകളുമായോ യാതൊരു വൈരുദ്ധ്യവുമില്ല. ഈ നിയമം ഇവിടെ പാസ്സാക്കുകയും ഗവർണ്ണറുടെ അനുമതിയോടുകൂടി നടപ്പി ലാക്കുകയും ചെയ്യാം.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെടുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006–ലെ കേരള പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനം നിയന്ത്രിക്കലും ചൂഷണരഹിത ഫീസ് നിശ്ചയിക്കലും പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്ന തിനുള്ള മറ്റ് നടപടികളും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ.എം.എ. ബേബി</u>) :താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

( 673) In Clause 2, -

(i) in sub clause (d), for the words, “purpose of admission”, the words, “purpose of merit based admission” shall be substituted;

(ii) in sub clause (1), for the word, “notified”, the words “determined” shall be substituted;

(iii) in sub clause (m), for the words “prescribed by Government taking the State as a unit and declared as such by the Government” the words “as laid down in this Act and determined as such by the Government” shall be substituted;

(iv) in sub clause (n), for the words “interse merit”, the words “interse merit in the manner as may be prescribed”, shall be substituted;

